# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ആഗസ്റ്റ് 2015 വാല്യം 42 ലക്കം 5 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


## വ്യാപവും മറ്റ് കുംഭകോണങ്ങളും

# അഴിമതിരഹിതഭരണമെന്ന ബിജെപിയുടെ അവകാശവാദം തകർന്നടിയുന്നു

ബിജെപി ഭരിക്കുന്ന മദ്ധ്യപ്രദേശിൽ നടന്ന വ്യാപം കുംഭകോണം സംബന്ധിച്ച് പുറത്തുവന്ന വിവരങ്ങൾ ഞെട്ടിക്കുന്നതാണ്. ഭരിക്കുന്ന പാർട്ടികൾ, മന്ത്രിമാർ, ഉദ്യോഗസ്ഥപ്രമാണിമാർ, മാഫിയകൾ എല്ലാം ചേർന്നുള്ള ശക്തമായ ഗൂഢസംഘം നടത്തിയ വ്യാപകമായ അഴിമതിയും അത് മൂടിവയ്ക്കാൻ നടത്തിയ കൊടുംഭീകരതകളും അത് വെളിച്ചത്തുകൊണ്ടുവന്നു. ജനങ്ങളുടെ സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ ജീവിതം താറുമാറാക്കുന്ന, തികച്ചും പിന്തിരിപ്പനായ മുതലാളിത്ത വ്യവസ്ഥയുടെ അധോലോക മുഖമാണ് ഇത് വെളിപ്പെടുത്തിയിരിക്കുന്നത്. വാടകക്കൊലയാളികളായ കിങ്കരന്മാരോടൊപ്പം നിൽക്കുന്ന ഒരു കൊടുംകുറ്റവാളിയുടെ രൂപഭാവങ്ങളാണ് അതിനുള്ളത്. ബിജെപിയുടെ തനിനിറവും ഇതോടെ വ്യക്തമായി. ബൂർഷ്വാ മാദ്ധ്യമങ്ങളുടെയും ഭരണമുതലാളി വർഗ്ഗത്തിന്റെയും സഹായത്തോടെ പൊള്ളയായ ഒരു അഴിമതിവിരുദ്ധ പ്രതിച്ഛായ ബിജെപി കെട്ടിപ്പൊക്കിയിരുന്നു. ആർഎസ്എസ് പരിപോഷിപ്പിച്ചെടുത്ത ബിജെപി ഭരണം ഒരു വർഷം പൂർത്തിയാകുന്നതിനുമുമ്പുതന്നെ അവരുടെ തനിനിറം പുറത്തുവന്നു.

**വ**ലിയ കോലാഹലമുണ്ടാക്കിയ *അച്ഛേ ദിൻ* അഥവാ നല്ല ദിനങ്ങൾ, *സ്വച്ഛ്ഭാരത്* അഥവാ ശുചിത്വ ഭാരതം തുടങ്ങിയ മുദ്രാവാക്യങ്ങളൊക്കെ വെറും മർമ്മരങ്ങളായി ചുരുങ്ങിയിട്ടുണ്ട്. താമസിയാതെതന്നെ അതൊക്കെ അന്തരീക്ഷത്തിൽ വിലയം പ്രാപിക്കും. തൽസ്ഥാനത്ത് നിർലജ്ജരായ ആർഎസ്എസ്-ബിജെപി നേതാക്കളുടെ മനംപിരട്ടലുണ്ടാക്കുന്ന അഴിമതിയും കുറ്റകൃത്യങ്ങളും പ്രധാനമന്ത്രിയുടെ കുറ്റകരമായ മൗനവുമാണ് ഇന്ന് കാണുന്നത്. ഏതാനും മാസങ്ങൾ മാത്രമേ വേണ്ടിവന്നുള്ളു ചിത്രമാകെ മാറാൻ. അഴിമതിയുടെയും കുറ്റകൃത്യങ്ങളുടെയുമൊക്കെ ഭീതിദമായ മാനം, സുബോധമുള്ള ഏതൊരാളെയും അസ്തപ്രജ്ഞനാക്കുന്നതാണ്. അധികാരത്തിലേറ്റിയാൽ, കോൺഗ്ര

*(ശേഷം 8-ാം പേജിൽ)*



ഇടതുപക്ഷ പാർട്ടികളുടെ ദേശീയ വേദി ആഹ്വാനം ചെയ്ത ജൂലൈ 20 ന്റെ അഖിലേന്ത്യാ പ്രതിഷേധദിനത്തോടനുബന്ധിച്ച് ഗുജറാത്തിലെ വഡോദരയിൽ നടന്ന പ്രതിഷേധ സംഗമം.

## സെപ്തംബർ 2 ന്റെ ദേശീയ പൊതുപണിമുടക്ക് വിജയിപ്പിക്കുക

**കേ**ന്ദ്ര ട്രേഡ്‌യൂണിയനുകളുടെ സംയുക്തവേദി ആഹ്വാനം ചെയ്തിരിക്കുന്ന സെപ്തംബർ 2 ന്റെ അഖിലേന്ത്യാ പൊതുപണിമുടക്ക് സമ്പൂർണ്ണ വിജയമാക്കണമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേരള സംസ്ഥാന കമ്മിറ്റി, അദ്ധ്വാനിച്ചു ജീവിക്കുന്ന മുഴുവൻ ജനങ്ങളോടും അഭ്യർത്ഥിക്കുന്നു.

കുത്തകകളുടെ മാത്രം താൽപ്പര്യം പരിഗണിച്ച് കഴിഞ്ഞ രണ്ടുപതിറ്റാണ്ടിലേറെയായി അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുന്ന ആഗോളീകരണ നയങ്ങൾ രാജ്യത്തെ ദയനീയമായ ഒരു പതനത്തിലാണ് എത്തിച്ചിരിക്കുന്നത്. മോദി ഭരണം ഇത് കൂടുതൽ ആക്രമണോത്സുകവും വഞ്ചനാപരവുമായി നടപ്പിലാക്കുകയാണ്. തൊഴിലാളി വർഗ്ഗം പൊരുതി നേടിയ അവകാശങ്ങളെല്ലാം തിരിച്ചുപിടിക്കുന്ന തൊഴിൽനിയമഭേദഗതി, റെയിൽവേ, പ്രതിരോധം തുടങ്ങി തന്ത്രപ്രധാന മേഖലകളിൽവരെ നേരിട്ടുള്ള വിദേശനിക്ഷേപം അനുവദിക്കുന്ന അപകടകരമായ നയങ്ങൾ, അദാനി-അംബാനിമാർക്ക് നാടിന്റെ സമ്പത്ത് തീറെഴുതിക്കൊടുക്കുന്ന നടപടികൾ തുടങ്ങിയവയൊക്കെ അടിയന്തര പ്രാധാന്യത്തോടെ ചെറുത്തുപരാജയപ്പെടുത്തേണ്ടതാണ്. കോൺഗ്രസ്സിന്റെ പാത പിന്തുടരുന്ന ബിജെപിയാകട്ടെ, വർഗ്ഗീയമായ ചേരിതിരിവുകൾ സൃഷ്ടിച്ച് ജനങ്ങളുടെ യോജിച്ച ചെറുത്തുനിൽപ്പ് ദുർബലപ്പെടുത്തുന്നതിലൂടെ മുതലാളിവർഗ്ഗത്തിന്റെ ചൂഷണവാഴ്ച സുഗമമാക്കുകയും നാടിനെ ഒരു ഫാസിസ്റ്റ് വിപത്തിലേക്ക് നയിക്കുകയുമാണ്.

അദ്ധ്വാനിച്ചുജീവിക്കുന്ന മുഴുവൻ ജനവിഭാഗങ്ങളും ഒറ്റക്കെട്ടായി അണിനിരന്നാൽമാത്രമേ, ഈ കൊടിയ ആക്രമണങ്ങളെ പരാജയപ്പെടുത്താനാകൂ. കേന്ദ്ര-ട്രേഡ്‌യൂണിയനുകളുടെ സംയുക്തവേദി ആഹ്വാനം ചെയ്തിരിക്കുന്ന ദേശീയ പണിമുടക്കിന്റെ രാഷ്ട്രീയ പ്രാധാന്യം തിരിച്ചറിഞ്ഞ്, അതിന്റെ സന്ദേശം നാടെമ്പാടും പ്രചരിപ്പിക്കാനും പണിമുടക്ക് സംസ്ഥാനത്ത് പൂർണ്ണ വിജയമാക്കാനും കക്ഷിഭേദമെന്യെ ഏവരും മുന്നോട്ടുവരണമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേരള സംസ്ഥാന കമ്മിറ്റി അഭ്യർത്ഥിക്കുന്നു. ●

# തൊഴിൽ നിയമഭേദഗതിക്കെതിരെ എഐയുടിയുസി-യുടെ രാജ്ഭവൻ മാർച്ച്

**കേ**ന്ദ്ര സർക്കാരിന്റെ തൊഴിൽ നിയമഭേദഗതിക്കെതിരെ എഐയുടിയുസിയുടെ നേതൃത്വത്തിൽ തൊഴിലാളികളുടെ രാജ്ഭവൻ മാർച്ച് നടന്നു. മ്യൂസിയത്തിനു സമീപത്തു നിന്നും ആരംഭിച്ച മാർച്ച് രാജ്ഭവനു മുമ്പിൽ പോലീസ് തടഞ്ഞു. എഐയുടിയുസി അഖിലേന്ത്യാ വൈസ് പ്രസിഡന്റും സംസ്ഥാന പ്രസിഡന്റുമായ സി.കെ. ലൂക്കോസ് മാർച്ച് ഉദ്ഘാടനം ചെയ്തു. അധികാരത്തിന്റെ ഒരു വർഷം കൊണ്ട് മോദി സർക്കാർ ഇന്ത്യയിലെ തൊഴിലാളികളെ നിയമപരമായിത്തന്നെ അടിമപ്പണിയിലേയ്ക്ക് തള്ളിവിട്ടിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഐഎൽഒ, ഐഎൽസി എന്നിവയുടെയെല്ലാം മാർഗ്ഗനിർദ്ദേശങ്ങളും തീരുമാനങ്ങളും അവഗണിച്ചുകൊണ്ടാണ് കേന്ദ്ര സർക്കാർ തൊഴിൽ രംഗത്ത് അഴിച്ചുപണി നടത്തിയിരിക്കുന്നത്. കോർപ്പറേറ്റുകളുടെ താൽപ്പര്യങ്ങൾ മാത്രം പരിഗണിച്ചുകൊണ്ട് നടത്തിയ ഈ പൊളിച്ചടുക്കൽ രാജ്യത്തെ തൊഴിൽ-വ്യാവസായിക രംഗങ്ങളിൽ വൻ തിരിച്ചടിയാണുണ്ടാക്കുക. പരിഷ്ക്കരണമെന്ന പേരിൽ കൊണ്ടുവന്ന ഭേദഗതികളെല്ലാം തൊഴിലെടുപ്പിക്കുന്ന മുതലാളിമാരെ എല്ലാ നിയമങ്ങളുടെയും പരിധിയിൽ നിന്ന് ഒഴിവാക്കുന്നതും, തൊഴിലാളികളെ പ്രാകൃതമായ 'ഹയർ ആന്റ് ഫയർ' സമ്പ്രദായത്തിന് പൂർണ്ണമായി വിധേയമാക്കുന്നതുമാണ്. ആഗോളവൽക്കരണനയം നടപ്പാക്കുന്നതിൽ മുൻ ഗവൺമെന്റുകളെയെല്ലാം അതിവേഗത്തിൽ കടത്തിവെട്ടിക്കൊണ്ട് കുത്തകമുതലാളിമാരുടെ വിശ്വസ്ത സേവകനായി മോദി സ്വയം അവരോധിക്കുന്നതിന്റെ ഭാഗമാണിതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

എഐയുടിയുസി സംസ്ഥാന വൈസ് പ്രസിഡന്റ് ഡി. സുന്ദരേശൻ സ്വാഗതം പറഞ്ഞു. സംസ്ഥാന സെക്രട്ടറി വി.കെ. സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റിയംഗങ്ങളായ എസ്.സീതിലാൽ, എൻ.ആർ.മോഹൻകുമാർ,കെ.അബ്ദുൾ അസീസ്, പി.എം.ദിനേശൻ, എസ്.രാധാകൃഷ്ണൻ,വി.പി.കൊച്ചുമോൻ, അഡ്വ.എം.എ. ബിന്ദു, കെ.ഹരി എന്നിവർ പ്രസംഗിച്ചു. ബി. വിനോദ്, പി.ആർ.സതീശൻ, കെ.പി.വിജയൻ, കെ.ജി.അനിൽകുമാർ, എം.എൻ.അനിൽ, സി.കെ.ശിവദാസൻ, കെ.പ്രദീപ്, അനൂപ് ജോൺ, കെ.പി.സുബൈദ എന്നിവർ മാർച്ചിന് നേതൃത്വം നൽകി. മാർച്ചിനെതുടർന്ന് സഖാക്കൾ വി.കെ.സദാനന്ദൻ, എസ്.സീതിലാൽ, എസ്.രാധാകൃഷ്ണൻ എന്നിവരടങ്ങിയ പ്രതിനിധിസംഘം ഗവർണർക്ക് ഡിമാന്റുകളടങ്ങുന്ന നിവേദനം സമർപ്പിച്ചു. ●



രാജ്ഭവൻമാർച്ച് എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗവും എഐയുടിയുസി സംസ്ഥാന പ്രസിഡന്റുമായ സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്യുന്നു.

# ഇന്റർനെറ്റ് ന്യൂട്രാലിറ്റി

അടുത്ത കാലത്തായി ഇന്റർനെറ്റ് ന്യൂട്രാലിറ്റി വാർത്താ മാദ്ധ്യമങ്ങളിൽ ചർച്ചാ വിഷയമായിരിക്കുന്നു. വിജ്ഞാന ശേഖരണത്തിലും വിതരണത്തിലും വലിയ മാറ്റങ്ങൾ കൊണ്ടുവന്നുകൊണ്ട് വൈജ്ഞാനിക മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ട ഈ ശാസ്ത്ര നേട്ടത്തിന്റെ ഫലങ്ങൾ വലിയൊരു വിഭാഗത്തിന് നിഷേധിക്കുവാൻ നെറ്റ് ന്യൂട്രാലിറ്റിയുടെ ലംഘനം കാരണമാകും. ഏതൊരു മനുഷ്യനും വിവര വിനിമയത്തിനുള്ള മാദ്ധ്യമമെന്ന നിലയിലാണ് ഇന്റർനെറ്റിന്റെ ഉപജ്ഞാതാക്കൾ ഈ കണ്ടുപിടുത്തത്തെമുന്നോട്ടുവച്ചത്. ഇക്കാലമത്രയും അതങ്ങനെ തന്നെയാണ് മുന്നോട്ടുപോയിരുന്നതും. അതുകൊണ്ടാണ് ഏതൊരാൾക്കും ഒരു വെബ്സൈറ്റ് നിർമ്മിച്ചുകൊണ്ട് തനിക്കു പറയുവാനുള്ളത് ലോകത്തോട് പറയുവാനും മറ്റുള്ളവർക്കത് സ്വീകരിക്കുവാനും കഴിയുന്നത്. ഇന്റർനെറ്റ് കാലഘട്ടത്തിനുമുൻപ് ഇത് അസാദ്ധ്യമായിരുന്നു. പ്രസാധകരെയും വിൽപ്പന ശൃംഖലകളെയും ആശ്രയിക്കുക മാത്രമായിരുന്നു വഴി.

### ഇന്റർനെറ്റ്–ശാസ്ത്രത്തിന്റെ വരദാനം

ഇന്റർനെറ്റ് സാങ്കേതിക വിദ്യയിൽനിന്നും മനുഷ്യരാശി വളരെയധികം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ഇന്റർനെറ്റ് സാങ്കേതിക വിദ്യവഴി നിലവിൽ വന്ന ഇമെയിലുകൾ ഉപയോഗിച്ച് ഇന്ന് ആർക്കും സന്ദേശങ്ങൾ അയയ്ക്കുവാൻ സാധിക്കും. ഗൂഗിൾ പോലെയുള്ള സെർച്ച് എഞ്ചിനുകൾ ഉപയോഗിച്ച് ഏതൊരു വിവരവും ലഭ്യമാക്കുവാനും പാട്ടുകളും വീഡിയോകളും ഡൗൺലോഡ് ചെയ്യുവാനും പുസ്തകങ്ങൾ ചെറിയ വിലയ്ക്കോ സൗജന്യമായോ വായിക്കുവാനും സാധിക്കുന്നു. സൗജന്യമായ വിവര വിനിമയത്തിന്റെ കാര്യം മനസ്സിലാക്കുവാൻ നമുക്ക് വിക്കിപീഡിയയുടെ ഉദാഹരണം തന്നെയെടുക്കാം. മനുഷ്യന്റെ കൂട്ടായ ബൗദ്ധിക ശേഷിയെ അടിസ്ഥാനമായി എടുത്തുകൊണ്ട് ആർക്കും തങ്ങൾക്കറിയാവുന്ന വിവരങ്ങൾ നിക്ഷേപിക്കാവുന്ന (Upload) ഒരു പൊതു പ്ലാറ്റ് ഫോം നിർമ്മിക്കുകയാണ് വിക്കി പീഡിയായുടെ സൃഷ്ടാക്കൾ ചെയ്തത്. അതിന്റെ പരിണിത ഫലമായി എല്ലാവർക്കും സൗജന്യമായി ലഭിക്കുന്ന ഈ പൊതു വിജ്ഞാന ഭണ്ഡാരത്തിലേയ്ക്ക് ലോകമെമ്പാടുമുള്ള ജനങ്ങൾ സംഭാവന ചെയ്തുകൊണ്ടുമിരിക്കുന്നു. തൽഫലമായി ഒരു ഏജൻസിക്ക് മാത്രമായി സൃഷ്ടിക്കുവാൻ അസാദ്ധ്യമായ ഭീമാകാരമായ ഒരു വിജ്ഞാന കലവറയായി വിക്കിപീഡിയ മാറിയിരിക്കുന്നു. ശാസ്ത്രവും ഇന്റർനെറ്റ് വഴി ധാരാളം പ്രയോജനങ്ങൾ കൈവരിച്ചിരിക്കുന്നു. മുൻപ് ഗവേഷണാവശ്യങ്ങൾക്കായി ലൈബ്രറികളിൽ ദീർഘമായ സമയം ചെലവഴിക്കണമായിരുന്നു. അതുപോലെതന്നെ ഒരു ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിക്കുന്നതിനും ലോകമെമ്പാടുമുള്ള സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനും ആഴ്ചകളും മാസങ്ങളും ആവശ്യമായിരുന്നു. ഇന്റർനെറ്റ് വഴി വിജ്ഞാനം നമ്മുടെ വിരൽതുമ്പിൽ ലഭ്യമായിരിക്കുന്ന ഇന്ന് ശാസ്ത്ര വിവരങ്ങളുടെ വിനിമയ പ്രക്രിയ വളരെ വേഗത്തിലായിരിക്കുന്നു.

ജനവിരുദ്ധ നയങ്ങൾക്കെതിരെയുള്ള ബഹുജനമുന്നേറ്റത്തിലെ ഉത്തോലക ശക്തിയായി ഇന്റർനെറ്റിനെ ഇന്ന് ലോകജനത ഉപയോഗിക്കുന്നുണ്ട്. എന്തൊക്കെ പരിമിതികളുണ്ടായിരുന്നുവെങ്കിലും വാൾസ്ട്രീറ്റ് പിടിച്ചടക്കൽ, അറബ് വസന്ത പ്രക്ഷോഭണം, ഇന്ത്യയിലെ അഴിമതിവിരുദ്ധ പ്രക്ഷോഭണം തുടങ്ങിയ ബഹുജന മുന്നേറ്റങ്ങളിലെല്ലാംതന്നെ സാമൂഹ്യമാദ്ധ്യമങ്ങളെ അടിസ്ഥാനമാക്കിയ പ്രചാരണം നിർണ്ണായകമായ പങ്കാണ് വഹിച്ചത്.

### ഇന്റർനെറ്റ് ഇതുവരെയും ഓപ്പൺ പ്ലാറ്റ്ഫോം ആയിരുന്നു

സാങ്കേതിക വിദ്യയുടെ വികാസത്തിനൊപ്പം സേവനദാതാക്കൾ പാലിച്ചുപോന്ന ഒരു നയത്തിന്റെ കൂടി ഫലമായാണ് മേൽപ്പറഞ്ഞ നേട്ടങ്ങൾ സാദ്ധ്യമായിത്തീർന്നത്. ഇന്റർനെറ്റ് വഴിയുള്ള എല്ലാ ട്രാഫിക്കിനെയും ഉള്ളടക്കത്തെയും വിവേചനമില്ലാതെ തുല്യമായി പരിഗണിക്കുക എന്നതായിരുന്നു നയം. ആർക്കും എവിടെയും വെബ്സൈറ്റ് നിർമ്മിക്കാനും ആതിഥേയത്വം വഹിക്കാനും കഴിയത്തക്ക രീതിയിൽ ഓപ്പൺ പ്ലാറ്റ്ഫോം ആയാണ് ഇന്റർനെറ്റ് രൂപം കൊടുത്തിരിക്കുന്നത് എന്നതുകൊണ്ട് ഇന്റർനെറ്റ് സേവന ദാതാക്കൾക്ക് ഈ സമീപനം സ്വീകരിക്കേണ്ടിവന്നു. ടെക്സ്റ്റ് എന്നോ ഇമേജ് എന്നോ, ശബ്ദമെന്നോ, വീഡിയോ എന്നോ ഭേദമില്ലാതെ ഒരു ഡേറ്റയും മറ്റൊന്നും തമ്മിൽ വിവേചനമില്ലാതെ ദാതാക്കൾ തമ്മിൽ തമ്മിൽ വ്യത്യാസമില്ലാതെ, അതുകൊണ്ട് വിവേചനപരമായ ചാർജ്ജുകൾ ഒന്നുമില്ലാതെ, സ്വതന്ത്രമായി ഇന്റർനെറ്റ് ഉപയോഗിക്കാം എന്നതാണ് ഇതിന്റെ അർത്ഥം.

### എന്താണ് നെറ്റ് ന്യൂട്രാലിറ്റി

നെറ്റ് ന്യൂട്രാലിറ്റിയുടെ അർത്ഥം മേൽപ്പറഞ്ഞ സമീപനമാണ്. സ്വാതന്ത്ര്യവും തുറന്ന സമീപനവും പരിരക്ഷിക്കുന്നതിനുവേണ്ടി ലബ്ധ പ്രതിഷ്ഠമായ കോമൺ കാരിയേജ് റൂൾ(common carriage rule) ഇന്റർനെറ്റിൽ ഉപയോഗിക്കുന്നു എന്നതാണ് ഇന്റർനെറ്റ് ന്യൂട്രാലിറ്റിയുടെ പ്രാധാന്യം. സാങ്കേതികമായി SPAM എന്നും PHISHING എന്നും അറിയപ്പെടുന്ന സന്ദേശം ഡേറ്റയെ തടഞ്ഞുകൊണ്ട് തിരക്കൊഴിവാക്കാൻ ആവശ്യമായി ചെയ്യുന്ന നെറ്റ് വർക്ക് മാനേജ്മെന്റ് ഉദ്ദേശങ്ങളാലല്ലാതെ ഡാറ്റാ കൈമാറ്റത്തിൽ വേഗത കുറയ്ക്കാനോ ഡേറ്റയിൽ കൈ കടത്താനോ സേവന ദാതാവിനെ അനുവദിക്കാത്തതാണ് കോമൺ കാരിയേജ്. കോമൺ കാരിയേജ് ഒരു പുതിയ സങ്കൽപ്പമല്ലെന്നു മാത്രമല്ല, കനാലുകൾ, റെയിൽവെ, പൊതുനിരത്തുകൾ, ടെലിഗ്രാഫ്, ടെലിഫോൺ നെറ്റ് വർക്കുകൾ തുടങ്ങി പൊതുവിജ്ഞാനത്തിലും സാമ്പത്തിക മേഖലയിലും ഇത് വളരെനാളായി പ്രയോഗത്തിൽ ഉള്ളതാണ്. വാഹക ലൈസൻസ് എടുത്തിട്ടുള്ള എല്ലാവരെയും തുല്യമായി പരിഗണിക്കേണ്ടതുമുണ്ട്. ബ്രോഡ്ബാന്റ് ഇന്റർനെറ്റ് ഉൾപ്പെടെ എല്ലാ വാർത്താ വിനിമയ സംവിധാനങ്ങളിലും കോമൺ കാരിയേജ് റൂൾ പാലിക്കപ്പെടുമെന്നാണ് സ്വാഭാവികമായും പ്രതീക്ഷിക്കപ്പെടുന്നത്. എന്നാൽ ഇന്ന് സ്വതന്ത്രവും വിവേചന രഹിതവുമായ ഇന്റർനെറ്റ് ആക്രമണ വിധേയമായിരിക്കുന്നു. ഇന്റർനെറ്റിനെ വേഗത ഏറിയതും വേഗത കുറഞ്ഞതുമായ വഴികളായി വിഭജിക്കാനുള്ള ഒരു നിർദ്ദേശം വന്നിരിക്കുന്നു. ഈ നിർദ്ദേശം നടപ്പിലാക്കുകയാണെങ്കിൽ ധനിക കമ്പനികൾക്ക് കൂടുതൽ ഡൗൺലോഡ് വേഗതയും പണം കൊടുക്കാത്തവർക്ക് കുറഞ്ഞ വേഗതയുമാണ് സേവന ദാതാക്കൾ തരിക.

### എന്തുകൊണ്ട് നെറ്റ് ന്യൂട്രാലിറ്റിയുടെ മേൽ ഈ ആക്രമണം

ശാസ്ത്ര സാങ്കേതിക മേഖല ഉൾപ്പെടെ ജീവിതത്തിന്റെ എല്ലാ തുറകളും നിയന്ത്രിക്കുന്നത്, സാമ്പത്തിക രംഗം നിയന്ത്രിക്കുന്നവരാണെന്ന് ഏതൊരു സാമൂഹിക ശാസ്ത്ര വിദ്യാർത്ഥിക്കും അറിയാം. നമ്മുടേത് ഒരു മുതലാളിത്ത സമൂഹമാണ്. ജനസാമാന്യത്തിന് എത്ര കഷ്ടപ്പാടുണ്ടായാലും തങ്ങളുടെ ലാഭം പരമാവധി വർദ്ധിപ്പിക്കുക എന്നതാണ് മുതലാളിമാരുടെ ലക്ഷ്യം. പ്രത്യേകിച്ചും ചരടുകളൊന്നുമില്ലാതെ ആധുനിക ശാസ്ത്രത്തിന്റെ ഒരുനേട്ടമായി ഇത്രയും കാലം ഇന്റർനെറ്റ് ലഭ്യമായിരുന്നു. എന്നാൽ കുത്തക കമ്പനികൾക്കും ധനികർക്കും മാത്രം താങ്ങാവുന്ന ഫീസ് അടിച്ചേൽപ്പിച്ച് ഇന്റർനെറ്റിന്റെ ഉപയോഗം നിയന്ത്രിക്കാനാണ് മുതലാളിവർഗ്ഗം ശ്രമിക്കുന്നത്. ഇന്റർനെറ്റിന്റെ സമത്വവാദ സങ്കൽപ്പം മുതലാളിത്ത താൽപ്പര്യങ്ങൾക്ക് അനുകൂലമല്ലെങ്കിലും മുതലാളിത്തം മൂന്ന് പ്രധാന കാരണങ്ങളാൽ നേട്ടമുണ്ടാക്കിയിട്ടുണ്ട്.

**1. വിവരോൽപ്പാദനവും സംസ്ക്കരണവും പ്രചാരണവും ശേഖരണവും**

വേഗതയേറിയതും ചെലവ് കുറഞ്ഞതും മെച്ചപ്പെട്ടതുമാവുക വഴി അദ്ധ്വാനത്തിനും ഭരണകാര്യത്തിനും ഉള്ള ചെലവുകൾ വളരെയധികം കുറഞ്ഞു. ഇതിന്റെ മറ്റൊരർത്ഥം തൊഴിലവസരങ്ങളിലും ശ്രദ്ധേയമായ കുറവ് വന്നിട്ടുണ്ട് എന്നതാണ്.

**2. പരമ്പരാഗത വ്യാപാര സ്ഥാപനത്തിൽ നിന്നുള്ള(Brick and Mortar) വ്യാപാരത്തെ അപേക്ഷിച്ച് ചിലവ് കുറഞ്ഞ ഓൺലൈൻ വ്യാപാരം കൂടുതൽ ലാഭത്തിന് കളമൊരുക്കി.**

**3.** ഇന്റർനെറ്റും അതിന്റെ ഉപഭോക്താക്കളും വളർന്നപ്പോൾ ഈ മേഖലയിലെ പ്രമുഖ കമ്പനികളായ യാഹൂ, ഗൂഗിൾ, ഫെയ്സ്ബുക്ക് തുടങ്ങി സൗജന്യ സേവനം നൽകിയവർ പരസ്യവരുമാനത്തിലൂടെ ശതകോടിക്കണക്കിന് ഡോളർ വരുമാനമുണ്ടാക്കുകയും എയർടെൽ, റിലയൻസ് തുടങ്ങിയ കമ്പനികൾ ഡേറ്റാ സേവനത്തിലൂടെ അവിശ്വസനീയമായ ലാഭം കുന്നുകൂട്ടുകയും ചെയ്തു. ചുരുങ്ങിക്കൊണ്ടിരിക്കുന്ന കമ്പോളം നിമിത്തം മുതലാളിത്ത ലോകം അപരിഹാര്യമായ ഒരു കമ്പോള പ്രതിസന്ധിയിൽപെട്ടിരിക്കുന്ന സമയത്താണ് മുതൽ മുടക്കിനും ലാഭത്തിനും തികച്ചും നൂതനമായ അവസരങ്ങൾ ഇന്റർനെറ്റ് വഴി തുറന്നുകിട്ടിയത്. വ്യാപാര സ്ഥാപനത്തിന് നേരിട്ട് ഉപഭോക്താവിന് ബന്ധപ്പെടുവാൻ സാധിക്കുന്ന ഓൺലൈൻ വ്യാപാരം എന്ന സങ്കൽപ്പം ഉയർന്നു വന്നു. ഇത് വെബ് മാർക്കറ്റിംഗിനുള്ള ആവശ്യകത വർദ്ധിച്ചുവരികയും e bay, ആമസോൺ, ആലിബാബ തുടങ്ങിയ പുതിയ പോർട്ടലുകൾ രംഗത്തുവരികയും വമ്പിച്ച ലാഭമുണ്ടാക്കുകയും ചെയ്തു. Dot Com എന്ന പേരിൽ ആദ്യകാലത്ത് കെട്ടിപ്പൊക്കിയ സ്വപ്നങ്ങൾ പ്രതീക്ഷയ്ക്കൊത്ത് ഫലപ്രാപ്തിയിലെത്തിയില്ലെങ്കിലും മൊത്തത്തിൽ ഇന്റർനെറ്റിന്റെ പെട്ടെന്നുള്ള വളർച്ചയിൽ മുതലാളിത്തം നേട്ടമുണ്ടാക്കി.

മുതലാളിത്ത പ്രതിസന്ധി തുടർച്ചയായ ഒന്നാണെന്ന് ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ദാർശനികനും എസ്‌യുസിഐ (സി)യുടെ സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളിൽ നിന്ന് നമുക്കറിയാം. ഒരു പ്രതിസന്ധി വല്ലവിധേനയും ഒഴിവാക്കാൻ ശ്രമിക്കുക വഴി മുതലാളിത്തം കൂടുതൽ വലിയ പ്രതിസന്ധിയിലേയ്ക്ക് കൂപ്പുകുത്തുകയാണ്. ഇവിടെയും ഇതുതന്നെയാണ് സംഭവിച്ചിരിക്കുന്നത്. വരുമാന ഇടിവിന്റെ വ്യാളി ഇ–കോമേഴ്സിനെയും പിടികൂടിയിരിക്കുന്നു. അതുകൊണ്ട് കൂടുതൽ ലാഭം കൊയ്യാനുള്ള മാർഗ്ഗങ്ങൾ തേടുകയാണ് മുതലാളിത്തം. താരിഫ് അടിസ്ഥാനമാക്കിയ സംവിധാനത്തിലൂടെ ജനങ്ങൾക്ക് ഇന്റർനെറ്റ് ലഭ്യത കുറയ്ക്കുകയും ഐടി കമ്പനികൾക്ക് അവസരങ്ങൾ ഒരുക്കുകയും ചെയ്തുകൊണ്ട് ഇന്റർനെറ്റിനെ നിയന്ത്രിക്കാനാണ് മുതലാളിത്തം ശ്രമിക്കുന്നത്. അതുകൊണ്ടാണ് സൗജന്യവും വിവേചന രഹിതവുമായ ഇന്റർനെറ്റ് ആക്രമണ വിധേയമാകുന്നത്. ഇന്റർനെറ്റിനെ നിയന്ത്രിക്കാനുള്ള നീക്കത്തിന് പിന്നിൽ സാമ്പത്തിക കാരണങ്ങൾക്കൊപ്പം രാഷ്ട്രീയ കാരണങ്ങളുമുണ്ട്. മുതലാളിത്വത്തിന്റെ ആയുസ്സ് നീട്ടുവാനായി ജനങ്ങളുടെ, പ്രത്യേകിച്ച് യുവാക്കളുടെ ധാർമ്മിക നട്ടെല്ലുതകർക്കുവാനായി ഭരണമുതലാളി വർഗ്ഗം അശ്ലീലതയും ലൈംഗിക അരാജകത്വവും അക്രമണോത്സുകതയും അടങ്ങിയ അപകടകരമായ ഉള്ളടക്കങ്ങൾ പ്രചരിപ്പിക്കുവാനുള്ള ഉപാധിയായി ഇന്റർനെറ്റിനെ ഉപയോഗിക്കുന്നു. മറുവശത്ത് അന്യായമായ നടപടികൾക്കെതിരെ പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കാനുള്ള ഉത്തോലക ശക്തിയായി ലോകമെമ്പാടുമുള്ള ജനങ്ങൾ ഇന്റർനെറ്റിനെ പ്രയോജനപ്പെടുത്തുന്നു.

എന്നുമാത്രവുമല്ല, നേരത്തെ സൂചിപ്പിച്ചതുപോലെ, ഇന്റർനെറ്റ് ഭരണവർഗ്ഗത്തിനെതിരെ പ്രക്ഷോഭണം സംഘടിപ്പിക്കുവാനുള്ള കരുത്തുറ്റ മാദ്ധ്യമമാണ്. വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ വലിയൊരു വിഭാഗം ജനങ്ങളിൽ എത്തുംവിധം സാമൂഹ്യനീതിക്കുവേണ്ടിയുള്ള ആശയങ്ങളെ ഫലപ്രദമായി പ്രചരിപ്പിക്കുവാൻ ഇന്റർനെറ്റ് സാഹചര്യമൊരുക്കുന്നു. അതുകൊണ്ട് ഭരണമുതലാളിവർഗ്ഗം ഇന്റർനെറ്റിനെ നിയന്ത്രിക്കുവാനും സ്വന്തം താൽപ്പര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കാനും തദ്വാര വിമർശന ചിന്തയും എതിർശബ്ദങ്ങളും നെറ്റിലൂടെ സ്വതന്ത്രമായി പ്രചരിപ്പിക്കുന്നത് തടയാനും ശ്രമിക്കുന്നത്.

### നെറ്റ് ന്യൂട്രാലിറ്റിയുടെ നേരെയുള്ള ആക്രമണം ഇന്ത്യയിൽ.

ഇന്ത്യയിൽ ആദ്യമായി നെറ്റ് ന്യൂട്രാലിറ്റി തകിടം മറിക്കാനുള്ള ശ്രമം നടക്കുന്നത് 2014 ഡിസംബറിൽ, Skipe, Whatsapp, Viber തുടങ്ങിയ VOIP സേവനങ്ങൾക്ക് അധിക നിരക്കുകൾ ഈടാക്കാനുള്ള Airtel-ന്റെ തീരുമാനത്തോടെയാണ്. ഈ സേവനങ്ങൾ ഉപയോഗിക്കുകവഴി ജനങ്ങൾ എസ്എംഎസ് അയയ്ക്കുന്നതിന്റെ എണ്ണം കുറഞ്ഞെന്നും അതുവഴി വരുമാന നഷ്ടം ഉണ്ടാകുന്നു എന്നുമായിരുന്നു അവരുടെ വാദഗതി. എന്നാൽ യഥാർത്ഥ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ, ഡേറ്റ സേവനത്തിലൂടെ അവരുടെ വരുമാനവും ലാഭവും ക്രമമായി വർദ്ധിക്കുകയാണെന്നു കാണാം. അതുകൊണ്ട് അവരുടെ ഈ അവകാശ വാദം യുക്തിസഹമല്ല. സാങ്കേതിക വിദ്യ തെരഞ്ഞെടുക്കാനുള്ള ഉപഭോക്താവിന്റെ സ്വാതന്ത്ര്യത്തിനുമേൽ ആധിപത്യം സ്ഥാപിച്ചുകൊണ്ട് ഇന്റർനെറ്റിന്റെ നിയന്ത്രണം കയ്യടക്കുവാൻ ഭരണകൂടത്തെയും ടെലികോം ഭീമൻമാരെയും അനുവദിക്കരുത്. 2015 ഏപ്രിലിൽ എയർടെൽ അവരുമായി കരാറിലേർപ്പെടുന്ന കമ്പനികൾക്ക് മുൻഗണനാ പ്രാപ്യത(access) ലക്ഷ്യമിടുന്ന എയർടെൽ സീറോ എന്ന പദ്ധതി പ്രഖ്യാപിച്ചു. ഉടൻതന്നെ ഇ–കോമേഴ്സ് സ്ഥാപനമായ ഫ്ളിപ്പ്കാർട്ട് അവരുടെ വെബ് പ്രാപ്യതയ്ക്ക് കൂടുതൽ ഉയർന്ന വേഗത ലഭിക്കുമെന്നുള്ളതുകൊണ്ട് Airtel Zero ൽ ചേരുന്നതായി പ്രഖ്യാപിച്ചു. ഈ നടപടിയെ ചെറുത്തുനിന്നില്ലെങ്കിൽ ഇതു തടയപ്പെട്ട സൈറ്റുകളും വേഗതയേറിയ വഴികളും സൃഷ്ടിക്കപ്പെടുമെന്നതുകൊണ്ട് ഇതിനെതിരെ ബഹുജന രോഷമുയർന്നു. ഇന്റർനെറ്റിന്റെ *പ്രപഞ്ചം* പ്രാപ്യമാക്കുന്നതിനുപകരം ഉപയോക്താക്കൾ ടെലിക്കോം കമ്പനികൾ നിശ്ചയിക്കുന്ന വിവരങ്ങളുടെ തുരുത്തുകളിലേക്ക് ഒതുങ്ങാൻ നിർബന്ധിതരാകും. വിക്കിപീഡിയ പോലെ ചെറിയ സംരംഭകരുടെ തുറന്നതും സൗജന്യവുമായ വെബ്സൈറ്റുകൾ വളരെ വേഗത കുറഞ്ഞതാകും. നിലനിൽപ്പിനുവേണ്ടി ഇവയ്ക്ക് വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങളുമായി സ്വന്തം സംരംഭങ്ങളെ കൂട്ടിക്കെട്ടേണ്ടിയുംവരും.

### നെറ്റ് ന്യൂട്രാലിറ്റിയെ സംരക്ഷിക്കുന്നതിനുള്ള നിയമ നിർമ്മാണത്തിനായി ജനസമ്മർദ്ദം ഉയരണം

കരാറിൽ നിന്നും പിന്തിരിയാൻ ഫ്ളിപ് കാർട്ടിനെ നിർബ്ബന്ധിക്കും വിധം ജനകീയ പ്രതിഷേധം അണപൊട്ടി ഒഴുകിയതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ഇന്റർനെറ്റ് സൗജന്യമായി നിലനിർത്തണമെന്ന് ടെലികോം റെഗുലേറ്ററി അതോറിറ്റ് ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടുകൊണ്ട് പത്തുലക്ഷത്തിലേറെപ്പേർ ചേർന്നുകൊണ്ട് നടത്തിയ വിജയകരമായ പ്രചാരണത്തിൽ നമ്മുടെ രാജ്യത്തെ യുവാക്കളും ശാസ്ത്രസമൂഹവും മുന്നണിയിലുണ്ടായിരുന്നു. സേവനങ്ങൾക്ക് അധികനിരക്ക് (5 മടങ്ങുവരെ) ഈടാക്കാനുള്ള എയർടെല്ലിന്റെ നീക്കം വൻതോതിൽ ഉപഭോക്താക്കളുടെ പിൻമാറ്റത്തിന് കാരണമാവുകയും തീരുമാനം പൂർണ്ണമായും പിൻവലിച്ചില്ലെങ്കിലും പുനഃപരിശോധിക്കുവാൻ എയർടെൽ തയ്യാറാവുകയും ചെയ്തു.

എന്നാൽ ടെലികോം ഭീമന്മാരുടെ സമ്മർദ്ദതന്ത്രങ്ങൾക്കു വഴങ്ങി ഇന്റർനെറ്റ് ഉപയോഗിക്കാനുള്ള ജനങ്ങളുടെ സ്വാതന്ത്ര്യം അപകടപ്പെടുത്തിക്കൊണ്ട് നെറ്റ് ന്യൂട്രാലിറ്റി ലംഘിക്കുവാൻ ടെലികോം കമ്പനികൾക്ക് അനുവാദം കൊടുക്കാൻ TRAI ആലോചിക്കുകയാണ്. 2015 മാർച്ചിൽ നെറ്റ് ന്യൂട്രാലിറ്റിയെ

*(ശേഷം 7–ാം പേജിൽ)*

ആഗസ്റ്റ് 5

# സഖാവ് ശിബ്ദാസ്ഘോഷ് അനുസ്മരണദിനം സമുചിതം ആചരിച്ചു

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപകനേതാവും സമുന്നത മാർക്സിസ്റ്റ് ദാർശനികനും മഹാനായ തൊഴിലാളിവർഗ്ഗ നേതാവുമായ സഖാവ് ശിബ്ദാസ്ഘോഷ് അന്തരിച്ചിട്ട് 39 വർഷം തികയുന്ന ദിനമായ ആഗസ്റ്റ് 5 സഖാവ് ശിബ്ദാസ്ഘോഷ് അനുസ്മരണദിനമായി സമുചിതം ആചരിക്കുകയുണ്ടായി. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലെയും സഖാക്കൾ അന്നേ ദിവസം പാർട്ടി ഓഫീസുകളിൽ ചെങ്കൊടിയുയർത്തുകയും, മഹാനായ ആചാര്യന്റെ ചിത്രത്തിൽ പൂക്കളർപ്പിക്കുകയും, അദ്ദേഹത്തിന്റെ ചിത്രം ആലേഖനം ചെയ്ത ബാഡ്ജ് ധരിക്കുകയും, സഖാവ് ഘോഷിന്റെ ജീവിതസമരവും പാഠങ്ങളും അനുസ്മരിച്ചുകൊണ്ടുള്ള സമ്മേളനങ്ങൾ നടത്തുകയും ചെയ്തു. പാർട്ടി കേരള സംസ്ഥാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 5 വൈകിട്ട് കൊല്ലത്ത് ടിഎംവർഗ്ഗീസ് സ്മാരകഹാളിൽ വച്ച് അനുസ്മരണയോഗം നടന്നു. സമ്മേളനത്തിന് മുന്നോടിയായി നഗരത്തിൽ നൂറുകണക്കിന് സഖാക്കൾ ചെങ്കൊടിയും സഖാവ് ഘോഷിന്റെ ചിത്രങ്ങളുമേന്തി പ്രകടനം നടത്തി.

അനുസ്മരണയോഗത്തിൽ പാർട്ടി കേന്ദ്ര കമ്മിറ്റിയംഗവും സംസ്ഥാനസെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് അദ്ധ്യക്ഷത വഹിച്ചു. പോളിറ്റ് ബ്യൂറോ അംഗവും പാർട്ടിയുടെ വിദേശകാര്യ ഡെപ്യൂട്ടിയുമായ സഖാവ് മണിക്മുഖർജി മുഖ്യപ്രസംഗം നടത്തി. സംസ്ഥാനസെക്രട്ടേറിയറ്റംഗങ്ങളായ സഖാക്കൾ വി.വേണുഗോപാൽ, ജി.എസ്.പത്മകുമാർ ജയ്സൺ ജോസഫ് എന്നിവർ പ്രസംഗിച്ചു. ജില്ലാക്കമ്മിറ്റിയംഗം സഖാവ് എസ്. രാധാകൃഷ്ണൻ സ്വാഗതപ്രസംഗം നടത്തി. സഖാവ് ശിബ്ദാസ്ഘോഷിനെക്കുറിച്ചുള്ള ഗാനാലാപനത്തോടെയാണ് യോഗനടപടികൾ ആരംഭിച്ചത്. തുടർന്ന് സഖാവ് ഘോഷിന്റെ ചിത്രത്തിൽ സഖാവ് മണിക്മുഖർജി, സഖാവ് സി.കെ.ലൂക്കോസ് എന്നിവർ പുഷ്പാർച്ചന നടത്തി. തുടർന്ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പാർട്ടിക്കമ്മിറ്റികളുടെ പ്രതിനിധികളും കോംസൊമോൾ, എഐയുടിയുസി, എഐഎംഎസ്എസ്, എഐഡിഎസ്ഒ, എഐഡിവൈഒ, മെഡിക്കൽ സർവീസ് സെന്റർ എന്നീ സംഘടനകളുടെ സംസ്ഥാനസമിതികളുടെ പ്രതിനിധികളും പൂക്കളർപ്പിച്ചു.




എസ്‌യുസിഐ(സി) പൊളിറ്റ്ബ്യൂറോ മെമ്പർ സഖാവ് മണിക് മുഖർജി മുഖ്യപ്രസംഗം നടത്തുന്നു. സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ്, സെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാൽ, ഇതര സംസ്ഥാനകമ്മിറ്റിയംഗങ്ങൾ എന്നിവർ വേദിയിൽ.

സഖാവ് സി.കെ.ലൂക്കോസ് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ഇന്നത്തെ അത്യന്തം ദുസ്സഹമായ സാമൂഹ്യ-രാഷ്ട്രീയ സാഹചര്യത്തിൽ അദ്ധ്വാനിക്കുന്ന ജനങ്ങൾക്ക് മോചനമാർഗ്ഗം കാട്ടുന്നത് മാർക്സിസം-ലെനിനിസം-സഖാവ് ശിബ്ദാസ്ഘോഷ് ചിന്തകൾ മാത്രമാണെന്ന് ചൂണ്ടിക്കാട്ടി. സഖാവ് വി.വേണുഗോപാൽ സെപ്തംബർ 16-ന് ഇടതുപക്ഷ ഐക്യമുന്നണി ആഹ്വാനം ചെയ്തിരിക്കുന്ന സെക്രട്ടേറിയറ്റ് മാർച്ചിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടി.

സഖാവ് മണിക് മുഖർജി തന്റെ പ്രസംഗം തുടങ്ങിയത് സഖാവ് ശിബ്ദാസ്ഘോഷിന്റെ ജീവിതസമരത്തിന്റെ ചില വശങ്ങൾ പരാമർശിച്ചുകൊണ്ടായിരുന്നു. ഇൻഡ്യൻ മണ്ണിലെ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയെന്ന നിലയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കെട്ടിപ്പടുക്കാൻ വേണ്ടി അദ്ദേഹം നടത്തിയ അങ്ങേയറ്റം ശ്രമകരമായ സമരത്തെപ്പറ്റി അദ്ദേഹം പറഞ്ഞു. എന്തെന്നാൽ, കമ്മ്യൂണിസ്റ്റ് പാർട്ടിയില്ലാതെ വിപ്ലവം സാദ്ധ്യമല്ല. രാജ്യത്ത് പ്രായപൂർത്തി വോട്ടവകാശമുള്ളതിനാൽ തെരഞ്ഞെടുപ്പിലൂടെ ജനങ്ങൾക്ക് ഇഷ്ടമുള്ള ഗവണ്മെന്റിനെ തെരഞ്ഞെടുക്കാമെന്നുള്ളതുകൊണ്ട് വിപ്ലവം ആവശ്യമില്ല എന്ന വാദത്തെയും അദ്ദേഹം തുറന്നുകാട്ടി. ഗവണ്മെന്റും ഭരണകൂടവും ഒന്നല്ല. പോലീസ്, പട്ടാളം, കോടതി, ഉദ്യോഗസ്ഥവൃന്ദം എന്നീ ഭാഗങ്ങളുള്ള സ്ഥിരസംവിധാനമാണ് ഭരണകൂടം. ഈ ഭരണകൂടമാണ് മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന മർദ്ദനത്തിലും ചൂഷണത്തിലും അധിഷ്ഠിതമായ ഇന്നത്തെ മുതലാളിത്ത വ്യവസ്ഥിതിയെ സംരക്ഷിച്ചുനിർത്തുന്നത്. ഭരണകൂടയന്ത്രത്തിന്റെ ഓപ്പറേറ്റർ മാത്രമാണ് ഗവണ്മെന്റ്. തെരഞ്ഞെടുപ്പിലൂടെ ജനങ്ങൾക്ക് ഈ ഓപ്പറേറ്ററെ മാറ്റാനുള്ള അവസരമേ ലഭിക്കുന്നുള്ളൂ. ഭരണകൂടത്തിൽ മാറ്റമുണ്ടാക്കാൻ സാദ്ധ്യമല്ല. അതിനാൽ ജനങ്ങളുടെ സംഘടിതവും പ്രബുദ്ധവുമായ ശക്തി വളർത്തിയെടുത്ത് മുതലാളിത്ത ഭരണകൂടത്തെ തകർത്തെറിയുന്നില്ലെങ്കിൽ ചൂഷണത്തിനും മർദ്ദനത്തിനും അന്ത്യം കുറിക്കാൻ കഴിയില്ല. യോജിച്ച ജനാധിപത്യസമരങ്ങൾ വളർത്തിയെടുക്കുകയും, അതിൽ പങ്കെടുക്കുന്ന ബഹുജനങ്ങളെ അവരുടെ സ്വന്തം സമരസംഘടനയായ ജനകീയ സമരസമിതികളിൽ അണിനിരത്തുകയും ചെയ്തുകൊണ്ട് ജനങ്ങളെ ആത്യന്തികമായ മോചനസമരത്തിന് സജ്ജരാക്കാനുള്ള പരിശ്രമത്തിൽ ഐക്യമുന്നണി പ്രസ്ഥാനത്തിന് സുപ്രധാനമായ പങ്കാണുള്ളത് - ഐക്യമുന്നണിയുടെ വിപ്ലവകരമായ പ്രധാന്യം ഊന്നിപ്പറഞ്ഞുകൊണ്ട് സഖാവ് മണിക് മുഖർജി പറഞ്ഞു.

തൊഴിലാളിവർഗ്ഗ സാർവ്വദേശീയ ഗാനാലാപനത്തോടെ യോഗം അവസാനിച്ചു. ●

## സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുക

# കോട്ടയം മെഡിക്കൽ കോളേജ് മാർച്ച്




മെഡിക്കൽ കോളേജ് മാർച്ച് എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

കോട്ടയം മെഡിക്കൽ കോളേജിലും മറ്റ് സർക്കാർ ആശുപത്രികളിലും ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും അടിയന്തരമായി നിയമിക്കുക, മരുന്നുകളുടെ കുതിച്ചുയരുന്ന വില നിയന്ത്രിക്കാൻ നടപടികൾസ്വീകരിക്കുക,സർക്കാർ ആശുപത്രികളിൽ സൗജന്യ മരുന്ന് വിതരണം ഉറപ്പാക്കുക, എല്ലാത്തരം പരിശോധനകളും സൗജന്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എസ്‌യുസിഐ(സി) കോട്ടയം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 14ന് കോട്ടയം മെഡിക്കൽ കോളേജിലേക്ക് മാർച്ച് നടന്നു.

സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാൽ മാർച്ച് ഉദ്ഘാടനം ചെയ്തു. കോട്ടയം, ഇടുക്കി, പത്തനംതിട്ട തുടങ്ങിയ അഞ്ച് ജില്ലകളിലെ ജനങ്ങളുടെ ഉന്നതതല ചികിൽസാ കേന്ദ്രമായ കോട്ടയം മെഡിക്കൽ കോളേജിന്റെ ഇന്നത്തെ ദുരവസ്ഥയ്ക്ക് കാരണം പൊതുജനാരോഗ്യമേഖല കൈയ്യൊഴിയുന്ന സർക്കാരിന്റെ നയങ്ങളും ജനദ്രോഹ സമീപനങ്ങളുമാണെന്ന് മാർച്ച് ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം അഭിപ്രായപ്പെട്ടു. ലക്ഷക്കണക്കിന് സാധാരണക്കാരായ രോഗികളുടെ അവസാന ആശ്രയമായ ഈ ആശുപത്രി ഇന്ന് ഗുരുതരമായ പരാധീനതകളിൽപ്പെട്ട് വീർപ്പുമുട്ടുകയാണ്. 1600 കിടപ്പു രോഗികളെ ചികിൽസിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള മെഡിക്കൽ കോളേജിൽ അതിന്റെ മൂന്ന് മടങ്ങോളം കിടപ്പുരോഗികളാണ് ശരാശരി ഉള്ളത്. ഇത്രയും കിടപ്പുരോഗികളെയും ദിവസവും ഒ.പിയിലെത്തുന്ന ആയിരക്കണക്കിന് രോഗികളെയും ശുശ്രൂഷിക്കുവാനാവശ്യമായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും എണ്ണത്തിന്റെ പകുതി പോലും മെഡിക്കൽ കോളേജിൽ ഇന്ന് സർവ്വീസിലില്ല. 1964 ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് വേണ്ടതിന്റെ 30 ശതമാനം ഡോക്ടർമാർ കുറവാണെന്ന് ആശുപത്രി അധികൃതർ തന്നെ പറയുന്നു. ഇത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

മെഡിക്കൽ കോളേജിനു മുമ്പിൽ നടന്ന പ്രതിഷേധ യോഗത്തിൽ ജില്ലാ സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. എഐഎംഎസ്എസ് സംസ്ഥാന പ്രസിഡണ്ട് സഖാവ് മിനി കെ.ഫിലിപ്പ്, എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് എൻ.കെ.ബിജു, എഐയുടിയുസി ജില്ലാ സെക്രട്ടറി സഖാവ് വി.പി.കൊച്ചുമോൻ, എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി സഖാവ് എം.കെ. ഷഹസാദ്, കോംസമോൾ സംസ്ഥാന സെക്രട്ടറി സഖാവ് മേധ സുരേന്ദ്രനാഥ് എന്നിവർ പ്രസംഗിച്ചു. ●

# അൺഎയ്ഡഡ് അദ്ധ്യാപകർ സെക്രട്ടേറിയറ്റിലേയ്ക്ക് മാർച്ച് നടത്തി

അൺ-എയ്ഡഡ് സ്കൂൾ അദ്ധ്യാപക-അനദ്ധ്യാപക മേഖലയിൽ വ്യക്തമായ സേവന-വേതന വ്യവസ്ഥകൾ ഉറപ്പാക്കുന്ന സമഗ്രനിയമം ആവിഷ്ക്കരിക്കുക, അൺഎയ്ഡഡ് അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സർക്കാർ സർവ്വീസിലെ ശമ്പളവും ആനുകൂല്യങ്ങളും ഉറപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരളാ അൺഎയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷൻ (കെയുഎസ്ടിഒ) യുടെ നേതൃത്വത്തിൽ ആഗസ്റ്റ് 1ന് സംസ്ഥാനത്തെ അൺ-എയ്ഡഡ് അദ്ധ്യാപകരും ജീവനക്കാരും നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച് മുൻ പാർലമെന്റംഗം പി.വിശ്വംഭരൻ ഉദ്ഘാടനം ചെയ്തു. ഒന്നര ലക്ഷത്തിലധികം അദ്ധ്യാപകരെയും ജീവനക്കാരെയും നിഷ്ക്കരുണം ചൂഷണം ചെയ്യുന്ന മാനേജ്മെന്റുകൾക്കെതിരെ നിയമം നിർമ്മിക്കുന്നില്ലെങ്കിൽ കേരളാ സർക്കാരിന് ഭരണത്തിൽ തുടരാൻ ധാർമ്മിക അവകാശമില്ലെന്ന് അദ്ദേഹം പറഞ്ഞു. കെയുഎസ്ടിഒ സംസ്ഥാന പ്രസിഡന്റ് ജയ്സൺ ജോസഫ് അധ്യക്ഷത വഹിച്ചു. ജീവനക്കാരുടെ സംഘടനയായ കേരളാ അൺഎയ്ഡഡ് സ്കൂൾ സ്റ്റാഫ് ഓർഗനൈസേഷൻ (കെയുഎസ്എസ്ഒ) സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ, എം.ഷാജർഖാൻ (സംസ്ഥാന വൈസ് പ്രസിഡന്റ്, കെയുഎസ്ടിഒ), റ്റി.സി.സിജു, സുജ കെ. ആന്റണി, പി.വി.പ്രേമരാജൻ, സജീഷ് മാത്യു, റെജീഷ് മലയാലപ്പുഴ, റോഷൻ മലയിൽ, കെ.എം.ബീവി, പി.സി.ചിത്രേശൻ, പി.നാഗേഷ്, ടോമി ജോസ്, കെ.ഒ.സുധീർ, പി.പി.പ്രശാന്ത് കുമാർ, കെ.സദാനന്ദൻ, എസ്.സിന്ധു എന്നിവർ പ്രസംഗിച്ചു. പ്രതിനിധി സംഘം മുഖ്യമന്ത്രിക്കുള്ള നിവേദനം പ്രൈവറ്റ്സെക്രട്ടറിക്ക് കൈമാറി.

പാളയം ഫൈൻ ആർട്സ് കോളേജിനുമുന്നിൽ നിന്നും ആരംഭിച്ച പ്രകടനത്തിന് കെ.എൻ.ലജീഷ്, അനൂപ് ജോൺ, മാർട്ടിൻ പോൾ, ധീരജ്.പി.ഡി, വി.യു. ഉണ്ണികൃഷ്ണൻ, നോയൽ ജോർജ്ജ് എന്നിവർ നേതൃത്വം നൽകി. ●



അൺ എയ്ഡഡ് അദ്ധ്യാപകരുടെ സെക്രട്ടേറിയറ്റ് മാർച്ച് മുൻ പാർലമെന്റംഗം പി.വിശ്വംഭരൻ ഉദ്ഘാടനം ചെയ്യുന്നു

സൈദ്ധാന്തിക പാഠങ്ങൾ

# ധാർമ്മിക രംഗത്തെ പ്രതിസന്ധി സാംസ്കാരിക–വിപ്ലവ രംഗത്തെ മുഖ്യപ്രശ്നം

**(സഖാവ് ശിബ്ദാസ് ഘോഷിന്റെ 'ഇന്ത്യയിലെ സാംസ്കാരിക പ്രസ്ഥാനവും നമ്മുടെ കർത്തവ്യങ്ങളും' എന്ന കൃതിയിൽനിന്ന്)**

...മാനവവാദത്തിന് മുമ്പുവന്ന മിക്കവാറും എല്ലാ പ്രത്യയശാസ്ത്രങ്ങളും ആത്മീയ മൂല്യങ്ങളിൽ, അതായത് മതപരമായ മൂല്യങ്ങളിൽ, ആധാരമുറപ്പിച്ചവയായിരുന്നു. അവ എല്ലാ മനുഷ്യരെയും ദൈവത്തിന്റെ പുത്രന്മാരായി കണ്ടു. അതിനാൽ എല്ലാ മനുഷ്യരോടുമുള്ള സ്നേഹവും സഹാനുഭൂതിയും ഈ പ്രത്യയശാസ്ത്രങ്ങളുടെയെല്ലാം അടിസ്ഥാനതത്ത്വങ്ങളായിരുന്നു. ദൈവത്തെ അംഗീകരിക്കുന്നതിൽ നിന്നുടലെടുക്കുന്ന ചില മൂല്യങ്ങളാണ് ഇവിടെയുള്ളത്. ഇത്തരം മൂല്യങ്ങളെ തത്ത്വചിന്തയുടെ ഭാഷയിൽ 'സ്വതഃ സാദ്ധ്യ മൂല്യങ്ങൾ' (apriori values) എന്നു വിളിക്കുന്നു. എന്നാൽ മാനവവാദത്തിൽനിന്ന്, അഥവാ ബൂർഷ്വാ മാനവവാദത്തിൽനിന്ന് നാമെടുത്ത മൂല്യബോധം പ്രധാനമായും മനുഷ്യനെ കേന്ദ്രീകരിച്ചാണ് വളർന്നുവന്നത്. സാമൂഹ്യ ആവശ്യകതയുടെ അംഗീകരണവും സാമൂഹ്യ പ്രബുദ്ധതയും ആയിരുന്നു അതിന്റെ കേന്ദ്രബിന്ദു. മതവിശ്വാസങ്ങളിൽനിന്നും, പ്രകൃത്യാതീതമായ ഒരു ശക്തിയിലുള്ള വിശ്വാസത്തിൽനിന്നും വളർന്നുവരുന്ന മൂല്യബോധത്തിന് ബദലായി, മനുഷ്യ സമൂഹത്തിലാദ്യമായി, മതേതര (അഥവാ സെക്യുലർ) ജനാധിപത്യ ധാരണകളും ആശയങ്ങളും മൂല്യങ്ങളും കൊണ്ടുവന്നത് ഈ മാനവവാദമാണ്. സെക്യുലർ എന്ന പദത്തിനർത്ഥം ലൗകികം അഥവാ ഇഹലോകത്തെ സംബന്ധിക്കുന്നത് എന്നാണ്. അതിനാൽ എല്ലാ മതേതര ധാരണകളും ആരംഭിക്കുന്നത് യാതൊരുവിധ പ്രകൃത്യാതീത ശക്തിയെയും അംഗീകരിക്കാതിരിക്കുക എന്നതിൽനിന്നാണ്. പക്ഷേ, ഇന്ത്യയിൽ മതേതര രാഷ്ട്രം എന്നതിനർത്ഥം എല്ലാ മതങ്ങൾക്കും തുല്യപ്രോത്സാഹനം നൽകുന്ന രാഷ്ട്രം എന്നാക്കി അധഃപതിപ്പിച്ചിരിക്കുന്നു... മതേതര രാഷ്ട്രം എന്ന ധാരണ വളർന്നുവന്നത് ഭരണകൂടത്തെയും സാമൂഹ്യ-സാമ്പത്തിക ജീവിതത്തെയും രാഷ്ട്രീയ സാംസ്കാരിക പ്രസ്ഥാനത്തെയും പള്ളിയുടെയും മതത്തിന്റെയും സ്വാധീനത്തിൽ നിന്ന് മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു. ഈ വസ്തുത, ഒന്നുകിൽ നാം അജ്ഞതമൂലം മനസ്സിലാക്കാതിരിക്കുന്നു; അല്ലെങ്കിൽ ബോധപൂർവ്വം കാണാതിരിക്കുന്നു. മതേതര-ജനാധിപത്യ ജീവിതവീക്ഷണത്തിന്റെയും മതേതര മാനവവാദത്തിന്റെയും അടിത്തറ തന്നെ ഇതാണ്... മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് നേതാക്കളെന്നറിയപ്പെടുന്ന പലരുടെയും ആശയങ്ങൾ, സ്വഭാവം, ദൈനംദിന പെരുമാറ്റം, മതപരമായ ചടങ്ങുകൾക്ക് അവർ ഏറിവരുന്ന തോതിൽ നൽകിവരുന്ന പ്രോത്സാഹനം എന്നിവയിലൂടെ വെളിപ്പെടുന്നതനുസരിച്ച്, മതേതരത്വത്തെപ്പറ്റി അവരും വികലധാരണയാണ് വച്ചുപുലർത്തുന്നതായി കാണുന്നത് എന്നതാണത്ഭുതം. ഈ നേതാക്കളെല്ലാവരുംകൂടി മതേതര രാഷ്ട്രം എന്നതിന്റെ അർത്ഥം എന്താക്കി അധഃപതിപ്പിച്ചിരിക്കുന്നു എന്നുകാണുമ്പോൾ, നേരായി ചിന്തിക്കുന്നവരുടെ മനസ്സിൽ സ്വാഭാവികമായും ഈയൊരുചോദ്യം ഉദിക്കാതെ തരമില്ല. പാക്കിസ്ഥാൻ ഇസ്ലാം മതത്തെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ പേരിൽ ആ രാജ്യത്തെ ഒരു ഇസ്ലാമിക രാഷ്ട്രം, ഒരു മതാധിഷ്ഠിത രാഷ്ട്രം, എന്നാണ് വിളിക്കുന്നതെങ്കിൽ, എല്ലാ മതങ്ങൾക്കും സംരക്ഷണവും പ്രോത്സാഹനവും നൽകുന്ന ഇന്ത്യയെ ഒരു ബഹുമതാധിഷ്ഠിത രാഷ്ട്രം എന്നല്ലാതെ മറ്റന്തെങ്കിലും വിളിക്കാൻ സാധിക്കുമോ?

എന്തൊക്കെയാണ് മതേതര ജനാധിപത്യത്തിന്റെ, മതേതര ജനാധിപത്യ ജീവിതശൈലിയുടെ പ്രമാണങ്ങൾ? ജീവിതത്തിൽ മതേതര ധാരണയും മതേതര തത്ത്വങ്ങളും വികസിപ്പിച്ചെടുക്കുന്നതിൽ വിദ്യാഭ്യാസം ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന കാര്യം ഒരു പക്ഷേ, ആരും നിഷേധിക്കുകയില്ല. അപ്പോൾ ഒരു മതേതര രാഷ്ട്രത്തിലെ വിദ്യാഭ്യാസം എപ്പോഴും മതമൂല്യങ്ങളുടെ സ്ഥാനത്ത് മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കണം എന്നത് സ്വാഭാവികം മാത്രമാണ്. ഇന്ത്യ യഥാർത്ഥത്തിൽ മതേതരമായ ഒരു രാഷ്ട്രമായി മാറണമെങ്കിൽ വിദ്യാഭ്യാസത്തെ മതത്തിന്റെ കെട്ടുപാടിൽനിന്ന് സമ്പൂർണ്ണമായും മോചിപ്പിച്ചേ മതിയാകൂ. പക്ഷേ, മതേതരം എന്ന് വിളിക്കപ്പെടുന്ന നമ്മുടെ രാജ്യത്ത് നാം യഥാർത്ഥത്തിൽ കാണുന്നതെന്താണ്? ഇവിടെ വിദ്യാഭ്യാസത്തെ മതത്തിന്റെ സ്വാധീനത്തിൽ നിന്ന് മുക്തമാക്കിയിട്ടില്ലെന്നതോ പോകട്ടെ, വിദ്യാഭ്യാസ വ്യവസ്ഥിതിയിൽ മതത്തിന്റെ സ്വാധീനം ശക്തമായ അളവിൽ നിലനിൽക്കുന്നു, വർദ്ധിച്ചുവരികയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതപരമായ ചടങ്ങുകളുടെ അനുഷ്ഠാനവും, പാഠപുസ്തകങ്ങളിലൂടെയുള്ള മതപ്രചാരണംപോലും, കാര്യമായ അളവിൽ നിലനിൽക്കുകയും നിരന്തരം വർദ്ധിച്ചുവരികയുമാണ്. ഇന്ന് വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണത്തിനായുള്ള ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് സമരങ്ങൾ നടത്തുന്നവർ മറ്റെല്ലാത്തിനും മുമ്പായി രണ്ട് കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കിയിരിക്കേണ്ടത് അതുകൊണ്ടാണ്. ഒന്ന്, വിദ്യാഭ്യാസത്തെ മതപരമായ കെട്ടുപാടുകളിൽനിന്ന് സമ്പൂർണ്ണമായും സ്വതന്ത്രമാക്കണം. രണ്ട്, വിദ്യാഭ്യാസ പരിഷ്കരണങ്ങളെ നയിക്കുന്ന കാഴ്ചപ്പാടെന്താണ്; മുതലാളിത്ത ചൂഷണത്തിൽനിന്നുള്ള മോചനത്തിനായി സമൂഹത്തിൽ തൊഴിലാളിവർഗ്ഗവും മറ്റു ചൂഷിത ബഹുജനങ്ങളും നടത്തിവരുന്ന രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ പോരാട്ടങ്ങൾക്ക് അനുരോധമായ ഒന്നാണോ അത് എന്ന് പരിശോധിക്കപ്പെടണം...

ഇന്ത്യയിലെ എല്ലാ ദേശീയതകളുടെയും ഏകോപനത്തിലൂടെ ഒരു ആധുനിക രാഷ്ട്രത്തിന് രൂപം നൽകാനുള്ള പ്രക്രിയ, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ സ്വാതന്ത്ര്യസമരത്തെ കേന്ദ്രീകരിച്ചാണ് ആരംഭിച്ചത്. എന്നാൽ തുടക്കം മുതൽതന്നെ, ഈ പ്രക്രിയയിൽ സഹജമായ ഒരു ദൗർബ്ബല്യം കുടികൊണ്ടിരുന്നു. സാമൂഹ്യവും സാംസ്കാരികവുമായ വിപ്ലവത്തിന്റെ കർത്തവ്യങ്ങളെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ സ്വാതന്ത്ര്യ സമരത്തിന്റെ രാഷ്ട്രീയ പരിപാടിയുമായി ഉദ്ഗ്രഥിക്കുന്നതിൽ സംഭവിച്ച പരാജയംമൂലം ദേശീയ പ്രസ്ഥാനത്തെയാകമാനം ചില ദൗർബ്ബല്യങ്ങൾ ബാധിച്ചു. ദേശീയപ്രസ്ഥാനത്തെ മതചിന്തകളുടെയും ആശയങ്ങളുടെയും സ്വാധീനത്തിൽനിന്നും പരിപൂർണ്ണമായും മോചിപ്പിക്കാൻ നമുക്ക് സാധിച്ചില്ല. രാഷ്ട്രീയ അർത്ഥത്തിൽ നാം ഒരു രാഷ്ട്രമായി വളർന്നുവന്നിട്ടുണ്ടെങ്കിൽപ്പോലും, സ്വാതന്ത്ര്യലബ്ധിക്കുശേഷവും നമ്മുടെ രാജ്യത്തെ ജനങ്ങൾ ഭാഷയുടെയും മതത്തിന്റെയും സംസ്കാരത്തിന്റെയും ആചാരത്തിന്റെയും അടിസ്ഥാനത്തിൽ ഭിന്നിച്ചു നിലകൊള്ളുകയും, വ്യത്യസ്ത സമുദായങ്ങളായി വളർന്നുവരികയും ചെയ്തിരിക്കുന്നത് അതുകൊണ്ടാണ്...

ഇങ്ങനെ സംഭവിച്ചതിന് മുഖ്യകാരണം നമ്മുടെ സ്വാതന്ത്ര്യ സമരത്തിന്റെ നേതൃത്വം ഇന്ത്യൻ ദേശീയ ബൂർഷ്വാസിയുടെ കൈകളിലായിരുന്നു എന്നതാണ്. ഇന്ത്യയിൽ മുതലാളിത്തം വികസിച്ചുവന്നതും ദേശീയ സ്വാതന്ത്ര്യസമരം വളർന്നുവന്നതും ലോക മുതലാളിത്തം അതിന്റെ പുരോഗമനസ്വഭാവമെല്ലാം നഷ്ടപ്പെട്ട് അങ്ങേയറ്റം പിന്തിരിപ്പനും മരണാസന്നവും ആയിത്തീർന്നിരുന്ന ഒരു കാലഘട്ടത്തിലായിരുന്നു. ഇന്ത്യൻ ദേശീയ മുതലാളിത്തം സാമ്രാജ്യത്വവിരുദ്ധമായിരുന്നുവെങ്കിൽപ്പോലും, നിസ്സംശയമായും അത് മരണാസന്നമായ ലോകമുതലാളിത്തത്തിന്റെ അവിഭാജ്യഭാഗമായിരുന്നു. മുതലാളിത്ത വിപ്ലവത്തിന്റെ ഘട്ടത്തിൽ മുതലാളിത്തം പ്രദർശിപ്പിച്ചിരുന്ന വിപ്ലവസ്വഭാവം ലോകസാമ്രാജ്യത്വത്തിന്റെ അഥവാ മരണാസന്ന മുതലാളിത്തത്തിന്റെ ഘട്ടത്തിൽ ഇന്ത്യയിൽ മുതലാളിത്തത്തിന് ഇല്ലായിരുന്നത് അതുകൊണ്ടാണ്. അതിനാൽ, അന്തർദ്ദേശീയ പ്രതിലോമ മുതലാളിത്തത്തിന്റെ അവിഭാജ്യഭാഗമായ ഇന്ത്യൻ ദേശീയ ബൂർഷ്വാസി, സാമ്രാജ്യത്വവിരുദ്ധ-സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയെങ്കിൽപ്പോലും അവർക്ക് വിപ്ലവ സ്വഭാവമുണ്ടായിരുന്നില്ല...

ജനാധിപത്യം എന്ന പേരിൽ ബൂർഷ്വാ ഭരണവും, ഉൽപ്പാദനോപാധികളുടെമേലുള്ള സ്വകാര്യ ഉടമസ്ഥതയിലധിഷ്ഠിതമായ ഒരു സാമൂഹ്യവ്യവസ്ഥയും, ചൂഷണപരമായ ഒരു സാമ്പത്തികക്രമവുമാണ് സ്ഥാപിക്കപ്പെട്ടത്. തന്മൂലം മുതലാളിത്തം ഏതാനും ചുവടുകൾ മുന്നേറിക്കഴിഞ്ഞപ്പോഴേയ്ക്കും, ജന്മിത്തപരമായ ബന്ധനത്തിൽനിന്നും അവർ തന്നെ സ്വതന്ത്രരാക്കിയിരുന്ന ജനങ്ങളെ ചൂഷണം ചെയ്ത് അവരുടെ ക്രയശേഷി ശോഷിപ്പിക്കാൻ തുടങ്ങുകയും, ക്രമേണ കുത്തക മൂലധനത്തിന് ജന്മം നൽകുകയും ചെയ്തു. അധികം വൈകാതെ അത് തന്നെ ഒരു കമ്പോള പ്രതിസന്ധി സൃഷ്ടിച്ചു. കുത്തക മൂലധനത്തിന് ജന്മം നൽകപ്പെട്ട ആ നിമിഷം തന്നെ അത് വിദേശത്തേക്കുള്ള വ്യാപനം അനിവാര്യമാക്കിത്തീർക്കുന്ന തരത്തിൽ ഒരു കമ്പോള പ്രതിസന്ധി സൃഷ്ടിച്ചു. മുതലാളിത്തത്തിന്റെ അനിവാര്യമായ നിയമം ഇതാണ്. വളർച്ചയുടെ ആദ്യഘട്ടത്തിൽ മാനവവാദത്തിന്റെയും ജനാധിപത്യത്തിന്റെയും ധാരണയുടെമേൽ രാഷ്ട്രം കെട്ടിപ്പടുക്കുക എന്ന ഉദ്ദേശ്യത്തോടെയുള്ള ദേശീയ പ്രബുദ്ധതയോടെയാണ് അത് വളരുന്നത്. രാഷ്ട്രത്തിന്റെയൊന്നാകെയുള്ള ജീവിതത്തെ ആധുനികവൽക്കരിക്കുന്നതിനുവേണ്ടി ദേശീയ രാഷ്ട്രവും ജനാധിപത്യ തത്ത്വങ്ങളും സംസ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് അത് രംഗപ്രവേശം ചെയ്യുന്നത്. എന്നാൽ, വേരുറപ്പിച്ചുകഴിയുമ്പോൾ, അത് കുത്തക മൂലധനത്തിന് ജന്മം നൽകുന്നു, സ്വന്തം പ്രതിസന്ധി ക്ഷണിച്ചുവരുത്തുന്നു, ഉടൻതന്നെ സാർവ്വലൗകിക സ്വഭാവം ആർജ്ജിച്ചുകൊണ്ട് വിദേശ കമ്പോളത്തിൽ കൈവയ്ക്കുന്നു, അങ്ങനെ സാമ്രാജ്യത്വത്തിന് ജന്മം നൽകുന്നു. ലോകമുതലാളിത്തം സാമ്രാജ്യത്വത്തിന്റെ ഘട്ടത്തിൽ എത്തിയപ്പോൾ — അതായത്, *ബൂർഷ്വാ വിപ്ലവത്തിന് അതിന്റെ വിപ്ലവ സ്വഭാവം നഷ്ടപ്പെടുകയും, അത് പ്രതിലോമകാരിയായിത്തീരുകയും ചെയ്തപ്പോൾ, അത് ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലെ മുന്നേറ്റത്തെയും ഉൽപ്പാദനശക്തികളുടെ വളർച്ചയേയും തടസ്സപ്പെടുത്തുകയും, സമ്പദ്വ്യവസ്ഥയിൽ മുരടിപ്പിന്റെ പ്രവണത ജനിപ്പിക്കുകയും ചെയ്തുകൊണ്ട് സാമൂഹ്യപുരോഗതിക്ക് വിലങ്ങുതടിയായി മാറിയപ്പോൾ — ആ നിമിഷം മുതൽ, ഇന്നലെകളിലെ വിപ്ലവകരമായ മാനവവാദം മതവുമായും എല്ലാത്തരം മുൻവിധികളുമായും സന്ധിചെയ്യാൻ ആരംഭിച്ചു.* ലോകമുതലാളിത്തം ഇങ്ങനെയൊരവസ്ഥയിൽ എത്തിയിരുന്നപ്പോഴാണ് ഇന്ത്യൻ മുതലാളിത്തം വളർന്നുവന്നത്...

ഉൽപ്പാദനവളർച്ചയുടെ ഇന്നത്തെ പ്രത്യേക ചരിത്രഘട്ടത്തിൽ, വർഗ്ഗസമരത്തിന്റെ വളരെ വലിയ സങ്കീർണ്ണതകളുടെ മദ്ധ്യത്തിലാണ് നമ്മളെല്ലാം നിലനിൽക്കുന്നത്. ഒരു വശത്ത്, തൊഴിലാളികളെ പിരിച്ചുവിടുന്നതിന്റെ പ്രശ്നം; അതേസമയം തന്നെ, മറുവശത്ത്, വ്യവസായ ശാലകൾ അടച്ചുപൂട്ടാതെ നടത്തിക്കൊണ്ടുപോകുന്നതിന്റെ പ്രശ്നം. ഒരു വശത്ത് തൊഴിലാളികളുടെ ജോലിസ്ഥിരതയുടെ പ്രശ്നം; മറുവശത്ത്, കാലാകാലങ്ങളിൽ ഉണ്ടാകുന്ന വ്യാപാര മാന്ദ്യത്തിന്റെ പ്രശ്നം. വ്യാവസായിക വികസനം നിർബ്ബാധം മുന്നോട്ടുകൊണ്ടുപോകുന്നതോ പോകട്ടെ, ഉള്ള വ്യവസായങ്ങൾ അടച്ചുപൂട്ടാതെ നടത്തിക്കൊണ്ടു പോകുകയെന്നതുതന്നെ, ഇന്ന് പ്രശ്നമായിരിക്കുകയാണ്. ഒരു വശത്ത്, കൃഷി ആധുനികവൽക്കരിക്കുകയും യന്ത്രവൽക്കരിക്കുകയും ചെയ്യുകയെന്ന ആവശ്യകത. പക്ഷേ, അതുവഴി ലക്ഷക്കണക്കിന് ഗ്രാമീണർ തൊഴിൽ രഹിതരായി തീരും എന്ന പ്രശ്നം മറുവശത്ത്. ഈ പ്രശ്നങ്ങളെല്ലാം മുതലാളിത്ത വ്യവസ്ഥിതിയുടെയും മുതലാളിത്ത സംസ്കാരത്തിന്റെയും സമ്പൂർണ്ണമായ പ്രതിസന്ധിയുടെ വികൃത മുഖം കൂടുതൽ കൂടുതൽ തുറന്നുകാട്ടുകയാണ്. അതിനാൽ, ഇന്ന് സാമൂഹ്യപുരോഗതിയുടെ മുന്നിലുള്ള പ്രശ്നം, തൊഴിലാളിവർഗ്ഗത്തെയും മറ്റ് ചൂഷിത ജനങ്ങളെയും മുതലാളിത്ത ചൂഷണത്തിന്റെയും മർദ്ദനത്തിന്റെയും നീരാളിപ്പിടുത്തത്തിൽ നിന്ന് മോചിപ്പിക്കുന്നതിന്റെ പ്രശ്നമാണ്. അതായത്, ഉൽപ്പാദനത്തെയും ഉൽപ്പാദനശക്തികളെയും മുതലാളിത്തത്തിന്റെ നുകത്തിൻ കീഴിൽ നിന്ന് മോചിപ്പിക്കുന്നതിന്റെ പ്രശ്നമാണ്. അതോടൊപ്പം തന്നെ, വിജ്ഞാനശാസ്ത്രത്തെയും ശാസ്ത്രത്തെയും സാങ്കേതികവിദ്യയേയും കലയേയും സാഹിത്യത്തേയും — ഒറ്റവാക്കിൽ പറഞ്ഞാൽ, മനുഷ്യന്റെ സാംസ്കാരിക ലോകത്തെയാകമാനം — മുതലാളിത്ത ലാഭലാക്കിൽ നിന്നും മുതലാളിത്ത ബന്ധനത്തിൽ നിന്നും മോചിപ്പിക്കുന്നതിന്റെയും പ്രശ്നമാണ്...

മാനവവാദ പ്രത്യയശാസ്ത്രത്തിനും മൂല്യബോധത്തിനും വന്നിട്ടുള്ള നാനാവിധങ്ങളായ വളച്ചൊടിക്കലുകളും വ്യതിചലനങ്ങളും... മുതലാളിത്തത്തിന്റെ സമ്പൂർണ്ണവും രൂക്ഷവുമായ പ്രതിസന്ധിയെ നേരിടേണ്ടി വന്ന സ്ഥിതിയും ഫാസിസത്തിന്റെ ആവിർഭാവത്തിലേക്ക് നയിച്ചു. ഫാസിസം ഉയർന്നുവന്നതിന്റെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ, അതായത്, ഫാസിസത്തിന്റെ ആവിർഭാവത്തിനു പിന്നിലുള്ള സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ വശങ്ങൾ വിലയിരുത്തുകയാണെങ്കിൽ ഒരു കാര്യം വ്യക്തമാകും. അതായത്, മാനവവാദ മനോഘടന, വിപ്ലവത്തെ ഭയാശങ്കകളോടെ വീക്ഷിക്കുന്ന മനോഭാവം മൂലം, തൊഴിലാളിവർഗ്ഗ വിപ്ലവത്തിനെതിരെ പ്രതിവിപ്ലവകരമായ ദേശീയ കലാപങ്ങൾ സംഘടിപ്പിക്കുന്നതിനുവേണ്ടി, ശാസ്ത്രത്തിന്റെയും ആത്മീയവാദത്തിന്റെയും ഒരു സവിശേഷ ലയനം സൃഷ്ടിച്ചുകൊണ്ട്, ഫാസിസത്തിന് പ്രത്യയശാസ്ത്ര-സാംസ്കാരിക അടിത്തറ സൃഷ്ടിച്ചു. തത്ത്വചിന്താപരമായും സാംസ്കാരികമായും ഫാസിസം ആത്മീയവാദത്തിന്റെയും ശാസ്ത്രത്തിന്റെയും ഒരു സവിശേഷ ലയനമാണ്...

സമ്പൂർണ്ണമായ ഫാസിസം സ്ഥാപിക്കണമെങ്കിൽ അതിന് അവശ്യം വേണ്ട ഉപാധികളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു: ഭ്രാന്തമായ ദേശീയവികാരത്തിന്റെ അടിസ്ഥാനത്തിൽ ഐക്യം ഊട്ടിയുറപ്പിക്കുക, അതായത്, വിപ്ലവത്തിനെതിരെ പ്രതിവിപ്ലവകരമായ ദേശീയ കലാപം സൃഷ്ടിക്കുക; മുതലാളിത്തത്തിന്റെ മുഴുവൻ സാമ്പത്തികശക്തിയും കേന്ദ്രീകരിക്കുക; മുതലാളിമാർക്കിടയിൽ പരസ്പരമുള്ള ആഭ്യന്തരവൈരുദ്ധ്യം സാദ്ധ്യമായേടത്തോളം ലഘൂകരിക്കുക; ദേശസാൽക്കരണവും ആസൂത്രണവും പോലുള്ള സോഷ്യൽ ഡെമോക്രാറ്റിക് നടപടികൾ സ്വീകരിച്ചുകൊണ്ട് ഭരണകൂടത്തിന്റെയും കുത്തകമൂലധനത്തിന്റെയും ഏകീകരണം നടപ്പിലാക്കാനും, അതുവഴി, മുതലാളിത്തത്തിന്റെ ആകമാന താൽപ്പര്യാർത്ഥം ഭരണകൂടത്തെ, ഫലത്തിൽ, കുത്തകമൂലധനത്തിന് ദാസ്യവൃത്തി ചെയ്യുന്ന ഒന്നാക്കി മാറ്റാനുമുള്ള ക്രമികമായ നീക്കം നടത്തുക മുതലായവ. ഈ സാമ്പത്തിക നടപടികൾക്കെല്ലാമൊപ്പം, രാഷ്ട്രീയവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ, ദേശീയ ഐക്യം സൃഷ്ടിക്കുകയെന്നതും, രാജ്യത്തെയൊന്നടങ്കം പ്രതിവിപ്ലവത്തിനനുകൂലമായി ബൂർഷ്വാസിയുടെ പിന്നിൽ അണിനിരത്തുക എന്നതും അനിവാര്യമാണ്.

*അപ്പോൾ മാനവവാദ ധാർമ്മിക മൂല്യങ്ങളുടെ അന്തഃസത്ത പൂർണ്ണമായും സ്വാംശീകരിച്ചും അവയെ ഉല്ലംഘിച്ചും കൊണ്ടാണ് തൊഴിലാളിവർഗ്ഗ സംസ്കാരം വളരുന്നത്...*

എല്ലാത്തരം ബൂർഷ്വാചിന്തകളുടെയും വിഷലിപ്തമായ ആക്രമണങ്ങളെ ചെറുത്തുകൊണ്ട് ഈ സാംസ്കാരിക പ്രസ്ഥാനത്തെ പടിപടിയായി മുന്നോട്ടുകൊണ്ടുപോകാൻ നിങ്ങൾക്ക് സാധിക്കുമെങ്കിൽ, തൊഴിലാളിവർഗ്ഗ വിപ്ലവത്തിനനുരോധമായ വിധത്തിൽ ഒരു ശക്തമായ സാംസ്കാരിക പ്രസ്ഥാനം ഈ രാജ്യത്ത് വളർത്തിയെടുക്കാൻ നിങ്ങൾക്ക് കഴിയുമെങ്കിൽ, അപ്പോൾ മാത്രമേ... ദേശീയ ജീവിതത്തിൽ ഇന്ന് നിലനിൽക്കുന്ന ധാർമ്മിക പ്രതിസന്ധി ദൂരീകരിക്കപ്പെടുകയുള്ളൂ.

●

# കർണ്ണാടക സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റിയുടെ യുജിസി അംഗീകാരമില്ലാത്ത കോഴ്സുകളിൽ ചേർക്കപ്പെട്ട വിദ്യാർത്ഥികൾ പ്രക്ഷോഭത്തിൽ

**ക**ർണ്ണാടക സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി(കെഎസ്ഒയു)യുടെ വിവിധ ടെക്നിക്കൽ/ പ്രൊഫഷണൽ കോഴ്സുകളിൽ ചേർന്ന ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി തുലാസിലായി. യുജിസിയുടെ പബ്ലിക് നോട്ടീസിനെ സംബന്ധിച്ച് ജൂൺ 19 ന് മാതൃഭൂമി പത്രത്തിൽവന്ന വാർത്തയിലൂടെയാണ് രക്ഷിതാക്കളും വിദ്യാർത്ഥികളും തങ്ങൾ നേരിടുന്ന അപകടത്തിന്റെ ഗൗരവം അറിഞ്ഞത്. കർണ്ണാടക സർക്കാർ രൂപം കൊടുത്ത കർണ്ണാടക സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി തങ്ങളുടെ അധികാരപരിധിക്കുപുറത്ത് മറ്റു സംസ്ഥാനങ്ങളിലും വിദേശത്തും ഉൾപ്പടെ ഇത്തരം കോഴ്സുകൾ വിദൂരവിദ്യാഭ്യാസ രീതിയിൽ നടത്തുന്നതിനെ ചോദ്യം ചെയ്തുകൊണ്ട് 2011-ൽതന്നെ അന്ന് സംസ്ഥാന ഓപ്പൺ യൂണിവേഴ്സിറ്റികളുടെ ചുമതല വഹിച്ചിരുന്ന ഇഗ്നോയുടെ ഡിസ്റ്റന്റ്സ് എജ്യൂക്കേഷൻ കൗൺസിൽ ഷോക്കോസ് നോട്ടീസ് നൽകിയിരുന്നു. അതിന് കെഎസ്ഒയു കൊടുത്ത വിശദീകരണവും നേരിൽ നടത്തിയ ചർച്ചകളും പര്യാപ്തമല്ലെന്നതുകൊണ്ട് അംഗീകാരം റദ്ദാക്കാൻ അവർ തീരുമാനമെടുത്തു.

2012 ജൂണിൽ യുജിസി സംസ്ഥാന ഓപ്പൺ യൂണിവേഴ്സിറ്റികളുടെ ചുമതല ഏറ്റെടുത്തുവെങ്കിലും 2012-2013 നുശേഷം കെഎസ്ഒയുവിന് കോഴ്സുനടത്തുന്നതിന് അംഗീകാരം നൽകിയില്ല. എന്നാൽ കെഎസ്ഒയു ഈ വിഷയം മറച്ചുവച്ചുകൊണ്ട് അനുബന്ധ സ്ഥാപനങ്ങൾ വഴി അഡ്മിഷൻ എടുക്കുകയും കോഴ്സുനടത്തുകയും ചെയ്തു. ഈ വിഷയം യുജിസിയുടെ ശ്രദ്ധയിൽപെട്ടു. തുടർന്ന് 2012-13 അദ്ധ്യയനവർഷത്തിനുശേഷം പ്രയൂണിവേഴ്സിറ്റിയുടെ ഇത്തരം കോഴ്സുകളിൽ ചേർന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനോ, സർക്കാർ സേവന മേഖലകളിലെ തൊഴിലിനോ കർണ്ണാടക സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റ് ഉപകാരപ്പെടില്ലെന്നും മാദ്ധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിൽ വിശ്വസിച്ച് ആരും ഭാവി അപകടത്തിലാക്കരുതെന്നുമായിരുന്നു യുജിസി നോട്ടീസിലൂടെ പൊതുജനങ്ങളെ അറിയിച്ചത്. ഇതിനെതുടർന്ന് കേരളത്തിലെ നൂറുകണക്കിന് സ്വകാര്യ സ്റ്റഡീസെന്ററുകളിൽ വിഷയം തിരക്കിയെത്തിയ രക്ഷിതാക്കളെയും ആശങ്കയിലായ വിദ്യാർത്ഥികളെയും സ്ഥാപനങ്ങൾ വിരട്ടിയും അനുനയിപ്പിച്ചും അംഗീകാരമുണ്ടെന്ന് യൂണിവേഴ്സിറ്റിയുടെ ചില രേഖകൾ കാട്ടി വിശ്വസിപ്പിച്ചും തിരിച്ചയയ്ക്കാനാണ് ശ്രമിച്ചത്. എന്നാൽ ഇത്തരം ശ്രമങ്ങളിൽ വീഴാതിരുന്ന വിദ്യാർത്ഥികൾ തങ്ങളുടെ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് വിഷയത്തിലിടപെടാൻ ശ്രമിച്ചു. പക്ഷേ, താഴെത്തലം മുതൽ രാഷ്ട്രീയപ്രസ്ഥാനങ്ങളുമായി നല്ല സാമ്പത്തിക ബന്ധത്തിൽ പോകുന്ന ഇത്തരം സ്ഥാപനങ്ങളെ വെറുപ്പിക്കാൻ വ്യവസ്ഥാപിത രാഷ്ട്രീയപാർട്ടികൾ ആരും മുതിർന്നില്ല. ഓരോ വർഷവും കോടികളുടെ പരസ്യം നൽകുന്ന സ്ഥാപനങ്ങൾക്കെതിരെ വാർത്ത നൽകാൻ പത്രമാദ്ധ്യമങ്ങളും തയ്യാറായില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് വിദ്യാർത്ഥികൾ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ യുവജന വിദ്യാർത്ഥി സംഘടനകളുടെ സഹായത്തോടെ, വിഷയത്തിന്റെ നിജസ്ഥിതി അറിയാൻ പ്രതിനിധി സംഘത്തെ മൈസൂരുള്ള യൂണിവേഴ്സിറ്റി ആസ്ഥാനത്തേയ്ക്ക് അയച്ചത്. അതിൽ നിന്ന് യൂണിവേഴ്സിറ്റിക്ക് ഈ കോഴ്സുകൾ നടത്താൻ അംഗീകാരം നഷ്ടപ്പെട്ടിരിക്കുന്നു എന്ന വസ്തുത ബോദ്ധ്യപ്പെട്ടു.

ഇതിന്റെ അടിസ്ഥാനത്തിൽ എസ്‌യുസിഐ(സി)യുടെ യുവജന സംഘടനയായ എഐഡിവൈഒയും വിദ്യാർത്ഥി സംഘടനയായ എഐഡിഎസ്ഒയും ചേർന്ന് എറണാകുളം സി.അച്യുതമേനോൻ ഹാളിൽ ജൂലൈ 8 ന് വിളിച്ചുചേർത്ത വിദ്യാർത്ഥികളുടെ യോഗത്തിൽവച്ച് ടെക്നിക്കൽ സ്റ്റുഡന്റ്സ് ഓർഗനൈസേഷ (ടിഎസ്ഒ)ന് രൂപം നൽകി.

ജൂലൈ 15 ന് ടിഎസ്ഒ എറണാകുളം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കണയന്നൂർ താലൂക്ക് ഓഫീസിലേക്ക് മാർച്ച് സംഘടിപ്പിച്ചു. മാർച്ചിൽ വിദ്യാർത്ഥികൾക്കൊപ്പം നൂറുകണക്കിന് രക്ഷകർത്താക്കളും പങ്കെടുത്തു. മാർച്ച് ജനകീയപ്രതിരോധ സമിതി സംസ്ഥാന വൈസ്പ്രസിഡന്റ് പ്രൊഫ.കെ. അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു.

2013-ൽ യുജിസി അംഗീകാരം റദ്ദാക്കിയ കർണ്ണാടക സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി(കെഎസ്ഒയു)യുടെ പ്രൊഫഷണൽ കോഴ്സുകളിൽ ലക്ഷക്കണക്കിന് വിദ്യാർത്ഥികളെ ചേർത്ത് കോടിക്കണക്കിന് രൂപ അവിഹിതമായി പിരിച്ചെടുത്ത യൂണിവേഴ്സിറ്റിക്കും അനുബന്ധ സ്ഥാപനങ്ങൾക്കുമെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതമാക്കാൻ സർക്കാർ ഇടപെടണമെന്ന് പ്രൊഫ.കെ.അരവിന്ദാക്ഷൻ ആവശ്യപ്പെട്ടു. യുജിസിയുടെ അംഗീകാരമുള്ള യൂണിവേഴ്സിറ്റികളിലേയ്ക്ക് വിദ്യാർത്ഥികളെ മൈഗ്രേറ്റ് ചെയ്യുകയോ, നിലവിൽ കഴിഞ്ഞ രണ്ടുവർഷം കർണ്ണാടക സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റിക്കുകീഴിൽ പഠിച്ച വിദ്യാർത്ഥികൾക്ക് അംഗീകാരം നൽകിക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ സർക്കാർ മുൻകൈയെടുക്കണമെന്നും അദ്ദേഹം പറഞ്ഞു. 2015-16 അദ്ധ്യയനവർഷത്തിലേയ്ക്ക് പോലും അഡ്മിഷൻ നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ അടിയന്തര നടപടിയെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ പ്രസിഡന്റ് കെ.ഒ.സുധീർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ടി.കെ.സുധീർകുമാർ, പ്രൊഫ. ഫ്രാൻസിസ് കളത്തുങ്കൽ, കെ.രജികുമാർ, എഐഡിവൈഒ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു, എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി ബിനുബേബി, കെ.പി.സാൽവിൻ, എം.കെ.ഷഹസാദ്, രശ്മി രവി എന്നിവർ പ്രസംഗിച്ചു. മാർച്ചിന് നേതാക്കളായ അകിൽ മുരളി, ജിതിൻ ബാബു, ആർ.അപർണ്ണ , റ്റി.ഷിജിൻ, നിഖിൽ സജി



ടെക്നിക്കൽ സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ എറണാകുളം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച കണയന്നൂർ താലൂക്കോഫീസ് മാർച്ച്



ടെക്നിക്കൽ സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ കണയന്നൂർ താലൂക്കോഫീസിലേക്ക് നടത്തിയ പ്രതിഷേധമാർച്ച് പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു.

തോമസ്, എം.ജെ.ബോവാസ്, ഫിനു എന്നിവർ നേതൃത്വം നൽകി.

മാർച്ചിനുശേഷം എറണാകുളം എസ്‌യുസിഐ(സി) ജില്ലാ സെന്ററിൽ ചേർന്ന ടിഎസ്ഒ സംസ്ഥാന തല സംഘാടകരുടെ യോഗം ടി.കെ.സുധീർകുമാർ, ഫ്രാൻസിസ് കളത്തുങ്കൽ, അഡ്വ.ഇ.എൻ.ശാന്തിരാജ് എന്നിവർ രക്ഷാധികാരികളും എൻ.കെ.ബിജു പ്രസിഡന്റും കെ.പി.സാൽവിൻ സെക്രട്ടറിയുമായി ടിഎസ്ഒ സംസ്ഥാന അഡ്ഹോക്ക് കമ്മിറ്റിക്ക് രൂപം നൽകി.

ആലപ്പുഴ കളക്ട്രേറ്റ് മാർച്ച് ജനകീയപ്രതിരോധ സമിതി സംസ്ഥാനസെക്രട്ടേറിയറ്റംഗം എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് റ്റി.ഷിജിൻ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ടിഎസ്ഒ സംസ്ഥാനപ്രസിഡന്റ് എൻ.കെ.ബിജു വിഷയാവതരണം നടത്തി. എഐഡിവൈഒ ജില്ലാപ്രസിഡന്റ് ആർ.പാർത്ഥസാരഥിവർമ്മ, അഡ്വ.എം.എ.ബിന്ദു, ടിഎസ്ഒ സംസ്ഥാന ജോ.സെക്രട്ടറി ആർ.അപർണ്ണ, മേഖലാ സെക്രട്ടറി മൈന ഗോപിനാഥ്, എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗം എസ്.അലീന, ബി.വിവേക്, രാധുൽ തുടങ്ങിയവർ പ്രസംഗിച്ചു.

സംസ്ഥാനത്തൊട്ടാകെ എല്ലാ സ്വകാര്യ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ടിഎസ്ഒ, രക്ഷകർത്താക്കളെയും വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗങ്ങൾ വിളിച്ചുചേർത്തുവരികയാണ്. ഈ കോഴ്സുകൾക്ക് നിശ്ചിത കാലയളവിനുള്ളിൽ യുജിസിയുടെ അംഗീകാരം നേടിയെടുക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടാൽ കോഴ്സുകളിൽ ചേർന്ന് വർഷങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹമായ നഷ്ടപരിഹാരം നൽകുമെന്ന സ്ഥാപന ഉടമകളുടെ സമ്മതപത്രം മുദ്രപത്രത്തിൽ എഴുതിവാങ്ങുക, യുജിസി അംഗീകാരം കിട്ടുന്നതുവരെ ഇനി ഫീസ് നൽകാതെ വിദ്യാർത്ഥികൾ ക്ലാസ്സുകളിൽ കയറുക, ജില്ലാഭരണ സിരാകേന്ദ്രങ്ങളിലേക്ക് പ്രകടനങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ നടപടികളിലൂടെയാണ് സമരം പുരോഗമിക്കുന്നത്.

ഈ കോഴ്സുകളിൽ ചേർന്നിരിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ഏകദേശം മൂന്നുലക്ഷം വരുമെന്നാണ് യൂണിവേഴ്സിറ്റി തന്നെ പറയുന്നത്. ഇതിൽ ബഹുഭൂരിപക്ഷവും കേരളത്തിൽ നിന്നാണ്. കെഎസ്ഒയുവിന്റെ കോളാബ്രേറ്റീവ് ഇൻസ്റ്റിറ്റ്യൂഷനുകളുമായി ലിങ്ക് ചെയ്താണ് കേരളത്തിലെ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നത്. കർണ്ണാടക സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കെഎസ്ഒയുവിന് കർണ്ണാടകയ്ക്ക് പുറത്ത് കോഴ്സുകൾ നടത്തുന്നതിനോ, പ്രൊഫഷണൽ/ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സുകൾ നടത്തുന്നതിനോ അവകാശമുണ്ടായിരുന്നില്ലെന്ന വസ്തുത അറിഞ്ഞിട്ടും യൂണിവേഴ്സിറ്റികളുടെ ഉറപ്പുകൾ വിശ്വസത്തിലെടുത്ത സ്ഥാപനങ്ങൾ തങ്ങളുടെ വിദ്യാർത്ഥികളോട് വിശ്വസവഞ്ചന കണിക്കുകയാണുണ്ടായത്. മൂന്നുലക്ഷം രൂപവരെയാണ് കുട്ടികളിൽനിന്ന് വിവിധ ഇനങ്ങളിലും സംഭാവനയായും ഈ സ്ഥാപനങ്ങൾ കോഴ്സിനുവേണ്ടി ഈടാക്കിയിട്ടുള്ളത്. യുജിസി അംഗീകാരം കിട്ടാതെവന്നാൽ ആയിരക്കണക്കിന് കോടി രൂപയുടെ തട്ടിപ്പായി ഈ സംഭവം മാറും. അതുകൊണ്ടുതന്നെ ഈ സ്ഥാപനങ്ങൾക്ക് ഉത്തരം പറയാനുള്ള ബാധ്യതയുണ്ട്. ചില സ്ഥാപനങ്ങൾ, യുജിസിയുടെ പബ്ലിക് നോട്ടീസ് പുറത്തുവന്നതിനുശേഷം ഈ നോട്ടീസിനെതിരെ ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ ഉത്തരവുവാങ്ങി വിദ്യാർത്ഥികളുടെ കണ്ണിൽ പൊടിയിടാൻ ശ്രമിച്ചിട്ടുണ്ട്.

ജൂലൈ 24 ന് ടിഎസ്ഒയുടെ നേതൃത്വത്തിൽ ഒരു പ്രതിനിധി സംഘം കേരളാ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ സന്ദർശിച്ച് പ്രശ്നത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിച്ചു. തുടർന്ന് അദ്ദേഹം കേരള സർക്കാരിനുവേണ്ടി, പ്രശ്നത്തിന്റെ രൂക്ഷത വ്യക്തമാക്കിക്കൊണ്ട് കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രിയോട് അടിയന്തരമായി ഇടപെടണമെന്നാവശ്യപ്പെട്ട് കത്തുനൽകുകയും ഫാക്സ് അയയ്ക്കുകയും ചെയ്തു. ജൂലൈ 29 ന് മുഖ്യമന്ത്രി നൽകിയ കത്തുമായി ടിഎസ്ഒയെ പ്രതിനിധീകരിച്ച് ടി.കെ.സുധീർകുമാർ, ഫ്രാൻസിസ് കളത്തുങ്കൽ, കെ.പി.സാൽവിൻ എന്നിവരും എഐഡിവൈഒ നേതാക്കളായ പ്രകാശിക ദേവി, പ്രവീൺ എന്നിവരും ആർഎസ്പി സംസ്ഥാന കമ്മിറ്റിയംഗം കെ.രജികുമാർ, സ്കിൽടെക് ഇൻസ്റ്റിറ്റ്യൂഷൻ ഡയറക്ടർ എസ്.പി.സോമൻ എന്നിവരുമടങ്ങിയ നിവേദക സംഘം ന്യൂഡൽഹിയിൽ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രി സ്മൃതി ഇറാനിയെ സന്ദർശിച്ചു. മുൻകേന്ദ്രമന്ത്രി പ്രൊഫ.കെ.വി.തോമസും ലോക്സഭാംഗം എൻ.കെ.പ്രേമചന്ദ്രനും നിവേദക സംഘത്തോടൊപ്പം കേന്ദ്രമന്ത്രിയുമായുള്ള ചർച്ചയിൽ പങ്കെടുത്തു. യുജിസി ചെയർമാൻ പ്രൊഫ.വേദ പ്രകാശിനെയും രാജ്യസഭ ഉപാദ്ധ്യക്ഷൻ പ്രൊഫ.പി.ജെ.കുര്യനെയും സംഘം എൻ.കെ.പ്രേമചന്ദ്രൻ എം.പിയുടെ നേതൃത്വത്തിൽ സന്ദർശിച്ചു. സങ്കീർണ്ണമായ നിയമപ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ പ്രശ്നപരിഹാരം തേടിക്കൊണ്ട് ബന്ധപ്പെട്ടവരുടെ യോഗം ഉടൻ വിളിച്ചുചേർക്കാമെന്ന് മന്ത്രി നിവേദക സംഘത്തിന് ഉറപ്പുനൽകി.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മുൻപിൽ അർഹിക്കുന്ന പ്രാധാന്യത്തോടെ വിഷയം എത്തിക്കാൻ ഇതുവഴി ടിഎസ്ഒയ്ക്ക് കഴിഞ്ഞു. എന്നാൽ കേന്ദ്രമന്ത്രി ഉറപ്പുനൽകിയ യോഗം ഇതുവരെ വിളിച്ചുചേർത്തിട്ടില്ല. കേന്ദ്ര-കർണ്ണാടക സർക്കാരുകൾക്കുമേൽ വൻ ജനകീയ സമർദ്ദം വളർന്നുവരാതെ ഈ പ്രശ്നത്തിന് ആത്യന്തിക പരിഹാരമുണ്ടാകുക അസാധ്യമാണെന്ന തിരിച്ചറിവിൽ ടിഎസ്ഒ ശക്തമായ സമരം തുടരാനാണ് തീരുമാനിച്ചിരിക്കുന്നത്. സമരവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ tsoekm.wordpress.com എന്ന ബ്ലോഗിൽ മലയാളത്തിലും ലഭ്യമാണ്. ●

# ഇടതുപക്ഷ ഐക്യമുന്നണി (എൽയുഎഫ്) പത്തനംതിട്ട ജില്ലാ കൺവൻഷൻ



സമരപ്രഖ്യാപന സമ്മേളനം സഖാവ് കെ.കെ. രമ ഉദ്ഘാടനം ചെയ്യുന്നു. സഖാക്കൾ എസ്.രാജാദാസ്, ടി.എൽ.സന്തോഷ്, എസ്.രാജീവൻ, ഡോ.വി.വേണുഗോപാൽ തുടങ്ങിയവർ വേദിയിൽ

**2015** ആഗസ്റ്റ് 7 ന് ഇടതുപക്ഷ ഐക്യമുന്നണി പത്തനംതിട്ട ജില്ലാ കൺവൻഷൻ അടൂർ ടൂറിസ്റ്റ് ഹോമിൽ നടന്നു. ഇടതുപക്ഷ ഐക്യമുന്നണി സംസ്ഥാന കൺവീനറും എസ്‌യുസിഐ (സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം ഡോ. വി.വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ചു. എംസിപിഐ(യു) സംസ്ഥാന സെക്രട്ടേറിയറ്റംഗം എസ്.രാജാദാസ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു. ആർഎംപി. സംസ്ഥാന ചെയർമാൻ റ്റി.എൽ.സന്തോഷ്, എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി എസ്.രാജീവൻ തുടങ്ങിയവർ സംസാരിച്ചു. സെപ്തംബർ 16 നു നടക്കുന്ന സെക്രട്ടേറിയറ്റ് മാർച്ച് വൻ വിജയമാക്കാനും ജില്ലയിൽ വ്യാപകമായ പ്രചാരണപ്രവർത്തനങ്ങൾ നടത്താനും കൺവൻഷൻ തീരുമാനിച്ചു. സഖാവ് എസ്.രാജീവൻ കൺവീനറും സഖാക്കൾ കെ.ജി.അനിൽകുമാർ, എസ്.രാധാമണി, ബിനു ബേബി, വി.ഡി.സന്തോഷ്, ലക്ഷ്മി ആർ.ശേഖർ, സനിലാ ജോർജ്ജ് എന്നിവർ അംഗങ്ങളുമായുള്ള ജില്ലാ കമ്മിറ്റിക്ക് കൺവൻഷൻ രൂപം നൽകി.

വൈകിട്ട് 6 മണിക്ക് അടൂർ കെഎസ്ആർടിസി കോർണറിൽ നടന്ന സമര പ്രഖ്യാപന സമ്മേളനം ആർഎംപി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് കെ.കെ. രമ ഉദ്ഘാടനം ചെയ്തു. സഖാവ് എസ്. രാജീവൻ അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ വി.വേണുഗോപാൽ, ടി.എൽ.സന്തോഷ്, എസ്.രാജാദാസ് എന്നിവർ പ്രസംഗിച്ചു. ●

## കോന്നി പെൺകുട്ടികളുടെ ദുരൂഹമരണം: സമഗ്രാന്വേഷണം വേണം



**കോ**ന്നിയിലെ പെൺകുട്ടികളുടെ ദുരൂഹമരണം സമഗ്രമായി അന്വേഷിക്കുക, കുട്ടികളെ കാണാതാകുന്ന സംഭവങ്ങളിൽ പോലീസ് അലംഭാവം വെടിഞ്ഞ് ഊർജ്ജിതമായി അന്വേഷണം നടത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പത്തനംതിട്ടയിൽ നടന്ന സ്ത്രീസുരക്ഷാ സംഗമം സ്ത്രീസുരക്ഷാ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി മിനി കെ. ഫിലിപ്പ് ഉദ്ഘാടനം ചെയ്തു.

പെൺകുട്ടികളുടെ മരണത്തിനിടയാക്കിയത് അന്വേഷണത്തിൽ പോലീസ് കാണിച്ച ഉദാസീനതയാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ, ഭരണകൂടത്തിന്റെ ജാഗ്രതയോടൊപ്പം ഉള്ളടക്കമില്ലാത്തതും വികലവുമായ വിദ്യാഭ്യാസസമ്പ്രദായത്തിലും മാറ്റം വേണം. കുട്ടികളുടെ മാനസിക ആരോഗ്യം ദുർബ്ബലപ്പെടുന്നു എന്നതിന്റെ സൂചനകളാണ് സമീപകാല സംഭവങ്ങൾ തെളിയിക്കുന്നത്. മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്ന കുട്ടികളുടെ എണ്ണവും വർദ്ധിക്കുകയാണ്. പ്രശ്നത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി സമൂഹം ഉണർന്ന് പ്രവർത്തിക്കണം–മിനി കെ.ഫിലിപ്പ് അഭിപ്രായപ്പെട്ടു. എസ്.രാധാമണി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എം.ജി.സന്തോഷ്കുമാർ, റെജി മലയാലപ്പുഴ, ജോർജ്ജ് മാത്യു കൊടുമൺ, എസ്.രാജീവൻ, എം.എസ്.മധു, ബിനുബേബി എന്നിവർ പ്രസംഗിച്ചു. ●

## തിരുവനന്തപുരം ജില്ലാ സേവ് എജ്യൂക്കേഷൻ കൺവെൻഷൻ




കൺവൻഷൻ പ്രൊഫ.ജി.എൻ.പണിക്കർ ഉദ്ഘാടനം ചെയ്യുന്നു. ഡോ.വി.വേണുഗോപാൽ, പ്രൊഫ.എം.ശാർങ്ഗധരൻ, എൻ.സി.ഹരിദാസൻ, എം.ഷാജർഖാൻ തുടങ്ങിയവർ വേദിയിൽ

**ന**ല്ല പാഠപുസ്തകങ്ങളും പഠനസമ്പ്രദായവും ഇല്ലാത്ത കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നതെന്ന് പ്രമുഖ സാഹിത്യകാരൻ പ്രൊഫ.ജി.എൻ. പണിക്കർ പറഞ്ഞു. സർവ്വകലാശാല വിദ്യാർത്ഥികൾക്ക് പോലും എഴുത്തും വായനയും അറിയാത്ത അവസ്ഥയിലേക്ക് വിദ്യാഭ്യാസരംഗം എത്തിച്ചേർന്നിരിക്കുകയാണ്. പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയ്ക്ക് കാരണം പുതിയ പാഠ്യപദ്ധതിയാണെന്നും അദ്ദേഹം പറഞ്ഞു. അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി ജൂൺ 10 ന് വൈഎംസിഎ ഹാളിൽ സംഘടിപ്പിച്ച തിരുവനന്തപുരം ജില്ലാ സേവ് എജ്യൂക്കേഷൻ കൺവൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ അദ്ധ്യക്ഷനായിരുന്നു.

ഡോ.വി.വേണുഗോപാൽ, പ്രൊഫ.എം.ശാർങ്ഗധരൻ, എൻ.സി.ഹരിദാസൻ, നോയൽ (ആൾ കേരളാ ആർക്കിടെക്ച്ചർ അസോസിയേഷൻ), സ്റ്റീഫൻസൺ മാത്യു (പാരലൽ വിദ്യാഭ്യാസ സംരക്ഷണ സമിതി), കെ.ജയമോഹൻ, എസ്.മിനി(ഐഎൻപിഎ), എം.എസ്.രഞ്ജിത്ത്, പ്രദീപ് രാമൻ, ഡോ.കെ.പ്രസന്നകുമാർ, എസ്.ശ്രീകുമാർ (എഐഡിഎസ്ഒ) എന്നിവർ പ്രസംഗിച്ചു. പ്രൊഫ.ശാർങ്ഗധരൻ പ്രസിഡന്റും പി.എസ്.ഗോപകുമാർ സെക്രട്ടറിയുമായി ജില്ലാ കമ്മിറ്റിയെ കൺവൻഷൻ തെരഞ്ഞെടുത്തു. ●

## ‘സ്ത്രീകളും നിയമവും’ ഏകദിന ശിൽപ്പശാല




ശിൽപ്പശാല ജസ്റ്റിസ് കെ.സുകുമാരൻ ഉദ്ഘാടനം ചെയ്യുന്നു.

**സ്ത്രീ** സുരക്ഷാ സമിതി കേരള സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സ്ത്രീകളും നിയമവും എന്ന വിഷയത്തിൽ ഏകദിന ശിൽപശാല നടത്തി. ജൂലൈ 25 ന് എറണാകുളം ബാർ കൗൺസിൽ ഹാളിൽ നടന്ന ശിൽപശാല ജസ്റ്റിസ് കെ.സുകുമാരൻ ഉദ്ഘാടനം ചെയ്തു. സ്ത്രീകളുടെ അവകാശവും സംരക്ഷണവും ഉറപ്പാക്കപ്പെടണമെങ്കിൽ താഴേത്തലത്തിൽ നീതിനിർവ്വഹണം ഉറപ്പാക്കപ്പെടണമെന്നും അതിനായി താഴേത്തലം മുതൽ സ്ത്രീകൾക്ക് നിയമപരിജ്ഞാനം ഉണ്ടാക്കിക്കൊടുക്കണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ ജസ്റ്റിസ് കെ.സുകുമാരൻ അഭിപ്രായപ്പെട്ടു. അഡ്വ. സീന രാജഗോപാൽ വിഷയാവതരണം നടത്തിയ ശിൽപ്പശാലയിൽ അഡ്വ.കെ.ലത, അഡ്വ.പി.കെ.ശാന്തമ്മ, അഡ്വ.തനൂജ ജോർജ്ജ്, അഡ്വ.കെ.കെ. പ്രീത, അഡ്വ.ബേസിൽ അട്ടിപ്പേറ്റി, അഡ്വ.ഡി.ബി.ബിനു, അഡ്വ.ബി.കെ.രാജഗോപാൽ, അഡ്വ.ഇ.എൻ.ശാന്തിരാജ്, അഡ്വ.സൂസൻ ജോൺ, അഡ്വ.എം.ഡി.സിമി, അഡ്വ. സുനിത ദേവി, അഡ്വ.എം.എ.ബിന്ദു, കെ.പി.ശാന്തകുമാരി, ഷൈല കെ.ജോൺ, കെ.കെ.ഗോപിനായർ, എൻ.ആർ.മോഹൻകുമാർ എന്നിവർ പ്രസംഗിച്ചു.

സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന പ്രസിഡന്റ് ഡോ.വിൻസന്റ് മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ച ശിൽപ്പശാലയിൽ സംസ്ഥാന സെക്രട്ടറി മിനി കെ.ഫിലിപ്പ് സ്വാഗതവും എം.കെ.ഉഷ നന്ദിയും പറഞ്ഞു. ●

## പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുക

# സെക്രട്ടേറിയറ്റ് മാർച്ച്




സെക്രട്ടേറിയറ്റ് മാർച്ചിന് മിനി കെ.ഫിലിപ്പ്, ഷൈല കെ.ജോൺ, എസ്.രാധാമണി, ബിനു ബേബി, വി.ഡി.സന്തോഷ്, കെ. ഷൈജു തുടങ്ങിയവർ നേതൃത്വം നൽകുന്നു

**പാഠ**പുസ്തകം ഉടൻ വിതരണം നടത്തുക, പൊതുവിദ്യാഭ്യാസത്തെ തകർക്കാനുള്ള ആസൂത്രിത നീക്കം അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് എഐഎംഎസ്എസിന്റെയും എഐഡിഎസ്ഒയുടെയും സംയുക്താഭിമുഖ്യത്തിൽ നടന്ന സെക്രട്ടേറിയറ്റ് മാർച്ച് സേവ് എജ്യൂക്കേഷൻ സംസ്ഥാന കൺവീനർ എം.ഷാജർഖാൻ ഉദ്ഘാടനം ചെയ്തു. എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് അഡ്വ.ഇ.എൻ.ശാന്തിരാജ്, സെക്രട്ടറി ബിനു ബേബി, എഐഎംഎസ്എസ് സംസ്ഥാന പ്രസിഡന്റ് മിനി കെ. ഫിലിപ്പ്, സെക്രട്ടറി ഷൈല കെ.ജോൺ, ഷൈജു തുടങ്ങിയവർ പ്രസംഗിച്ചു. ●




ഐഎൻപിഎയുടെ ആഭിമുഖ്യത്തിൽ നടന്ന റിസർവ്വ് ബാങ്ക് മാർച്ച് തിരുവനന്തപുരത്ത് ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു. ഐഎൻപിഎ സംസ്ഥാന പ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ്, ഉപദേശക മിനി കെ.ഫിലിപ്പ്, സംസ്ഥാന സെക്രട്ടറി എസ്.മിനി, സംസ്ഥാന നേതാക്കളായ എം.വി.ചെറിയാൻ, നന്ദനൻ വലിയപറമ്പിൽ, കെ.ജെ.ജോസഫ്, എൻ.ആർ.മോഹൻകുമാർ, കെ.ജെ. ഷീല, മേരി തോമസ്, എസ്.രാഘവൻ, കെ.ജി.രവീന്ദ്രൻപിള്ള, പി.ശശിധരൻ, എൻ.വിനോദ്കുമാർ, മേരി എബ്രഹാം, സി.എം. ജോയ്, ജി.ആർ.സുഭാഷ്, ഇ.വി.പ്രകാശ്, ഡി.ഹരികൃഷ്ണൻ, സി.കെ.ശിവദാസൻ, പി.കെ.പ്രഭാഷ്, എസ്.ശ്രീകുമാർ എന്നിവർ നേതൃത്വം നൽകി.

# വിദ്യാഭ്യാസ വായ്പ: കടക്കെണിയിലായവരുടെ റിസർവ്വ് ബാങ്ക് മാർച്ച്

**വാ**യ്പയെടുത്ത് വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്ക് പ്രസ്തുത വായ്പ തിരിച്ചടയ്ക്കാനാവാത്ത പ്രതികൂല സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. സ്ഥിരം തൊഴിലോ മതിയായ ശമ്പളമോ ലഭിക്കാതതുകൊണ്ടാണ് തിരിച്ചടവ് മുടങ്ങിയത്. ഇത്തരമൊരു സാഹചര്യത്തിലാണ് വിദ്യാഭ്യസ വായ്പ സർക്കാർ ഏറ്റെടുത്ത് ജനങ്ങളെ കടക്കെണിയിൽ നിന്നും ആത്മഹത്യയിൽ നിന്നും രക്ഷിക്കണമെന്നാവശ്യപ്പെട്ടകൊണ്ട് ഐ.എൻ.പി.എയുടെ നേതൃത്വത്തിൽ സംസ്ഥാനമെമ്പാടും ശക്തമായ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. നിരന്തരമായ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്രസർക്കാർ, 2013 ഡിസംബർ 31 വരെയുള്ള മുഴുവൻ പലിശയും ഏറ്റെടുത്തുകൊണ്ട് 2600 കോടിരൂപ സർക്കാരിന്റെ നോഡൽ ഏജൻസിയായ കാനറാ ബാങ്കിന് കൈമാറിയിട്ട് ഒരുവർഷം പിന്നിടുകയാണ്. എന്നാൽ നാളിതുവരെയായിട്ടും

ആ തുക വായ്പയെടുത്തവരുടെ അക്കൗണ്ടിലേക്ക് വകകൊള്ളിക്കാൻ ബാങ്കുകൾ തയ്യാറായിട്ടില്ല. മാത്രവുമല്ല, നിരവധി ഉപാധികൾ അടിച്ചേൽപ്പിച്ച് സർക്കാർ പ്രഖ്യപിച്ച ഈ സഹായം ജനങ്ങൾക്ക് നിഷേധിക്കുകയാണ് ബാങ്കുകൾ. നിലവിൽ തിരിച്ചടയ്ക്കുവാനുള്ള മുഴുവൻ തുകയും ഒറ്റത്തവണയായി അടച്ചുതീർക്കാമെന്ന് സമ്മതിച്ചാൽ മാത്രമേ പലിശ എഴുതിത്തള്ളൂ എന്നതാണ് ബാങ്കുകൾ വയ്ക്കുന്ന ഏറ്റവും കർശനമായ വ്യവസ്ഥ. ഇതിനോടകം കൃത്യമായി എല്ലാ മാസവും തിരിച്ചടച്ചവ് നടത്തിയവർക്ക് കേന്ദ്ര സർക്കാരിന്റെ പലിശ ഇളവ് നൽകില്ല എന്നതാണ് വിചിത്രമായ മറ്റൊരു ഉപാധി. സർക്കാർ പ്രഖ്യാപിച്ച സഹായം അനുവദിക്കാൻ ബാങ്കുകൾ വ്യവസ്ഥ ഉണ്ടാക്കുന്നത് ഒരു തരത്തിലും അംഗീകരിക്കാവുന്ന കാര്യമല്ല.

വിദ്യാർത്ഥിയുടെ തുടർ പഠനയോഗ്യത മാത്രമാണ് വായ്പ അനുവദിക്കുവാനുള്ള ഏക മാനദണ്ഡം. കുട്ടി പഠിക്കാനുദ്ദേശിക്കുന്ന കോളേജിന് ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയുടെ അംഗീകാരം, കോഴ്സിന്റെ അംഗീകാരം, പ്രസ്തുത കോഴ്സിന് നിഷ്കർഷിക്കുന്ന അടിസ്ഥാന യോഗ്യത ഇവ മാത്രമാണ് വായ്പ അനുവദിക്കാൻ ബാങ്കുകൾ പരിഗണിക്കേണ്ടതെന്ന് റിസർവ്വ് ബാങ്കിന്റെ മാർഗ്ഗരേഖ വളരെ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. രക്ഷിതാവിന്റെ വിദ്യാഭ്യാസ യോഗ്യത, സാമ്പത്തിക അവസ്ഥ, ആസ്തി ഒന്നും തന്നെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിൽ പരിഗണിക്കപ്പെടേണ്ടതില്ല.

ഉന്നത വിദ്യാഭ്യാസത്തിന് ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിക്കും അത് നിഷേധിക്കാൻ പണം ഒരു തടസ്സമാവില്ലെന്നും അതിനാവശ്യമായ തുക ബാങ്കുകൾ നൽകുമെന്നുമാണ് വിദ്യാഭ്യാസ വായ്പാ നയം പ്രഖ്യാപിച്ചുകൊണ്ട് ഗവൺമെന്റുകൾ ജനങ്ങളോട് പറഞ്ഞത്. വിദ്യാഭ്യസം പൂർത്തിയാക്കി, ഒരു ജോലി കരസ്ഥമാക്കിയതിനുശേഷം തിരിച്ചടവ് നടത്തണമെന്നും സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ ഗവൺമെന്റുകളുടെ തെറ്റായ നയങ്ങളുടെ ഫലമായി എല്ലാ തൊഴിൽ മേഖലകളും കരാർ വൽക്കരിക്കപ്പെടുകയും സ്ഥിരം തൊഴിൽ തന്നെ ഇല്ലാതായിക്കൊണ്ടിരിക്കുകയുമാണ്. തൊഴിൽ ലഭിച്ചവർക്ക് തന്നെ ഈ മേഖലകളിൽ ന്യായമായ ശമ്പളം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ സർക്കാർ ശ്രമിക്കാത്തത് വിഷയത്തെ ഒന്നുകൂടി രൂക്ഷമാക്കുന്നു. ഇതെല്ലാമാണ് ഇത്തരത്തിലൊരു പ്രതിസന്ധി വായ്പയെടുത്തവർക്കുമേൽ വന്നുഭവിക്കാനിടയാക്കിയത്.

വിദ്യാഭ്യാസ വായ്പയ്ക്ക് റിസർവ്വ് ബാങ്ക് ഏർപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ നിലവിൽ ബാങ്കുകൾ നഗ്നമായി ലംഘിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ ബാങ്കും വ്യത്യസ്ത നിരക്കിലാണ് പലിശ കണക്കാക്കിയിട്ടുള്ളത്. നിബന്ധനകൾക്ക് വിരുദ്ധമായി പിഴപ്പലിശയും കൂട്ടുപലിശയും മറ്റ് നിരവധി ചാർജുകളും വായ്പയോടൊപ്പം ചേർത്തുവയ്ക്കുന്നു. നിയമവിരുദ്ധമായി നിരവധി ജാമ്യരേഖകളും വസ്തുജാമ്യവുമെല്ലാം വിദ്യാർത്ഥികളിൽ നിന്നും കൈപ്പറ്റിയിരിക്കുന്നു. ഇത്തരത്തിൽ കൈപ്പറ്റിയ രേഖകൾ ഉപയോഗിച്ച് രക്ഷിതാക്കളെ നിരന്തരം ഭീഷണിപ്പെടുത്തുന്നു. ഇത് പലപ്പോഴും രക്ഷകർത്താക്കളെ ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നു.

ഈ സാഹചര്യത്തിലാണ് വിദ്യാഭ്യാസ വായ്പയ്ക്ക് റിസർവ്വ് ബാങ്ക് ഏർപ്പെടുത്തിയിരിക്കുന്ന എല്ലാ നിബന്ധനകളും കൃത്യമായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ റിസർവ്വ് ബാങ്ക് കൈക്കൊള്ളുക, വായ്പയെടുത്തവരുടെ ആവശ്യപ്രകാരം കേന്ദ്രസർക്കാർ അനുവദിച്ച പലിശയിളവ് എത്രയും വേഗം അക്കൗണ്ടിൽ വകയിരുത്തുക, മറ്റേതൊരു വായ്പയ്ക്കുള്ളതുപോലെ തിരിച്ചടവ് കാലാവധി ഉറപ്പുവരുത്തുക, അതിനുള്ളിൽ നടത്തുന്ന നിയമപരമായ നടപടികളെ തടയിടുക, തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് എൻപിഎയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളും രക്ഷിതാക്കളും റിസർവ്വ് ബാങ്കിന്റെ മുമ്പിൽ പ്രതിഷേധ കൂട്ടായ്മ നടത്തിയത്.

പ്രതിഷേധ കൂട്ടായ്മ ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. വായ്പ തിരിച്ചുപിടിക്കുന്നതിനായി റിലയൻസിനെ ചുമതലപ്പെടുത്തിയതിനെ ശക്തമായി അദ്ദേഹം അപലപിച്ചു. വായ്പയെടുത്തവർ നടത്തുന്നത് ഒരു ജീവൻമരണ പോരാട്ടമാണെന്നും അതിനാൽ ബാങ്കുകളും റിലയൻസിന്റെ ഗുണ്ടാസംഘങ്ങളും നടത്തുന്ന നീക്കങ്ങളെ സംഘടിതമായി ചെറുക്കണമെന്നും അദ്ദേഹം വിദ്യാർത്ഥികളോടും രക്ഷിതാക്കളോടും ആഹ്വാനം ചെയ്തു.

മക്കൾക്ക് വിദ്യാഭ്യസം നൽകി കടക്കെണിയിലായ ആയിരങ്ങൾ പങ്കെടുത്ത പരിപാടിയിൽ വായ്പയെടുത്തവരുടെ വ്യക്തിപരമായ പരാതി റിസർവ്വ് ബാങ്ക് ഗവർണ്ണർക്ക് തിരുവനന്തപുരം റീജ്യണൽ ഡയറക്ടർ വഴി സമർപ്പിച്ചു. ഐഎൻപിഎയുടെ സംസ്ഥാന ഉപദേശക മിനി കെ.ഫിലിപ്പ്, സംസ്ഥാന നേതാക്കളായ എം.വി.ചെറിയാൻ, നന്ദൻ വലിയപറമ്പിൽ, കെ. ജെ. ജോസഫ്, എൻ.ആർ. മോഹൻകുമാർ, കെ.ജെ. ഷീല, മേരി തോമസ്, എസ്.രാഘവൻ, കെ.ജി.രവീന്ദ്രൻപിള്ള, പി.ശശിധരൻ, എൻ.വിനോദ്കുമാർ, മേരി എബ്രഹാം, സി.എം. ജോയ്, ജി.ആർ.സുഭാഷ്, ഇ.വി.പ്രകാശ്, ഡി.ഹരികൃഷ്ണൻ, സി.കെ.ശിവദാസൻ, പി.കെ.പ്രഭാഷ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സംസ്ഥാന പ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ് അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന സെക്രട്ടറി എസ്.മിനി സ്വാഗതവും എസ്.ശ്രീകുമാർ നന്ദിയും പറഞ്ഞു.

പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്നും ആരംഭിച്ച പ്രകടനത്തിന് സംസ്ഥാന–ജില്ലാ ഭാരവാഹികൾ നേതൃത്വം നൽകി. ●

# ഇന്റർനെറ്റ് ന്യൂട്രാലിറ്റി

(2-ാം പേജിൽ നിന്ന്)

ക്കുറിച്ചുള്ള പ്രതികരണം ആരാഞ്ഞുകൊണ്ട് ട്രായ് ( TRAI)ഒരു രേഖ തയ്യാറാക്കുകയുണ്ടായി. എന്നാൽ ഇതൊരു കാപട്യമാണെന്നാണ് പലരും കരുതുന്നത്. നേരത്തെ ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ചും ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങളെക്കുറിച്ചും നടത്തിയ ചർച്ചയിൽ പ്രതികരണങ്ങളും ചർച്ചയുടെ ഫലവും തമ്മിൽ യാതൊരു ബന്ധവും ഇല്ലാതിരുന്നതുപോലെ ഇക്കാര്യത്തിലും സംഭവിക്കാം. മോദി സർക്കാർ, വളരെ തുറന്നു തന്നെ ഭരണമുതലാളിവർഗ്ഗത്തിന്റെ നീചമായ വർഗ്ഗതാൽപ്പര്യങ്ങളെ സേവിക്കുന്ന സാഹചര്യത്തിൽ, കേന്ദ്ര സർക്കാർ ടെലികോം കമ്പനികളെ അനുകൂലിക്കുമെന്ന സന്ദേഹമുണ്ട്. പ്രധാനമന്ത്രി നരേന്ദ്രമോദി ഡിജിറ്റിൽ ഇന്ത്യ ഇനിഷ്യേറ്റീവിനെക്കുറിച്ച് വാചാലനാകുമ്പോഴും ഇത്രയും ജനരോഷം വിളിച്ചുവരുത്തിയ നെറ്റ് ന്യൂട്രാലിറ്റി വിഷയത്തിൽ ഒന്നും പറഞ്ഞില്ലായെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇന്റർനെറ്റ് ഉപയോക്താക്കളുടെ, വിവരങ്ങൾ അറിയുവാനുള്ള അവകാശം സംരക്ഷിക്കുവാൻ നെറ്റ് ന്യൂട്രാലിറ്റി നിയമമാക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. യുഎസ്എ, ബ്രസീൽ, ഹോളണ്ട്, ചിലി തുടങ്ങിയ രാജ്യങ്ങളിൽ നെറ്റ് ന്യൂട്രാലിറ്റിയെ നിയമമാക്കി എന്നകാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. മഹാമനസ്കത കൊണ്ടല്ല അവർ അത് ചെയ്തത്. മറിച്ച്, ശക്തമായ ജനകീയ അഭിപ്രായത്തെ പരിഗണിച്ചുകൊണ്ട് നെറ്റ് ന്യൂട്രാലിറ്റി നിയമം ഉണ്ടാക്കുകയാണ് ആവശ്യം. അതിന് സർക്കാരിനെ പ്രേരിപ്പിക്കുംവിധം സംഘടിത ജനകീയ പ്രക്ഷോഭണം ഉയർന്നു വരണം. ●

# തൊടുപുഴ എസ്ബിടി മാർച്ച്

**വി**ദ്യാഭ്യാസ വായ്പ തിരിച്ചുപിടിക്കുവാൻ റിലയൻസ് അസറ്റ് റീ കൺസ്ട്രക്ഷൻ കമ്പനിയെ ഏൽപ്പിച്ച തീരുമാനം ഉടനടി പിൻവലിക്കണമെന്ന് ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ (ഐഎൻപിഎ) സംസ്ഥാന ഉപദേശക മിനി കെ.ഫിലിപ്പ് ആവശ്യപ്പെട്ടു. ദൂരവ്യാപകമായ സാമൂഹ്യപ്രശ്നങ്ങൾക്ക് ഇടയാക്കുന്ന ഈ തീരുമാനത്തിനെതിരെ വിജയംവരെ നീണ്ടുനിൽക്കുന്ന സമരം അനിവാര്യമാണെന്ന് മിനി കെ.ഫിലിപ്പ് അഭിപ്രായപ്പെട്ടു. ഐഎൻപിഎ തൊടുപുഴ എസ്ബിടിയിലേക്ക് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ. എസ്ബിടിക്ക് സമീപം നടന്ന പ്രതിഷേധ യോഗത്തിൽ ജില്ലാ വൈസ്പ്രസിഡന്റ് എ.വി.സെബാസ്റ്റ്യൻ അദ്ധ്യക്ഷനായി. ജില്ലാ സെക്രട്ടറി എൻ.വിനോദ്കുമാർ, രാജു കൊന്നനാൽ, സിബി സി.മാത്യു തുടങ്ങിയവരും സംസാരിച്ചു.

പ്രൈവറ്റ് ബസ്സ്റ്റാന്റ് പരിസരത്തുനിന്നും ആരംഭിച്ച മാർച്ച് എസ്ബിടി മെയിൻ ബ്രാഞ്ചിനുസമീപം പോലീസ് തടഞ്ഞു. ഓമന ജോസ്, എം.യു.തോമസ്, ടി.ആർ.തമ്പാൻ, വി.എസ്.ശിവൻ, നിഷാ ജിമ്മി, മേരി ജോസ്, മോഹനൻ വണ്ണപ്പുറം, പി.സി.രാജമ്മ, സതീശൻ ഉടുമ്പന്നൂർ തുടങ്ങിയവർ നേതൃത്വം നൽകി. ●




തൊടുപുഴയിൽ നടന്ന എസ്ബിടി മാർച്ച് മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു

**വ്യാപം കുംഭകോണം**

# അഴിമതി മുതലാളിത്ത ഭരണത്തിന്റെ മുഖമുദ്ര

*(ഒന്നാം പേജിൽ നിന്ന്)*

സിന്റെ കുംഭകോണങ്ങൾ നിറഞ്ഞ ഭരണത്തിന്റെ സ്ഥാനത്ത്, അഴിമതിരഹിതമായ സൽഭരണം പ്രദാനം ചെയ്യുമെന്ന ബിജെപി -യുടെ മോഹനവാഗ്ദാനങ്ങളൊക്കെ കാറ്റിൽപറത്തപ്പെട്ടിരിക്കുകയാണ്.

**അഴിമതി മുതലാളിത്ത ഭരണത്തിന്റെ മുഖമുദ്ര**

ബിജെപി അകപ്പെട്ടിരിക്കുന്ന വ്യാപം അഴിമതിയുടെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നതിനുമുമ്പ്, രാജ്യമോ പ്രവർത്തന മേഖലയോ ജിവിതരംഗമോ ഏതുതന്നെയായാലും അഴിമതിയും അക്രമവും അവിടെയെല്ലാം നിത്യസംഭവമായിരിക്കുകയും നിരന്തര ചർച്ചാവിഷയമായിരിക്കുകയും ചെയ്യുന്നതെന്തുകൊണ്ട് എന്നന്വേഷിക്കുന്നത് ഏറെ പ്രസക്തമായിരിക്കും. മുതലാളിത്ത ലോകമാകെ അഴിമതിയും അക്രമവുംകൊണ്ട് ശ്വാസംമുട്ടുകയാണ്. സമൂഹം അടിമുടി വിഷലിപ്തമായിരിക്കുന്നു. ഒരു പുരോഗമന ശക്തിയെന്ന നിലയിലാണ് മാനവ നാഗരികതയിൽ മുതലാളിത്തം രംഗപ്രവേശം ചെയ്തതെങ്കിലും ആ നാൾമുതൽ അഴിമതിയും അക്രമവും അതിന്റെ കൂടെപ്പിറപ്പായുണ്ട്. ഇതിന്മേൽ സമൂഹത്തിന്റെ കടിഞ്ഞാൺ നിലനിൽക്കുന്നു. തുടക്കംമുതൽ ലാഭം അതിന്റെ ലക്ഷ്യമായിരുന്നെങ്കിലും അതിനെ ന്യായമായ ലാഭം എന്ന് വിശേഷിപ്പിച്ചുകൊണ്ട് ഒരു നിയന്ത്രണം പാലിച്ചിരുന്നു. സ്വതന്ത്ര മത്സരം എന്ന ഓമനപ്പേരിലാണ് മത്സരം അരങ്ങേറിയിരുന്നത്. എന്നാൽ, മുതലാളിത്ത വ്യവസ്ഥ മരണാസന്നമായതോടെ, മറ്റുള്ളവരുടെ അദ്ധ്വാനത്തെ ഉപജീവിച്ചുമാത്രം നിലനിൽക്കാൻ തുടങ്ങിയതോടെ, വമ്പൻ സാമ്രാജ്യത്വ ശക്തികൾ കോളണികളുടെ ചോരയൂറ്റിക്കുടിക്കാൻ തുടങ്ങി. എവ്വിധവും പരമാവധി ലാഭമുണ്ടാക്കുക എന്നതായി ലക്ഷ്യം. എല്ലാ മൂല്യങ്ങളും തത്ത്വങ്ങളും മര്യാദകളും കാറ്റിൽ പറത്തപ്പെട്ടു. ചൂഷണവും അടിച്ചമർത്തലും വിവേചനവും അടിസ്ഥാനപ്പെടുത്തിയ ഒരു മുതലാളിത്ത വ്യവസ്ഥയിൽ, അഴിമതിയും അക്രമവും തുടങ്ങുന്നത്, മൂലധനം കയ്യാളുന്ന കേന്ദ്രങ്ങളിൽനിന്നുതന്നെയാണ്. സർവ്വശക്തമായ മൂലധനത്തിന്, സൈനിക-ഉദ്യോഗസ്ഥ-ഭരണ സംവിധാനത്തിൽ,എന്തിന് നീതിന്യായ സംവിധാനത്തിൽപോലും നിർണ്ണായകമായ സ്വാധീനമുണ്ട്. സ്വാഭാവികമായും മുതലാളിത്ത സംവിധാനം ഊട്ടിവളർത്തുന്ന ഈ രണ്ടുതിന്മകളും അധികാര കേന്ദ്രങ്ങളിൽനിന്ന് താഴേയ്ക്ക് പടർന്ന് സമൂഹത്തിന്റെ സർവ്വ മേഖലകളിലും വ്യാപിക്കുന്നു. ഇതിന്റെയെല്ലാം കെടുതികൾ അനുഭവിക്കേണ്ടിവരുന്ന ജനങ്ങളാകട്ടെ അധികാരമില്ലാത്തവരും അടിച്ചമർത്തപ്പെടുന്നവരും ചൂഷണത്തിന് ഇരയാകുന്നവരും എന്നാൽ, പരസ്പര സഹകരണത്തോടെയും സത്യസന്ധമായും മാന്യമായും ജീവിക്കാൻവേണ്ടി കഷ്ടപ്പെടുന്നവരുമാണ്. എന്നാൽ, ഇത് ഒരിക്കലും സാക്ഷാത്കരിക്കാൻ അവർക്ക് കഴിയുന്നുമില്ല. ലോകത്തെ ഏറ്റവും പാരമ്പര്യമുള്ള യൂറോപ്യൻ ബൂർഷ്വാ രാഷ്ട്രങ്ങൾപോലും ഒന്നൊന്നായി ഈ മാരക രോഗത്തിന് അടിപ്പെട്ടുകൊണ്ടിരിക്കുന്നു.

ഓരോരോ രാജ്യങ്ങളിലായി പുതുമയാർന്ന രൂപങ്ങളിൽ ഈ നാടകം അവതരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. കർട്ടൻ ഉയരുമ്പോൾ, അഴിമതിയുടെയും അക്രമത്തിന്റെയും ഭീതിയുണർത്തുന്ന പുത്തൻ ദൃശ്യാവിഷ്ക്കാരങ്ങൾ കണ്ട് ജനങ്ങൾ ഭയചകിതരാകുന്നു. നിത്യവസന്ത നായകനായ നരേന്ദ്ര മോദിയുടെ നായകത്വത്തിലും അരങ്ങേറുന്നത്, അനന്തമായ ഈ നാടകത്തിന്റെ ഇന്നുവരെ അവതരിപ്പിച്ചിട്ടില്ലാത്ത പുതിയ രംഗഭാഷ്യങ്ങളാണ്.

**വ്യാപം എല്ലാ കുംഭകോണങ്ങളെയും പിന്നിലാക്കുന്നു**

അഴിമതിയുടെ മാനവും തീവ്രതയും അത് സൃഷ്ടിച്ച അപകടവുമൊക്കെ കണക്കിലെടുത്താൽ, അടുത്തയിടെ വെളിച്ചത്തുവന്ന എല്ലാ അഴിമതികളെയും കുംഭകോണങ്ങളെയുംകാൾ മുന്നിൽ നിൽക്കുന്നത് വ്യാപം ആണെന്ന കാര്യത്തിൽ സംശയമില്ല. മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾ, അദ്ധ്യാപകരെയും ബാങ്ക് ഉദ്യോഗസ്ഥരെയും പോലീസ് ഉദ്യോഗസ്ഥരെയുംമറ്റും നിയമിക്കാനുള്ള യോഗ്യതാ പരീക്ഷകൾ തുടങ്ങിയവയൊക്കെ ഉൾപ്പെടുന്നതാണ്, സ്വതന്ത്ര ഭാരതത്തിലെ ഏറ്റവും കുപ്രസിദ്ധമായ അഴിമതി എന്ന പേര് സമ്പാദിച്ച വ്യാപം അഴിമതി. മദ്ധ്യപ്രദേശ് പ്രൊഫഷണൽ എക്സാമിനേഷൻ ബോർഡ്(വ്യാവസായിക് പരീക്ഷാ മണ്ഡൽ അഥവാ വ്യാപം) എന്ന സംവിധാനത്തിൻകീഴിലാണ് മദ്ധ്യപ്രദേശിലെ ഈ പരീക്ഷകൾ 1970 മുതൽ നടത്തി വന്നിരുന്നത്. ഈ പരീക്ഷകളിൽ കൃത്രിമം നടക്കുന്നുവെന്നും വമ്പന്മാരുടെ ശുപാർശപ്രകാരം വൻ

# ബിജെപിയുടെ അഴിമതി ഭരണത്തിനെതിരെ

**ബി**ജെപി ഗവണ്മെന്റുകളുടെ അഴിമതിക്കെതിരെ സംയുക്ത പ്രക്ഷോഭം വളർത്തിയെടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് എസ്‌യുസിഐ(സി) ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് 2015 ജൂൺ 26 ന് അഞ്ച് ഇടതുപക്ഷ പാർട്ടികൾക്ക് കത്ത് നൽകിയിരുന്നു. ഈ നിർദ്ദേശത്തോട് പ്രതികരിച്ചുകൊണ്ട് സിപിഐ(എം), സിപിഐ, ഫോർവേഡ് ബ്ലോക്, ആർഎസ്‌പി, സിപിഐ(എംഎൽ)-ലിബറേഷൻ, എസ്‌യുസിഐ(സി) എന്നീ ആറ് ഇടതുപക്ഷ പാർട്ടികളുടെ യോഗം ജൂലൈ 5 ന് ഡൽഹിയിൽ ചേർന്ന് സംയുക്ത പ്രക്ഷോഭത്തിന്റെ പദ്ധതി തയ്യാറാക്കുകയും താഴെപ്പറയുന്ന സംയുക്ത പ്രസ്താവന പുറപ്പെടുവിക്കുകയും ചെയ്തു. സീതാറാം യെച്ചൂരി, പ്രകാശ് കാരാട്ട് (സിപിഐ(എം), സുധാകർ റെഡ്ഡി, ഡി.രാജ(സിപിഐ), ദീപാങ്കർ ഭട്ടാചാര്യ, സ്വപൻ മുഖർജി(സിപിഐ(എം എൽ)-ലിബറേഷൻ, ജി.ദേവരാജൻ(ഫോർവേഡ്ബ്ലോക്ക്), സത്യവാൻ, പ്രാൺ ശർമ്മ(എസ്‌യുസിഐ(സി), അബനി റോയി (ആർഎസ്‌പി) എന്നിവരാണ് യോഗത്തിൽ പങ്കെടുത്തത്.

1. എൻഡിഎ ഗവണ്മെന്റ് കഴിഞ്ഞ ഒരു വർഷം അഴിമതിരഹിത ഭരണം കാഴ്ചവച്ചു എന്ന ബിജെപിയുടെയും പ്രധാനമന്ത്രിയുടെയും അവകാശവാദങ്ങൾ പൊള്ളയാണെന്ന് തീർത്തും വ്യക്തമായിരിക്കുന്നു. ലളിത് മോദി-ഐപിഎൽ കുംഭകോണത്തിൽ, ഇന്ത്യൻ നിയമ വ്യവസ്ഥയുടെ കണ്ണുവെട്ടിച്ച് വിദേശത്തേയ്ക്ക് കടന്നുകളഞ്ഞ ലളിത് മോദിയെ സഹായിക്കാൻ കേന്ദ്ര വിദേശകാര്യ മന്ത്രിയും രാജസ്ഥാൻ മുഖ്യമന്ത്രിയും അവരുടെ അധികാരം തീർത്തും ദുരുപയോഗം ചെയ്തിരിക്കുന്നു.

കേന്ദ്ര മാനവശേഷി വികസന വകുപ്പുമന്ത്രി തന്റെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് വ്യാജ പ്രസ്താവന നൽകിയിരിക്കുന്നു. ബിജെപി ഭരിക്കുന്ന മഹാരാഷ്ട്രയിൽ സാമ്പത്തിക ലാഭത്തിനായി രണ്ടുമന്ത്രിമാർ അധികാര ദുർവിനിയോഗം നടത്തിയതായി വാർത്ത വന്നിരിക്കുന്നു. ബിജെപി ഭരിക്കുന്ന മറ്റൊരു സംസ്ഥാനമായ ഛത്തീസ്ഗഢിൽനിന്നും ഉന്നതങ്ങളിലെ അഴിമതി സംബന്ധിച്ച വിവരങ്ങൾ പുറത്തുവന്നിട്ടുണ്ട്.

ജുഡീഷ്യറിയുടെ മേൽനോട്ടത്തിൽ ആഴത്തിലുള്ള ഒരു സിബിഐ അന്വേഷണം നടത്തി കുറ്റവാളികളെ പിടികൂടി മാതൃകാപരമായ ശിക്ഷ നൽകണമെന്ന് ഇന്ത്യയിലെ ഇടതുപക്ഷ പാർട്ടികൾ ആവശ്യപ്പെടുന്നു.അന്വേഷണം പൂർത്തിയായി ശിക്ഷ നൽകപ്പെടുന്നതുവരെ കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും ആരോപണവിധേയരായ മന്ത്രിമാരെ പുറത്താക്കണം.

മദ്ധ്യപ്രദേശിലെ വ്യാപം കുംഭകോണം, സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വൃത്തികെട്ട അഴിമതിയിൽ ബിജെപി സർക്കാരിന്റെ പങ്ക് തുറന്നുകാണിച്ചു. ഒമ്പത് പ്രധാനപ്പെട്ട സാക്ഷികളടക്കം ഈ കേസുമായി ബന്ധപ്പെട്ട 27 പേർ ദുരൂഹ സാഹചര്യത്തിൽ മരിച്ചു. ഈ അഴിമതിയെക്കുറിച്ചുള്ള വിവരങ്ങൾ പുറത്തുകൊണ്ടുവന്ന പ്രമുഖ മാദ്ധ്യമപ്രവർത്തകരും ഇതിൽപ്പെടും. ഈ കേസുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ട 47 ദുരൂഹ മരണ



ന്യൂഡൽഹി


ഭോപ്പാൽ -മദ്ധ്യപ്രദേശ്



ബാംഗ്ലൂർ- കർണ്ണാടക



ബോക്കാറോ - ഒറീസ്സ


തേനി - തമിഴ്നാട്

**വ്യാപം കുംഭകോണം**

# അഴിമതി തുടച്ചുനീക്കാൻ മുതലാളിത്തത്തെ ഇല്ലാതാക്കണം

തുകകൾ കൈപ്പറ്റിക്കൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനവും സർക്കാർ സ്ഥാപനങ്ങളിൽ നിയമനവും നേടിയെടുക്കുന്നുവെന്നും 2009 മുതൽ പരാതികൾ ഉയർന്നിരുന്നു. ബിജെപി മുഖ്യമന്ത്രി, ആർഎസ്എസ്-ബിജെപി പ്രമുഖർ, ഉദ്യോഗസ്ഥ പ്രമാണിമാർ, ഗവർണരുടെ ഓഫീസ് തുടങ്ങി പലരും ഇതിൽ പങ്കാളികളായിട്ടുണ്ട്. എങ്ങനെയാണ് ഈ കൃത്രിമം നടക്കുന്നത്? പകരക്കാരനെക്കൊണ്ട് പരീക്ഷ എഴുതിക്കുക, വ്യാജ പ്രവേശന കാർഡ് നൽകുക, വ്യാജ മാർക്ക് ഷീറ്റ് നൽകുക, നിയമന ഉത്തരവിൽ പേര് മാറ്റി നൽകുക, പണം നൽകുന്നവർക്ക് പ്രത്യേകം ഉത്തരക്കടലാസ് നൽകുകയും അവരത് വീട്ടിലിരുന്ന് സ്വസ്ഥമായി പൂരിപ്പിക്കുകയും ചെയ്യുക തുടങ്ങി പല വിധത്തിലാണ് കൃത്രിമം നടക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ, പരിമിതമായ പ്രൊഫഷണൽ സീറ്റുകളും സർക്കാർ ഉദ്യോഗവുമൊക്കെ സ്വാധീനവും പണവുമുള്ളവർ വൻ തുക നൽകി കരസ്ഥമാക്കുന്നു. ഇതുമായി ബന്ധപ്പെട്ട് 2000 കോടി രൂപയുടെ കൈമാറ്റം നടക്കുന്നുവെന്നാണ് കരുതിയിരുന്നതെങ്കിൽ, 36000 കോടിയുടെ തിരിമറി നടക്കുന്നുണ്ടെന്നാണ് ഇപ്പോൾ കണക്കാക്കുന്നത്. 2ജി സ്പെക്ട്രം, കൽക്കരി കുംഭകോണം എന്നിവയുമായൊക്കെ തട്ടിച്ചുനോക്കുമ്പോൾ ഈ തുക വളരെ കുറവാണ്. എന്നാൽ, ഈ കുറ്റകൃത്യവും അതിൽ ഉൾപ്പെട്ടവരെയും പുറത്തുകൊണ്ടുവരാൻ കഴിയുന്നവരെന്ന് കരുതുന്ന നിരവധിപേരുടെ അസാധാരണമായ മരണം മേൽപ്പറഞ്ഞ കുംഭകോണങ്ങളിലൊന്നും സംഭവിച്ചിട്ടില്ല. അതുകൊണ്ടുതന്നെ വ്യാപം, രാജ്യം കണ്ട ഏറ്റവും ഭീകരവും സംഘടിതവുമായ കുറ്റകൃത്യമായി മാറുന്നു.

2000 മുതൽ വ്യാപവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ നടക്കുന്നുണ്ട്. എന്നാൽ, മെഡിക്കൽ പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട്, ആൾമാറാട്ടം നടന്നതും പണം കൈമാറിയതുമൊക്കെ വെളിയിൽ വരുന്നത്, 2009-ൽ മാത്രമാണ്. അതോടെ, ഒരു സംഘടിത കുറ്റകൃത്യമെന്ന നിലയിലുള്ള സംശയങ്ങൾ ഉയർന്നു. ജനങ്ങളുടെ മനസ്ഥിതി മനസ്സിലാക്കിയ ബിജെപി സർക്കാർ അന്ന് ഒരു അന്വേഷണ സംഘത്തെ നിയോഗിച്ചു. ആ കമ്മിറ്റി ആദ്യ യോഗം ചേർന്നത് രൂപീകരിക്കപ്പെട്ട് പതിമൂന്ന് മാസങ്ങൾക്കുശേഷവും സർക്കാരിന് ഒരു റിപ്പോർട്ട് സമർപ്പിച്ചത് 2011-ലും. ഇതേത്തുടർന്ന് ആയിരത്തിലേറെപ്പേർ അറസ്റ്റിലായെങ്കിലും വമ്പന്മാരൊന്നും പിടിക്കപ്പെട്ടില്ല. ജനങ്ങളുടെ അസംതൃപ്തിയെത്തുടർന്ന്, ശിവരാജ് സിംഗ് ചൗഹാന്റെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ ഈ വിഷയം അന്വേഷിക്കാൻ ഒരു പ്രത്യേക അന്വേഷണ സംഘത്തിന് രൂപം നൽകി. ഗവർണർ രാം നരേശ് യാദവ്, മകൻ ശൈലേഷ് യാദവ് തുടങ്ങി പലർക്കുമെതിരെ പല തെളിവുകളും ദൗത്യ സംഘത്തിന് ലഭിച്ചു. കേസിൽ പ്രതിയായ ശൈലേഷ് യാദവിനെ 2015 മാർച്ചിൽ സ്വ വസതിയിൽ മരിച്ച നിലയിൽ കണ്ടെത്തി. ആർഎസ്എസ് നേതാവ് സുദർശൻ, കേന്ദ്ര മന്ത്രി സുഷമ സ്വരാജ് തുടങ്ങി പല വൻ തോക്കുകൾക്കും ഇതുമായി ബന്ധമുള്ളതായാണ് കരുതപ്പെടുന്നത്. കേസിലെ പ്രതിയായ നിതിൻ മഹേന്ദ്രയുടെ ഡയറിയിൽനിന്ന് വ്യക്തമാകുന്നത്, അയോഗ്യരായ പലർക്കുംവേണ്ടി മുഖ്യമന്ത്രി തന്നെ ശുപാർശ ചെയ്തിട്ടുണ്ടെന്നാണ്. ഡൽഹി ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള ഹാർഡ് ഡിസ്ക്കിൽനിന്ന്, മുഖ്യമന്ത്രിയുടേതായി 48 ശുപാർശകൾ ഉള്ളതായും മുഖ്യമന്ത്രിയുടെ വസതിയിൽനിന്ന് മുന്നൂറിലേറെ തവണ ഫോൺ ചെയ്തിട്ടുള്ളതായും വ്യക്തമാകുന്നുണ്ട്. ഇതേത്തുടർന്ന് പല മന്ത്രിമാരും ഉദ്യോഗസ്ഥരും അറസ്റ്റ് ചെയ്യപ്പെട്ടെങ്കിലും മുഖ്യമന്ത്രിയെ സ്പർശിച്ചിട്ടില്ല. അദ്ദേഹം ഇതൊന്നുമറിഞ്ഞില്ല എന്ന് വിശ്വസിക്കാൻ പ്രയാസമാണ്. മുഖ്യമന്ത്രിയുടെ ഭാര്യ സാധനസിംഗിന്റെ ഫോണിൽനിന്നുള്ള എസ്എംഎസ് സന്ദേശം ലഭിച്ച നിരവധിപേർ അറസ്റ്റിലായെങ്കിലും സന്ദേശമയച്ചയാളെ വെറുതെ വിട്ടിരിക്കുന്നു. ഈ കുഭകോണത്തിലെ ചില പ്രധാനികളിൽനിന്ന് 85 ലക്ഷം രൂപ കൈപ്പറ്റിയിട്ടുള്ളതായി ഒരു മന്ത്രിയുടെ പേഴ്സണൽ സെക്രട്ടറി വക വെളിപ്പെടുത്തലുമുണ്ട്.

**അസ്വാഭാവിക മരണങ്ങളുടെ ഘോഷയാത്ര: സ്വാഭാവികം മാത്രമെന്ന് മന്ത്രി**

രാഷ്ട്രീയത്തിലെയും ഭരണത്തിലെയും ഉന്നതൻമാരുടെ ഒത്താശയില്ലാതെ ഇതുപോലൊരു അഴിമതി നടത്താനാവില്ലെന്ന് വ്യക്തമാണ്. എന്നാൽ, കൂടുതൽ കാര്യങ്ങൾ വെളിച്ചത്തുവരുന്നതോടെ, മഞ്ഞുമലയുടെ മുക

*(ശേഷം 10-ാം പേജിൽ)*

# ആറ് ഇടതുപക്ഷപാർട്ടികൾ സംയുക്ത പ്രക്ഷോഭത്തിൽ

ങ്ങളാണ് ഇതിനകം റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നത്.

ബിജെപി സർക്കാരുകളുടെ അഴിമതി തുറന്നുകാണിച്ചുകൊണ്ട് ജൂലൈ 20 അഖിലേന്ത്യാ പ്രതിഷേധ ദിനമായി ആചരിക്കും.

2. മാലേഗാവ്, ഹൈദരാബാദ് മെക്ക മസ്ജിദ്, അജ്മീർ ഷരീഫ്, സമഝോത്താ എക്സ്പ്രസ് തുടങ്ങി അന്വേഷണം നടന്ന കേസുകളിൽ ഹിന്ദുത്വ ഭീകരതയ്ക്ക് ഒത്താശ ചെയ്ത് നീതിന്യായ പ്രക്രിയയെ തകിടം മറിക്കുന്ന കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും ബിജെപി സർക്കാരുകളുടെ നിലപാടുകളെ ഇടതുപാർട്ടികൾ ശക്തമായി അപലപിക്കുന്നു. മാലേഗാവ്, അജ്മീർ ഷരീഫ് കേസുകൾതന്നെ അട്ടിമറിക്കാനാണ് ശ്രമിക്കുന്നത്.

3. കേന്ദ്ര ട്രേഡ്യൂണിയനുകൾ ആഹ്വാനം ചെയ്തിരിക്കുന്ന സെപ്തംബർ 2ന്റെ ദേശീയ പൊതുപണിമുടക്കിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് സംയുക്ത പ്രസ്താവന ഇറക്കും.

4. ബീഹാർ തെരഞ്ഞെടുപ്പിൽ ഇടതുപാർട്ടികൾ യോജിച്ച് മത്സരിക്കും.

**ജൂലൈ 20 അഖിലേന്ത്യാ പ്രതിഷേധ ദിനമായി ആചരിച്ചു**

കേന്ദ്രത്തിലും വിവിധ സംസ്ഥാനങ്ങളിലും അധികാരം കയ്യാളുന്ന ബിജെപി സർക്കാരുകളുടെ വമ്പൻ അഴിമതി തുറന്നുകാണിച്ചുകൊണ്ട് ഇടതുപക്ഷ പാർട്ടികൾ ജൂലൈ 20 അഖിലേന്ത്യാ പ്രതിഷേധ ദിനമായി ആചരിച്ചു. അധികാരസ്ഥാനങ്ങളിലിരിക്കുന്ന, അഴിമതിയിലും അവിഹിത ഇടപാടുകളിലും പങ്കാളികളായ എല്ലാവരെയും പുറത്താക്കുകയും കർശന ശിക്ഷ നൽകുകയും ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് വിവിധ സംസ്ഥാനങ്ങളിൽ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു.

മേൽപ്പറഞ്ഞ വിഷയങ്ങൾ കൂടാതെ, ശാരദാ ചിട്ടിഫണ്ട് കുംഭകോണംപോലെ സംസ്ഥാനതലത്തിലുള്ള വിഷയങ്ങളും സംസ്ഥാനതല പരിപാടികളിൽ ഉന്നയിക്കപ്പെട്ടു. ●



മുംബൈ - മഹാരാഷ്ട്ര



ഹൈദ്രാബാദ് -ആന്ധ്ര-തെലുങ്കാന



മോറാദാബാദ് - ഉത്തർപ്രദേശ്



കോൽക്കത്ത - പശ്ചിമബംഗാൾ



പാറ്റ്ന - ബീഹാർ

വ്യാപം കുംഭകോണം

# കോൺഗ്രസ്സിന്റെ അഴിമതി വിരുദ്ധ പോരാട്ടം കാപട്യം

(9-ാം പേജിൽ നിന്ന്)

ളറ്റം മാത്രമാണ് ദൃശ്യമായിട്ടുള്ളതെന്ന് വ്യക്തമാകുകയാണ്. കുപ്രസിദ്ധമായ ഈ കുംഭകോണം, ഉന്നതരുൾപ്പെട്ട ഒരു അഴിമതി എന്നതിൽനിന്ന്, അധികാരസ്ഥാനങ്ങളിലുള്ളവരും മാഫിയാ സംഘങ്ങളും വാടകക്കൊലയാളികളുമൊക്കെച്ചേർന്നുള്ള ഒരു ആസൂത്രിതവും സംഘടിതവുമായ കുറ്റകൃത്യം എന്ന നിലയിലേയ്ക്ക് ഉയർന്നിരിക്കുകയാണ്.

പ്രതികൾ, സാക്ഷികൾ, സർക്കാർ ഉദ്യോഗസ്ഥർ, അന്വേഷണോദ്യോഗസ്ഥർ, പ്രൊഫസർമാർ, അന്വേഷണാത്മക മാദ്ധ്യമപ്രവർത്തകർ, ഇന്റർനെറ്റിലൂടെ പ്രതികരിക്കുന്ന വിസിൽ ബ്ലോവേഴ്സ് തുടങ്ങിയവരുടെ 48 അസ്വാഭാവിക മരണങ്ങളാണ് ഏതാനും വർഷത്തെ അന്വേഷണകാലയളവിനുള്ളിൽ സംഭവിച്ചിരിക്കുന്നത്. എല്ലാ മരണങ്ങളും സംശയാസ്പദമായ സാഹചര്യങ്ങളിലാണ് സംഭവിച്ചിരിക്കുന്നത്. ഈ വിഷയത്തിൽ വലിയ ഒച്ചപ്പാടുണ്ടാകുകയും ആർഎസ്എസ്-ബിജെപി നേതാക്കൾ പരസ്പരവിരുദ്ധമായ പ്രസ്താവനകളുമായി ഉരുണ്ടുകളിക്കുകയും ചെയ്തുകൊണ്ടിരുന്നതിനിടയിൽ, അതായത് ജൂലൈ 4ന് ശേഷം ചുരുങ്ങിയത് 4 പേർ മരിച്ചിട്ടുണ്ട്. മരിച്ച നമ്രത എന്ന പെൺകുട്ടിയുടെ കുടുംബാംഗങ്ങളുടെ ഇന്റർവ്യൂ എടുക്കാൻപോയ അക്ഷയസിംഗ് എന്ന ടി.വി മാദ്ധ്യമപ്രവർത്തകനാണ് ഒരാൾ. എന്തോ പാനീയം കഴിച്ചതിന് ശേഷമാണ് ഇയാളുടെ മരണം സംഭവിച്ചത്. ഒരു മെഡിക്കൽ കോളേജിലെ ഡീൻ ആണ് മറ്റൊരാൾ. അഡ്മിഷന് കൈക്കൂലി നൽകിയ 200 പേരുടെ ലിസ്റ്റ് സമർപ്പിച്ച് രണ്ട് ദിവസം കഴിഞ്ഞപ്പോൾ ഇദ്ദേഹത്തെ ഡൽഹിയിൽ ഒരു ഹോട്ടലിൽ മരിച്ച നിലയിൽ കണ്ടെത്തി. കൃത്യം ഒരു വർഷംമുമ്പ് ഇതേ കോളേജിലെ മറ്റൊരു ഡീനും അസ്വാഭാവിക മരണത്തിന് ഇരയായിരുന്നു എന്നതും ശ്രദ്ധേയമാണ്. സബ് ഇൻസ്പെക്ടർ ട്രെയിനിയായ ഒരു സ്ത്രീയെ ഒരു ജലാശയത്തിലാണ് മരിച്ചനിലയിൽ കണ്ടത്. മദ്ധ്യപ്രദേശ് ഹൈക്കോടതിയിലെ ബാർ അസോസിയേഷന്റെ ചെയർമാൻ ആണ് നാലാമത്തെ ആൾ. ഒരു സ്വകാര്യ മെഡിക്കൽ കോളേജിലെ പ്രവേശനത്തിലെ കൃത്രിമം സംബന്ധിച്ച ഒരു പൊതുതാല്പര്യ ഹർജിയിൽ ബുധനാഴ്ച വാദം നടത്താനിരിക്കെ, തലേന്ന് ഇദ്ദേഹത്തിന് ഓഫീസിൽവച്ച് അസുഖം ബാധിക്കുകയായിരുന്നു. വിഷം ഉള്ളിൽച്ചെന്നാണ് മരണം സംഭവിച്ചത് എന്നാണ് സംശയിക്കുന്നത്. ആദ്യം പറഞ്ഞ മെഡിക്കൽ വിദ്യാർത്ഥിനി നമ്രതയുടെ മരണത്തെക്കുറിച്ച് അല്പംകൂടി പറയേണ്ടതുണ്ട്. ഈ പെൺകുട്ടിക്കുവേണ്ടി മറ്റൊരാളാണ് പരീക്ഷയെഴുതിയത്. ഇയാളുടെ മൃതശരീരം ഒരു റെയിൽവേ ട്രാക്കിലാണ് കാണപ്പെട്ടത്. മികച്ച പ്രവർത്തനത്തിന് ബിജെപി മുഖ്യമന്ത്രിയുടെ അംഗീകാരം ലഭിച്ച പ്രത്യേക അന്വേഷണ സംഘവും പോലീസും പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഇതൊരു കൊലപാതകമാണെന്നാണ് ആദ്യം പറഞ്ഞത്. പിന്നെ അവർ മലക്കംമറിഞ്ഞ് ആത്മഹത്യയാക്കി. ആത്മഹത്യയെന്ന് സ്ഥാപിക്കാൻവേണ്ടി അന്ന് പുറത്തുവിട്ട പോസ്റ്റ്മോർട്ടം റിപ്പോർട്ട് നമ്രതയുടേതായിരുന്നില്ലെന്നും മറ്റൊരു പെൺകുട്ടിയുടേതായിരുന്നെന്നും പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടർമാർ അടുത്തയിടെ മാദ്ധ്യമങ്ങളോട് പറഞ്ഞു. ശ്വാസം മുട്ടിച്ചതിന്റെയും മൽപ്പിടുത്തം നടന്നതിന്റെയും തെളിവുകൾ നമ്രതയുടെ ശരീരത്തിലുണ്ടായിരുന്നുവെന്നും ഇവർ പറഞ്ഞു. ഇത് പല സംശയങ്ങളും ഉയർത്തുന്നുണ്ട്. പ്രത്യേക സംഘം നടത്തുന്ന അന്വേഷണം വെറും പ്രഹസനമാണ്. സത്യം മൂടിവച്ച് അന്വേഷണം പ്രഹസനമാക്കാനുള്ള തന്ത്രങ്ങളാണ് അവർ പയറ്റുന്നത്. മുൻമുഖ്യമന്ത്രിയും സംസ്ഥാന ആഭ്യന്തരമന്ത്രിയുമായ ബാബുലാൽ ഗൗറിന്റെ ധാർഷ്ട്യം നിറഞ്ഞ പ്രസ്താവന "മരണം സ്വാഭാവികമായ കാര്യമാണ്, ജനിച്ചാൽ ഒരുനാൾ മരിക്കും!" എന്നതായിരുന്നു. കേന്ദ്ര ആഭ്യന്തരമന്ത്രിയായ ബിജെപി നേതാവ് ഇതൊരു നിസ്സാരകാര്യമാണ് എന്നമട്ടിലാണ് പ്രതികരിച്ചത്. മുഖ്യമന്ത്രിമുതൽ കേന്ദ്രത്തിലെയും മദ്ധ്യപ്രദേശിലെയും എല്ലാ ബിജെപി നേതാക്കളും ഭീകരമായ ഈ കുറ്റകൃത്യത്തിന്റെ ഗൗരവം ചോർത്തിക്കളയാൻ കഷ്ടപ്പെടുകയാണ്. നേരെമറിച്ച്, ഇതുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടവരുടെ ദുരൂഹമരണങ്ങൾ ഗൗരവാവഹമായ ചില ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. ഈ മരണങ്ങളിൽനിന്ന് ആരാണ് നേട്ടമുണ്ടാക്കുന്നത്? ബഹുതല സ്പർശിയായ ഈ കുംഭകോണത്തിന്റെ തലപ്പത്തുള്ളവർക്ക് അലോസരമുണ്ടാക്കുന്ന വസ്തുതകൾ പുറത്തുകൊണ്ടുവന്നേക്കാവുന്നവരെ നിശബ്ദരാക്കാനുള്ള ഒരു ഹീനപദ്ധതിയെക്കുറിച്ച് ദുസ്സൂചന നൽകുന്നില്ലേ ഈ അസ്വാഭാവിക മരണങ്ങൾ? നിശബ്ദ കൊലപാതകങ്ങളിൽ വൈദഗ്ദ്ധ്യം നേടിയ വാടകക്കൊലയാളികളും മാഫിയകളും സ്വാധീനശക്തിയുള്ള വമ്പൻമാരുമൊക്കെ ഉൾപ്പെട്ട ഒരു വൻ ഗൂഢപദ്ധതിയല്ലേ ഇതിലൂടെ ചുരുളഴിയുന്നത്?

സംശയത്തിന്റെ നിഴലിൽ നിൽക്കുന്ന മദ്ധ്യപ്രദേശ് മുഖ്യമന്ത്രിക്ക്, അതിശക്തമായ ജനകീയ സമ്മർദ്ദംമൂലം, സിബിഐ അന്വേഷണം എന്ന ആവശ്യത്തിന് വഴങ്ങേണ്ടിവന്നു. എന്നാൽ, കാര്യങ്ങൾ വരുതിയിലാക്കാനുള്ള ഒരു അവസാന ശ്രമമെന്നനിലയിൽ, സിബിഐ അന്വേഷണത്തിന് ഉത്തരവിടണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള ഒരു ഹർജി മദ്ധ്യപ്രദേശ് ഹൈക്കോടതിയിൽ ഫയൽചെയ്ത് തന്ത്രപൂർവ്വം പന്ത് കോടതിയുടെ കോർട്ടിലേയ്ക്ക് തട്ടിയിരിക്കുകയാണ് ഇദ്ദേഹം. എന്തായാലും, വിഷയം സുപ്രീംകോടതിയുടെ പരിഗണനയിൽ വരികയും, ഇതുവരെയുണ്ടായ സംശയകരമായ മരണങ്ങളടക്കം ഈ വിഷയത്തിൽ ഒരു സിബിഐ അന്വേഷണത്തിന് കോടതി ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. എന്നാൽ, അടിമുടി അഴിമതിയിൽ മുങ്ങിയ ഒരു വ്യവസ്ഥയിൽ, അധികാരം കയ്യാളുന്ന പലരും ഈ കേസിൽ പങ്കാളികളാണെന്ന് സംശയിക്കപ്പെടുന്ന സാഹചര്യത്തിൽ, ജനകീയ പ്രക്ഷോഭങ്ങളുടെ നിരന്തര സമർദ്ദമില്ലെങ്കിൽ, സിബിഐ അന്വേഷണം ഒരു പാഴ്‌വേലയായി പരിണമിക്കാനുള്ള എല്ലാ സാദ്ധ്യതയുമുണ്ടെന്ന കാര്യംകൂടി ഇവിടെ പരാമർശിക്കട്ടെ.

**അഴിമതിരഹിതവും സംശുദ്ധവുമായ ഭരണം വാഗ്ദാനം ചെയ്ത ബിജെപി**

**ഒരു വർഷം പോലും തികയുന്നതിനു മുമ്പ് കുംഭകോണങ്ങളുടെ തുടർക്കഥയിലെ നായകനാകുന്നു**

അഴിമതിരഹിതവും സംശുദ്ധവുമായ പാർട്ടി എന്നവകാശപ്പെടുന്ന ബിജെപി സൽഭരണം വാഗ്ദാനം ചെയ്തുകൊണ്ടാണ് കഴിഞ്ഞ തെരെഞ്ഞെടുപ്പിൽ വോട്ടുപിടിച്ചത്. ഇത് വെറും തട്ടിപ്പായിരുന്നുവെന്ന് ഒരു വർഷംപോലും തികയുന്നതിനുമുമ്പെ വ്യക്തമായി. ചീഞ്ഞുനാറുന്ന കുംഭകോണങ്ങളുടെ വിവരങ്ങൾ ഒന്നൊന്നായി പുറത്തുവന്നുകൊണ്ടിരിക്കുന്നു. ഭരണം നയിക്കുന്ന ആർഎസ്എസ്-ബിജെപി നേതാക്കൾ എല്ലാം അമർത്തി വയ്ക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ, സ്വതവേ വാചാടോപപ്രിയനായ നരേന്ദ്രമോദി വാചാലവും ഭീതിദവുമായ മൗനം അവലംബിക്കുകയാണ്. ലോകം 'വെട്ടിപ്പിടിക്കാൻ' വിദേശ രാജ്യങ്ങളിൽ പറന്നുനടക്കുകയാണദ്ദേഹം. അഴിമതിയോടുള്ള അവരുടെ സമീപനം ഇതിൽനിന്ന് വ്യക്തമാണ്. അവരുടെ ഹീനമായ താൽപ്പര്യവും പദ്ധതികളും ഇത് വെളിവാക്കുന്നുമുണ്ട്.

വെടിയുണ്ടയുടെ വേഗത്തിലാണ് ആർഎസ്എസ്-ബിജെപി നേതാക്കൾ ഉൾപ്പെട്ട അഴിമതികൾ ഒന്നൊന്നായി പുറത്തുവന്നുകൊണ്ടിരിക്കുന്നത്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെ കബളിപ്പിച്ച് നാടുകടന്ന, വൻ അഴിമതിക്കാരൻ ലളിത്മോദിക്ക് തികച്ചും നിയമവിരുദ്ധമായി യാത്രാരേഖകൾ തരപ്പെടുത്തിക്കൊടുക്കാൻ, കേന്ദ്ര വിദേശകാര്യ മന്ത്രി സുഷമസ്വരാജ് സ്വന്തം പദവി ദുരുപയോഗപ്പെടുത്തി, ബ്രിട്ടീഷ് ഗവണ്മെന്റുമായി ഇടപാടുകൾ നടത്തിയ കാര്യം ഇപ്പോൾ പുറത്തുവന്നിരിക്കുന്നു. ലളിത് മോദിക്ക് ഇമിഗ്രേഷൻ രേഖകൾ ലഭിക്കാൻ ബിജെപിയുടെ രാജസ്ഥാൻ മുഖ്യമന്ത്രി വസുന്ധരരാജെയും ഒത്താശ ചെയ്തിട്ടുണ്ട്. ഇവരുടെ കുടുംബവും ലളിത് മോദിയുമായി പല അവിഹിത സാമ്പത്തിക ഇടപാടുകളും നടക്കുന്നുമുണ്ട്. ഈ കോലാഹലങ്ങൾക്കിടയിലാണ് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രി സ്മൃതി ഇറാനിയുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ചുള്ള വിവാദങ്ങൾ പ്രത്യക്ഷപ്പെട്ടത്. 2004-ലും 11-ലും 14-ലും തെരെഞ്ഞെടുപ്പ് കമ്മീഷന് നൽകിയ സത്യവാങ്മൂലത്തിൽ വ്യത്യസ്തമായ വിവരങ്ങളാണ് വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് ഇവർ നൽകിയിരിക്കുന്നതെന്ന കാര്യം പരാതിയായി ഡൽഹിയിലുള്ള ഒരു കോടതിയുടെ മുമ്പാകെ എത്തിയപ്പോൾ അതിൽ വസ്തുതയുണ്ടെന്ന് കോടതി കണ്ടെത്തുകയായിരുന്നു. ഇതിനുശേഷമാണ് മഹാരാഷ്ട്രയിൽനിന്ന് മുണ്ടേ-താഡേ സംഭവം പുറത്തുവരുന്നത്. ബിജെപിയുടെ വനിതാ-ശിശുക്ഷേമ മന്ത്രി പങ്കജ മുണ്ടേയും സംസ്ഥാന വിദ്യാഭ്യാസ മന്ത്രി വിനോദ് താഡേയും കോടിക്കണക്കിന് രൂപയുടെ പർച്ചേസിന് നിയമവിരുദ്ധമായും ക്രമവിരുദ്ധമായും അനുമതി നൽകി എന്നായിരുന്നു ആരോപണം. ഇതിനൊക്കെപ്പുറമേയാണ് ബിജെപിയുടെ ഛത്തീസ്ഗഢ് മുഖ്യമന്ത്രിയും ഭാര്യയും ഭാര്യാസഹോദരിയും ഉൾപ്പെട്ട അഴിമതി. പൊതുവിതരണ സംവിധാനം വഴി അരി വിതരണം ചെയ്യുന്നതിൽ 36000 കോടി രൂപയുടെ അഴിമതി നടത്തി എന്നാണ് ആരോപണം.

**മുതലാളിത്ത വ്യവസ്ഥയെ സേവിക്കുന്നത് കോൺഗ്രസ്സോ ബിജെപിയോ**

**ആരുമാകട്ടെ അഴിമതിയും അക്രമവും ഒഴിവാക്കാനാവില്ല**

ഒരു വർഷംകൊണ്ട് ഇത്രയും അഴിമതിയും അക്രമവും നടത്തിയ ബിജെപിക്കാർ ഈ വേഗതയിൽ പോയാൽ എവിടെച്ചെന്ന വസാനിക്കും എന്നതാണ് എല്ലാവരെയും അത്ഭുതപ്പെടുത്തുന്നത്. കോൺഗ്രസ്സ്, ബിജെപി, ഡിഎംകെ എന്നീ പാർട്ടികളുടെ ചില നേതാക്കൾ മാത്രമല്ല, എല്ലാ പ്രധാനപാർലമെന്ററി പാർട്ടികളും അഴിമതിക്കാരാണെന്ന് മുൻ യുപിഎ സർക്കാരും ഇപ്പോഴത്തെ ബിജെപി സർക്കാരും തെളിയിച്ചിരിക്കുകയാണ്. പാർട്ടി ഏതായാലും, അത് ഇടതുപക്ഷ മുദ്രാവാക്യങ്ങൾ ഉരുവിടുന്നവരായാലും, ഇതിൽനിന്ന് മുക്തരല്ല. അവർ മുഖം രക്ഷിക്കാൻ അഴിമതിക്കും അക്രമത്തിനുമൊക്കെ എതിരെ വാചാലരാകുന്നു എന്നുമാത്രം. അഴിമതി ഏതെങ്കിലും വ്യക്തിയിലോ മേഖലയിലോ സംസ്ഥാനത്തോ ഒന്നും ഒതുങ്ങി നിൽക്കുന്നില്ല. ജീർണ്ണമായ മുതലാളിത്ത വ്യവസ്ഥയുടെ മുഖമുദ്രയാണ് അഴിമതി. മുതലാളിത്തവ്യവസ്ഥ അഴിമതിയും അക്രമവും ഊട്ടിവളർത്തുകയാണ്. സ്വന്തം ആയുസ്സ് നീട്ടിയെടുക്കാൻവേണ്ടി, അത് ആദർശങ്ങളെയും മൂല്യങ്ങളെയും നൈതികതയെയും സദാചാരത്തെയുമെല്ലാം തകർക്കുന്നു. തട്ടിപ്പ്, അഴിമതി, ധാർഷ്ട്യം, മൂല്യനിരാസം, നിയമലംഘനം എന്നിവയ്ക്കൊക്കെ മുതലാളിത്ത വാഴ്ച നൂതന മാർഗ്ഗങ്ങൾ ഒരുക്കിക്കൊടുക്കുന്നു. അഴിമതിയും അക്രമവും മുതലാളിത്ത വ്യവസ്ഥയുടെതന്നെ പര്യായപദമായി ത്തീർന്നിരിക്കുകയാണ്. മുതലാളിത്ത സംവിധാനത്തെ നിലനിർത്തുകയും സേവിക്കുകയും ചെയ്യുന്ന ഉന്നതങ്ങളിലെ രാഷ്ട്രീയ-വ്യവസായ-ഉദ്യോഗസ്ഥ-ഭരണ-കുറ്റവാളി സഖ്യത്തിൽനിന്നാണ് ഇതിന് തുടക്കം കുറിക്കപ്പെടുന്നത്. "വ്യാപം കുംഭകോണത്തിന്റെ കാര്യത്തിൽ ഞങ്ങൾക്ക് ഒരു പശ്ചാത്താപവുമില്ല" എന്ന് പ്രഖ്യാപിക്കുന്ന മദ്ധ്യപ്രദേശിലെ ബിജെപി പ്രസിഡന്റ് നന്ദകുമാർ സിംഗിന്റെ വാക്കുകളിൽ അവരുടെ സമീപനം അടങ്ങിയിരിക്കുന്നു. ഈ ധാർഷ്ട്യവും കൂസലില്ലായ്മയും, അഴിമതിയും കുംഭകോണങ്ങളുമൊക്കെ തഴച്ചുവളരാനും സമൂഹത്തിന്റെ സമസ്ത രംഗങ്ങളിലേയ്ക്കും അരിച്ചിറങ്ങാനും സഹായകമാകുന്നു. അഴിമതി ക്കാർക്കിടയിലെ തർക്കമോ യാദൃശ്ചിക സംഭവങ്ങളോമറ്റോ കാരണം ചിലപ്പോഴൊക്കെ അഴിമതികൾ പുറത്തറിയുന്നു. കുറച്ചുദിവസത്തേയ്ക്ക് വലിയ കോലാഹലങ്ങളായിരിക്കും. ക്രമേണ എല്ലാം കെട്ടടങ്ങും. പലപ്പോഴും കരാറുകളുണ്ടാക്കി എല്ലാം ഒതുക്കിത്തീർക്കും. ഒരു തരത്തിലും മൂടിവയ്ക്കാൻ പറ്റാത്ത, അസഹനീയമായ സംഭവങ്ങളുണ്ടാകുമ്പോൾ നിവൃത്തിയില്ലാതെ ഒരു ബലിയാടിനെ കണ്ടെത്തും. അത് താഴെത്തട്ടിലുള്ളവരായിരിക്കും. ഉന്നതൻമാർ ഒരിക്കലും പിടിക്കപ്പെടില്ല. അഴിമതിക്കെതിരെ വലിയ ഒച്ചപ്പാടും ബഹളവുമൊക്കെ ഉണ്ടാകുമ്പോൾ അഴിമതി തുടച്ചുനീക്കുമെന്നും മറ്റുമുള്ള പ്രഖ്യാപനങ്ങളുണ്ടാകും. എന്നാൽ, എന്തെങ്കിലും നടപടിയുണ്ടാകുന്നത് പല ഘടകങ്ങൾ പരിഗണിച്ചുകൊണ്ടുമാത്രമായിരിക്കും. എന്തെങ്കിലും ശിക്ഷ നൽകിയാൽ അതൊരു കീഴ്‌വഴക്കം സൃഷ്ടിക്കുമോ, ഉന്നതർക്ക് വല്ല അലോസരവുമുണ്ടാക്കുമോ എന്നൊക്കെ പരിഗണിക്കേണ്ടിവരും. ഒടുവിൽ ജീർണ്ണിച്ച മുതലാളിത്തവ്യവസ്ഥ അനുനിമിഷം അഴിമതിയെ പോഷിപ്പിച്ച് മുന്നോട്ടുപോകും. ചൗഹാൻമാരും സുഷമ സ്വരാജുമാരും ലളിത് മോദിമാരും സൃഷ്ടിക്കപ്പെട്ടുകൊണ്ടുമിരിക്കും. ഈ പതിവ് നാടകത്തിൽ വ്യാപം ഒരു പുതിയ അദ്ധ്യായംകൂടി എഴുതിച്ചേർത്തിരിക്കുന്നു. സംഘടിതമായ കുറ്റകൃത്യങ്ങളിലൂടെയും കൊലപാതകങ്ങളിലൂടെയുംമറ്റും അഴിമതിക്കും സ്വജനപക്ഷപാതത്തിനുമൊക്കെ സംരക്ഷണമൊരുക്കുന്ന ഭീകരമായൊരു അദ്ധ്യായം.

**അഴിമതിക്കെതിരെ അലമുറയിടുന്ന കോൺഗ്രസ്സിന്റെ ചെയ്തികൾ ആരും മറന്നിട്ടില്ല.**

ബിജെപി പ്രതിക്കൂട്ടിൽ നിൽക്കുന്നതു കണ്ട് കോൺഗ്രസ് നേതാക്കൾ സന്തോഷിക്കുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ തങ്ങൾക്ക് കടുത്ത പരാജയം സമ്മാനിച്ച ബിജെപി പൊടുന്നനെ വിഷമസ്ഥിതിയിലായത് കോൺഗ്രസ്സിന് അവരെ കൈകാര്യം ചെയ്യാൻ അവസരമൊരുക്കിക്കൊടുത്തു. എന്നാൽ അവർക്കിങ്ങനെ ഓരിയിടാൻ വല്ല അവകാശവുമുണ്ടോ? ഒന്നിനുപുറകെ ഒന്നായി വെളിച്ചത്തുവന്ന കുംഭകോണങ്ങളിൽ കഴുത്തറ്റം മുങ്ങിനിന്ന, കോൺഗ്രസ്സ് നേതൃത്വംനൽകിയ യുപിഎ ഭരണത്തിന്റെ നാളുകൾ ആരും മറന്നിട്ടില്ല. അന്നൊക്കെ അഴിമതിക്കും അക്രമത്തിനുമെതിരെ ബിജെപി കോലാഹലമുണ്ടാക്കിക്കൊണ്ടിരുന്നു. ഇപ്പോൾ കോൺഗ്രസ്സിന്റെ ഊഴമാണ്. ഇതുപോലുള്ള ഏതെങ്കിലും പാർലമെന്ററി പാർട്ടികളുടെ അഴിമതിവിരുദ്ധ നിലപാടിൽ എന്തെങ്കിലും ആത്മാർത്ഥതയോ കഴമ്പോ ഉണ്ടോ? ഇതൊക്കെ അധികാരത്തിൽ തിരിച്ചുവരാനുള്ള ചെപ്പടിവിദ്യകളല്ലേ? അഴിമതിക്കെതിരെ ബഹളംവച്ച്, അഴിമതിരഹിത ഭരണം വാഗ്ദാനം ചെയ്താണ് ബിജെപി തെരഞ്ഞെടുപ്പുവിജയം കൊയ്തത്. ഇതു വെറും തെരഞ്ഞെടുപ്പ് തന്ത്രം മാത്രമായിരുന്നുവെന്ന് ഇപ്പോഴത്തെ സംഭവങ്ങൾ തെളിയിക്കുന്നു. ഇപ്പോൾ അഴിമതിക്കെതിരെ നിലകൊള്ളുന്ന കോൺഗ്രസ് ചൗഹാൻ, സുഷമ സ്വരാജ്, വസുന്ധരരാജെ എന്നിവരുടെ രാജി ആവശ്യപ്പെടുന്നുണ്ട്. എന്നാൽ, ഒരു ഘട്ടത്തിൽ അവർ മനസ്സ് തുറന്നു. പിന്നാമ്പുറത്ത് ധാരണയുണ്ടാക്കിക്കൊണ്ടാണ് അവർ ബഹളം വയ്ക്കുന്നത് എന്നാണ് പറയപ്പെടുന്നത്. ഈ ധാരണപ്രകാരം ഈ ബിജെപി മന്ത്രിമാരുടെ രാജിക്കുപകരം, ബിജെപി ഏറെ ആഗ്രഹിക്കുന്ന, ചരക്ക്-സേവന നികുതി ബില്ലിന് പിന്തുണ നൽകണമെന്നാണത്രെ വ്യവസ്ഥ. ഇതൊരു കൊടുക്കൽ-വാങ്ങൽ പരിപാടിയാണ്. ഇതുവഴി കോൺഗ്രസിന് പാർലമെന്ററി രംഗത്ത് നഷ്ടപ്പെട്ട സ്വാധീനം തിരിച്ചുപിടിക്കാൻ ശ്രമം നടത്താം. ബിജെപിക്ക് ചരക്ക്-സേവന നികുതി ബില്ല് പാസ്സാക്കിക്കൊണ്ട് ഭരണമുതലാളി വർഗ്ഗത്തിന്റെ അഭിലാഷം പൂർത്തീകരിക്കുകയും ചെയ്യാം. ചുരുക്കത്തിൽ, എല്ലാവർക്കും നേട്ടം, സാധാ

(ശേഷം 11-ാം പേജിൽ)

# പൊതുജനാരോഗ്യ സംരക്ഷണ സമ്മേളനം

**പി**എസ്‌സി റാങ്ക് ലിസ്റ്റിലുള്ള ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് സ്റ്റാഫുകളെയും സർക്കാർ ആശുപത്രികളിൽ ഉടൻ നിയമിക്കുക, സ്വകാര്യ ആശുപത്രികളെ സഹായിക്കുന്നതിനായി സർക്കാർ ആശുപത്രികളിൽ നിയമനം നടത്താതെ രോഗികളെ വലയ്ക്കുന്ന ക്രൂരമായ സർക്കാർ നയം അവസാനിപ്പിക്കുക, ആരോഗ്യമേഖലയുടെ സമ്പൂർണ്ണ സ്വകാര്യവൽക്കരണത്തിന്റെ പദ്ധതിയായ ദേശീയ ആരോഗ്യ നയം 2015 ഉടൻ പിൻവലിക്കുക, മഴക്കാല രോഗങ്ങൾ തടയാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുക. എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എഐഡിവൈഒ സംസ്ഥാന കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ പൊതുജനാരോഗ്യ സംരക്ഷണസമ്മേളനം നടന്നു.

മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളും ഇന്ന് തകർച്ചയുടെ വക്കിലാണ്. ആവശ്യകതയ്ക്കനുസരിച്ച് ഡോക്ടർമാരും നഴ്സുമാരും മറ്റ് സ്റ്റാഫുകളുമില്ല. ഇതുമൂലം ആശുപത്രികളിൽ സംഘർഷങ്ങൾ സാധാരണയാണ്. പിഎസ്‌സി റാങ്ക്‌ലിസ്റ്റിലുള്ള ഡോക്ടർമാരും, നഴ്സുമാരും നിയമനത്തിനായി റാങ്ക് ഹോൾഡേഴ്സിന്റെ സംഘടനയുണ്ടാക്കി സമരം ചെയ്യുന്നു. ഡോക്ടർമാരെ നിയമിക്കാൻ സർക്കാർ തയ്യാറാകാത്തത് സർക്കാർ ആശുപത്രികളെ ഇല്ലാതാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ്.

സേവനമേഖലകളുടെ സ്വകാര്യവൽക്കരണ പ്രക്രിയയുടെ ഭാഗമാണ് ഈ നടപടികൾ. കേരളാ മോഡൽ ആരോഗ്യമേഖല തകർന്ന് തുടങ്ങിയത് ഭരണാധികാരികൾ ക്ഷേമരാഷ്ട്ര സങ്കല്പങ്ങളെ കൈവെടിഞ്ഞതുകൊണ്ടാണ്. രോഗപ്രതിരോധം, ചികിത്സ, പരിശോധന എന്നീ മേഖലകളിലെല്ലാം ശക്തമായിരുന്നു നമ്മുടെ ആരോഗ്യരംഗം. പകർച്ചവ്യാധികൾ തടയാൻ ഗ്രാമങ്ങൾ തോറും സർക്കാർ ചുമതലയിൽ ശാസ്ത്രീയമായി പ്രവർത്തനങ്ങൾ നടത്തിയിരുന്നു. കോളറ, വസൂരി, പ്ലേഗ്, കുഷ്ഠം, മലേറിയ, ടൈഫോയ്ഡ് എന്നീ അസുഖങ്ങൾ കേരളത്തിൽ പൂർണ്ണമായി ഇല്ലാതാക്കിയിരുന്നു. പ്രതിരോധ വാക്സിനുകളുടെ ഉൽപ്പാദനം ഗവൺമെന്റ് നേരിട്ട് നടത്തിയിരുന്നത് നിർത്തുകയും സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുകയും ചെയ്തു. ഇന്ന് കുട്ടികൾക്ക് സൗജന്യമായി നൽകിയിരുന്ന പ്രതിരോധ മരുന്നുകൾപോലും ക്രമേണ ഇല്ലാതാക്കപ്പെടും. പ്രാദേശിക ആശുപത്രികളിൽ സർജറിയും പ്രസവശുശ്രൂഷയും ഇല്ലാതായി.




പൊതുജനാരോഗ്യ സംരക്ഷണ സമ്മേളനത്തിൽ എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് എൻ.കെ.ബിജു വിഷയാവതരണം നടത്തുന്നു

സൗജന്യചികിത്സ ഫലത്തിലില്ലാതായിക്കൊണ്ടിരിക്കുന്നു. മെഡിക്കൽ കോളജുകളിലും മറ്റും അതിഗുരുതരമായ അവസ്ഥയിലുള്ള രോഗികൾക്കുപോലും സർജ്ജറികൾക്കായി മാസങ്ങൾ കാത്ത് കിടക്കേണ്ടിവരുന്നു. രോഗികൾക്കാനുപാതികമായി സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിക്കാത്തതുമൂലം രോഗികൾ സ്വകാര്യ ആശുപത്രികളിലേക്ക് പോകേണ്ടിവരുന്നു.

സ്വകാര്യ ആശുപത്രികളിലെ ആധുനിക പരിശോധനാ സംവിധാനങ്ങളൊന്നും സർക്കാർ ആശുപത്രികളില്ല. ഉള്ളതുതന്നെ പ്രവർത്തിക്കാറില്ല. അവശേഷിക്കുന്നവ ബിപിഎൽ കാർഡുള്ളവർക്ക് മാത്രം. എല്ലാ പരിശോധനകൾക്കും ഇന്ന് കനത്ത ഫീസ് നൽകണം. വിലകുറഞ്ഞ മരുന്നുകൾ മാത്രമാണ് ആശുപത്രികളിൽനിന്നും നൽകാറുള്ളത്. വിലകൂടിയ മരുന്നുകൾ എല്ലാം പുറത്തുനിന്ന് വാങ്ങേണ്ടിവരുന്നു.

ചുരുക്കത്തിൽ ലാഭേച്ഛ ഇല്ലാതെ പ്രവർത്തിക്കുന്ന ഒരു വിഭാഗം വിദഗ്ധ ഡോക്ടർമാരുടെയും ജീവനക്കാരുടെയും സേവനസന്നദ്ധതയെ ആശ്രയിച്ച് നിലനിൽക്കുന്ന ഒന്നായി സർക്കാർ ആശുപത്രികൾ മാറിയിരിക്കുന്നു. ആരോഗ്യ മേഖലയുടെ ബജറ്റ് വിഹിതം വർഷം തോറും കുറയുന്നു. കഴിഞ്ഞ ബജറ്റിലെ മരുന്നിനുള്ള വിഹിതം നാനൂറ് കോടിയിൽനിന്ന് ഇരുന്നൂറു കോടിയായി.

പരമാവധി മുഴുവൻ രോഗികളെയും സ്വകാര്യ ആശുപത്രികളിൽ എത്തിക്കുകയാണ് സർക്കാർ ലക്ഷ്യം. അവശേഷിക്കുന്നവർ പണം മുടക്കി ഇൻഷ്വറൻസ് പദ്ധതിയിലുടെ ചികിത്സ നേടണം, സർക്കാർ വിഹിതത്തിൽ ഒരു പങ്ക് ഇൻഷ്വറൻസ് കമ്പനികൾക്ക് നൽകും. കമ്പനികൾ രോഗികൾക്ക് നൽകുന്ന പണം മുഖ്യമായി സ്വകാര്യ ആശുപത്രികളിലേക്ക് പോകും. അങ്ങനെ ഇൻഷ്വറൻസ് കമ്പനികളെയും ചികിത്സാ വ്യവസായികളെയും സഹായിക്കുന്ന ഏർപ്പാടായി ഇത് പ്രവർത്തിക്കും. ഇൻഷ്വറൻസ് കമ്പനികൾ രോഗികൾക്ക് പണം നിഷേധിക്കാനുള്ള കപടമാർഗ്ഗങ്ങളും തേടും.

ഈ സാഹചര്യത്തിൽ സർക്കാരിന്റെ നയങ്ങളെ തിരുത്തുവാൻ ശക്തമായ പൊതുജനാരോഗ്യ പ്രസ്ഥാനം വളർത്തിയെടുക്കുവാൻ സമ്മേളനം ആഹ്വാനം ചെയ്തു. ജൂലൈ 29ന് ആലപ്പുഴ ജൂവൽ ഹാളിൽ നടന്ന സമ്മേളനം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ഡോ. വി. വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ സംസ്ഥാന വൈസ് പ്രസിഡന്റ് ആർ. പാർത്ഥസാരഥിവർമ്മ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു വിഷയാവതരണം നടത്തി. മെഡിക്കൽ സർവ്വീസ് സെന്റർ സംസ്ഥാന കൺവീനറും കെജിഎംഒഎ ജില്ലാ പ്രസിഡന്റും ആയ ഡോ. ഹരിപ്രസാദ്, ജനകീയ പ്രതിരോധ സമിതിയുടെ സംസ്ഥാന കമ്മിറ്റിയംഗം റ്റി.ബി.വിശ്വനാഥൻ, ഐഎൻപിഎ ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ, എഐഡിവൈഒ സംസ്ഥാന സെക്രട്ടേറിയറ്റംഗങ്ങളായ പി.പി.പ്രശാന്ത്കുമാർ, പി.എം.ശ്രീകുമാർ, ജില്ലാ സെക്രട്ടറി കെ.ആർ.ശശി, റ്റി.എൻ. രാജിമോൾ എന്നിവർ പ്രസംഗിച്ചു. ●

**വ്യാപം കുംഭകോണം**

# അഴിമതിക്കെതിരെ രാജ്യവ്യാപകമായ ജനമുന്നേറ്റം വേണം

(10-ാം പേജിൽ നിന്ന്)

രണ ജനങ്ങൾക്കുമാത്രം നഷ്ടം. മുതലാളി വർഗ്ഗത്തിന്റെ വിശ്വസ്ത പ്രതിനിധികളായ പാർട്ടികൾക്കിടയിൽ ഇങ്ങനെയുള്ള ധാരണ പുതിയ കാര്യമൊന്നുമല്ല. മൻമോഹൻ സിംഗ് സർക്കാരിന്റെ കാലത്തും ഇങ്ങനെയൊക്കെ സംഭവിച്ചിട്ടുണ്ട്. അന്ന്, നരേന്ദ്രമോദിയെയും കൂട്ടാളികളെയും പ്രതിക്കൂട്ടിൽ നിർത്തുന്ന, 2002ലെ ഗുജറാത്ത് കൂട്ടക്കൊല സംബന്ധിച്ച പ്രത്യേകാന്വേഷണ സംഘത്തിന്റെ വിശദമായ റിപ്പോർട്ട് പൂഴ്ത്തിവച്ചാൽ, മൻമോഹൻ ഭരണകാലത്തെ നിരവധി കുംഭകോണങ്ങളുടെ വിഷയത്തിൽ, പാർലമെന്റിൽ കോൺഗ്രസ്സ് സർക്കാരിനെ വെള്ളം കുടിപ്പിക്കില്ലെന്നായിരുന്നു ബിജെപി ഉണ്ടാക്കിയ ധാരണ. കാക്കകൾ പരസ്പരം കണ്ണിൽകൊത്തില്ല എന്നർത്ഥം. ചുരുക്കത്തിൽ അഴിമതിവിരുദ്ധ അട്ടഹാസങ്ങളുടെയെല്ലാം ലക്ഷ്യം, ജനങ്ങളെ കബളിപ്പിച്ച് തെരഞ്ഞെടുപ്പ് നേട്ടങ്ങൾ ഉറപ്പാക്കുക എന്നതുമാത്രം. പരസ്പരം മൽസരിക്കുകയും കടിച്ചുകീറുകയും ചെയ്യുന്നു എന്ന പ്രതീതി സൃഷ്ടിക്കുന്നുവെങ്കിലും ഇരുകൂട്ടരും ഒരേ വഞ്ചിയിലെ യാത്രക്കാർ തന്നെ. അതുകൊണ്ടായിരിക്കാം, പൊതുവെ വാചാലനായ നരേന്ദ്രമോദി ഇപ്പോഴത്തെ അഴിമതികളുടെ കാര്യത്തിൽ, തന്റെ സഹപ്രവർത്തകർക്കെതിരെ ഒന്നിനുപുറകെ ഒന്നായി അഴിമതി ആരോപണങ്ങൾ ഉയർന്നപ്പോഴും ഒരക്ഷരം ഉരിയാടാതിരുന്ന പണ്ഡിതനും മിതഭാഷിയുമായ മൻമോഹൻ സിംഗിനെപ്പോലെ, നിശ്ശബ്ദത പാലിക്കുന്നത്.

**അഴിമതിയിൽനിന്ന് മുക്തി നേടാൻ എല്ലാ തിന്മകളുടെയും മൂലകാരണമായ മുതലാളിത്തത്തിനെതിരെ പൊരുതണം**

ഇത്തരമൊരു സാഹചര്യത്തിൽ ആർക്കാണ് അഴിമതിയിൽനിന്നും അക്രമത്തിൽനിന്നും അകന്നുനിൽക്കാൻ കഴിയുക? ഈ തിന്മകളുടെ അടിസ്ഥാനകാരണമായ മുതലാളിത്ത വ്യവസ്ഥയ്ക്കെതിരെ നിരന്തരവും ബോധപൂർവ്വവുമായ ഒരു പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് മാത്രമേ അതിനുകഴിയൂ. അക്കാര്യം അങ്ങനെ നിൽക്കട്ടെ. ഇന്നത്തെ ഭയാനകമായ അഴിമതിയും അക്രമവും ഉയർത്തുന്ന ഭീഷണിക്കെതിരെ നേരായി ചിന്തിക്കുന്ന മുഴുവനാളുകളും യോജിച്ച് മുന്നേറുക എന്നത് അടിയന്തരാവശ്യകതയായിരിക്കുന്നു. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഭരണം നടത്തുന്ന അഴിമതിക്കാരായ മന്ത്രിമാരെയും കൂട്ടാളികളെയും പുറത്താക്കാൻപോന്ന അഴിമതിവിരുദ്ധവേദി ഉയർന്നുവരേണ്ടതുണ്ട്. അഴിമതിക്കേസുകളിൽ വേഗത്തിലും ആഴത്തിലുമുള്ള അന്വേഷണം നടത്തുകയും കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുകയും വേണം. വ്യാപം പോലെ ഒരു സംസ്ഥാനത്തെ മുഖ്യമന്ത്രി വരെ ആരോപണവിധേയനായിരിക്കുന്ന ഒരു കേസിൽ, സുപ്രീംകോടതിയുടെ മേൽനോട്ടത്തിലുള്ള സമയബന്ധിതമായ ഒരു സിബിഐ അന്വേഷണം ആവശ്യമാണ്. സംസ്ഥാനത്തെ അന്വേഷണ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ഉന്നതാധികാരങ്ങളുള്ളതും നിഷ്പക്ഷവുമായ ഒരു കമ്മിറ്റി രൂപീകരിച്ചി അന്വേഷണം നടത്തണം. എന്തെന്നാൽ, ചില 'അദൃശ്യ' കരങ്ങളുടെ ഇടപെടൽ ഈ അന്വേഷണങ്ങളെ വഴിതെറ്റിച്ചിട്ടുണ്ട് എന്നകാര്യം വളരെ സ്പഷ്ടമാണ്.

അതോടൊപ്പംതന്നെ മനസ്സിലാക്കേണ്ട കാര്യം, മരണാസന്നമായ ഇന്നത്തെ മുതലാളിത്ത വ്യവസ്ഥയിൽ, ജനങ്ങൾ ജാഗരൂകരായിരുന്നില്ലെങ്കിൽ ഒരു അന്വേഷണവും ലക്ഷ്യം കാണില്ല എന്നതാണ്. അതുകൊണ്ടുതന്നെ, അഴിമതിക്കും മറ്റുകുറ്റകൃത്യങ്ങൾക്കുമെതിരെ സധൈര്യം നിലകൊള്ളാൻ ജനങ്ങൾക്ക് പ്രേരണനൽകുംവിധമുള്ള ഒരു സാമൂഹ്യാന്തരീക്ഷം വളർത്തിയെടുക്കാൻ ജനാധിപത്യ വിശ്വാസിയായ ഓരോരുത്തർക്കും ബാധ്യതയുണ്ട്. മനുഷ്യരാശിയുടെ ഈ ശത്രുക്കൾക്കെതിരെ നെടുങ്കോട്ടപോലെ നിലകൊള്ളാൻ അത്തരമൊരു സാമൂഹ്യാന്തരീക്ഷത്തിനുമാത്രമേ സാദ്ധ്യമാകൂ. നിരന്തരവും കൃത്യമായ ദിശാബോധമുള്ളതും സംഘടിതവുമായ ഒരു ജനാധിപത്യ പ്രക്ഷോഭത്തിലൂടെമാത്രമേ ഈ സാമൂഹ്യാവസ്ഥ സൃഷ്ടിച്ചെടുക്കാനാകൂ. ഉയർന്ന നൈതിക, സദാചാര ധാരണകളിലും പ്രത്യയശാസ്ത്രത്തിലും അടിയുറച്ച അനേകം സന്നദ്ധഭടൻമാരുടെ വ്യക്തിത്വത്തിലും സ്വഭാവത്തിലും ഈ ജനാധിപത്യ പ്രക്ഷോഭത്തിന്റെ മൂല്യങ്ങൾ പ്രതിഫലിക്കും. അനേകം സാധാരണക്കാരെ കാന്തംപോലെ ആകർഷിച്ച് പ്രസ്ഥാനത്തോടൊപ്പം അണിനിരത്താൻ അവർക്ക് കഴിയും. ജനങ്ങൾ ഈ പ്രസ്ഥാനത്തോട് ആഭിമുഖ്യം പുലർത്തുന്നവരും സജീവമായോ അല്ലാതെയോ അതിനെ പിന്തുണയ്ക്കുന്നവരും ആയിമാറും. ഇത്തരമൊരു ബൃഹത്തായ അഴിമതിവിരുദ്ധ പ്രസ്ഥാനം മുതലാളിത്ത വ്യവസ്ഥയ്ക്കുതന്നെ എതിരായ മുന്നേറ്റത്തിന് സഹായകമായി വർത്തിക്കുകയും ചെയ്യും.

ഈ ഉപാധികൾ പൂർത്തീകരിക്കപ്പെടുകയും മേൽപ്പറഞ്ഞ ജനാധിപത്യ പ്രസ്ഥാനം ശക്തിപ്പെടുകയും ചെയ്തെങ്കിൽമാത്രമേ, സർവ്വശക്തമായ മുതലാളിത്തവ്യവസ്ഥയ്ക്കും, മുതലാളിമാരും കറപുരണ്ട രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും പട്ടാളവും പരിപാവന മെന്ന് കരുതപ്പെടുന്ന നീതിന്യായ സംവിധാനവും ഇവരുടെയെല്ലാം ശിങ്കിടികളുമൊക്കെയടങ്ങുന്ന അവിശുദ്ധ കൂട്ടുകെട്ടിനും, കടിഞ്ഞാണിടാൻ നമുക്ക് സാധിക്കൂ. ●




എഐഡിവൈഒ കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഷേധ മാർച്ച് പി.എം.ശ്രീകുമാർ, അഡ്വ.ടി.ജെ.ഡിക്സൺ തുടങ്ങിയവർ നയിക്കുന്നു

# ഗ്രീസ്: ആഴം വയ്ക്കുന്ന മുതലാളിത്ത പ്രതിസന്ധിയുടെയും സാമ്രാജ്യത്വ ഭീഷണിയുടെയും സോഷ്യൽഡെമോക്രാറ്റിക് വഞ്ചനയുടെയും ഉത്തമ മാതൃക

**2008-ലെ സബ്പ്രൈം പ്രതിസന്ധിയെത്തുടർന്നുണ്ടായ വാൾസ്ട്രീറ്റ് പൊട്ടിത്തെറിക്കുശേഷം ഇപ്പോഴിതാ ഗ്രീസ് യൂറോപ്പിലെ സോവറീൻ വായ്പാ പ്രതിസന്ധിയുടെ കേന്ദ്രസ്ഥാനമായി മാറിയിരിക്കുന്നു. ആറുവർഷംമുമ്പ് അകപ്പെട്ട പ്രതിസന്ധിയിൽനിന്ന് ഗ്രീസിനെ കരകയറ്റാൻ യൂറോപ്യൻ യൂണിയനും യൂറോപ്യൻ സെൻട്രൽ ബാങ്കും ഇന്റർ നാഷണൽ മോണിറ്ററി ഫണ്ടും ഉൾപ്പെടുന്ന മൂവർസംഘം നൽകിയ ഭീമമായ വായ്പയുടെ പലിശയടയ്ക്കാൻ നിവൃത്തിയില്ലെന്ന് ഗ്രീസ് അറിയിച്ചതിനെത്തുടർന്ന് മാദ്ധ്യമങ്ങളിലെല്ലാം അത് വലിയ വാർത്തയായി. മുതലാളിത്ത വ്യവസ്ഥയിൽ പ്രവർത്തനക്ഷമമായിരിക്കുന്ന നിയമങ്ങളുടെ അനിവാര്യസൃഷ്ടിയായ കമ്പോളപ്രതിസന്ധിയിൽപ്പെട്ട് ശ്വാസംമുട്ടുന്ന ആഗോള മുതലാളിത്ത സമ്പദ്ഘടനയുടെ കാര്യസ്ഥന്മാർക്ക് ഈ പുതിയ പ്രതിസന്ധി സൃഷ്ടിച്ച പരിഭ്രാന്തി, അവരെ ഒരു പോംവഴി കണ്ടെത്താനാകാതെ ഉഴലുന്ന സ്ഥിതിയിലെത്തിച്ചിരിക്കുകയാണ്.**

ജർമ്മനിയും ഫ്രാൻസും നയിക്കുന്ന യൂറോപ്യൻ യൂണിയനും യൂറോസോണും മുന്നോട്ടുവയ്ക്കുന്ന ജനവിരുദ്ധമായ ചെലവുചുരുക്കൽ നയങ്ങളും പരിഷ്ക്കരണ നടപടികളും അംഗീകരിക്കരുതെന്നും യൂറോസോണിൽനിന്ന് ഗ്രീസ് പുറത്തുവരണമെന്നും ഒരു വിഭാഗം ആവശ്യപ്പെടുന്നുണ്ട്.സമ്മർദ്ദങ്ങൾക്ക് വശംവദരാകില്ലെന്ന് ജനങ്ങൾക്ക് ഉറപ്പുനല്കി അധികാരത്തിലെത്തിയ സിരിസയുടെയും അതിന്റെ നേതാവായ അലക്സി സിപ്രാസിന്റെയും ആക്രമണോത്സുക നയങ്ങളാണ് പ്രതിസന്ധി രൂക്ഷമാകാൻ കാരണമെന്നും അതുകൊണ്ടാണ് പുതിയ വായ്പ ആവശ്യമായി വന്നതെന്നും ഇവർ വാദിക്കുന്നു. ജനങ്ങൾ ഈ വാഗ്ദാനത്തിൽ പ്രതീക്ഷ.യർപ്പിച്ചിരിക്കുകയായിരുന്നു, സിപ്രാസിനെ വരുതിയിൽ നിർത്താൻ യൂറോപ്യൻ യൂണിയനും യൂറോ സോണിനും കഴിയില്ലെന്നും യൂറോ സോണിൽനിന്ന് പുറത്തുകടക്കാൻ അവർക്ക് ഗ്രീ,സിനെ അനുവദിക്കേണ്ടിവരുമെന്നുമാണ് മറ്റൊരു വിഭാഗം ബൂർഷ്വാ പണ്ഡിതൻമാർ വിലയിരുത്തിയത്,എന്നാൽ,ഇതൊന്നുമല്ല സംഭവിച്ചത്, പതിനേഴുമണിക്കൂർനീണ്ട ചർച്ചയ്ക്കുശേഷം സിപ്രാസ് മലക്കംമറിഞ്ഞ്, യൂറോപ്യൻ യൂണിയന്റെയും യൂറോ സോണിന്റെയും മുന്നിൽ തലകുനിച്ചു, നിലവിലുള്ള കുടിശ്ശികയടയ്ക്കാനായി എൺപത്തിയാറ് മില്ല്യൻ യൂറോയുടെ മൂന്നാമതൊരു വായ്പ അനുവദിക്കാനായി അങ്ങേയറ്റം കടുത്ത ഉപാധികൾക്ക് സിപ്രാസ് വഴങ്ങി, പെൻഷൻ സമ്പ്രദായം ക്രമപ്പെടുത്തുക, തൊഴിൽ കമ്പോളം ഉദാരവൽക്കരിക്കുക, നികുതി വർദ്ധിപ്പിക്കുക, വൈദ്യുതിരംഗംപോലുള്ള പൊതുമേഖലകൾ സ്വകാര്യവൽക്കരിക്കുക തുടങ്ങിയ നിർദ്ദേശങ്ങളടങ്ങുന്ന പരിഷ്കരണ പാക്കേജിന്റെ നടത്തിപ്പ് നിരീക്ഷിക്കാൻ യൂറോസോൺ, ഐഎംഎഫ് മേധാവികളെ അനുവദിക്കുകയും ചെയ്തു, ഇത് പരിഷ്ക്കരണമെന്നതിനപ്പുറം തികച്ചും പകപോക്കലും ദേശീയ പരമാധികാരത്തിന്റെ അടിയറവയ്ക്കലും യാതൊരു ആശ്വാസ പ്രതീക്ഷയും തരാത്ത നടപടിയുമാണെന്നാണ് നോബൽ സമ്മാനിതനായ സാമ്പത്തിക ശാസ്ത്രജ്ഞൻ പോൾ ക്രൂഗൻ അഭിപ്രായപ്പെട്ടത്. എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു എന്നതാണ് അവശേഷിക്കുന്ന ചോദ്യം. തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിൽനിന്ന് പിന്നാക്കം പോകാനും യൂറോപ്യൻ യൂണിയന്റെയും യൂറോ സോണിന്റെയും തീട്ടൂരങ്ങൾക്ക് നിർലജ്ജം വഴങ്ങിക്കൊടുക്കാനും സിപ്രാസിനെ പ്രേരിപ്പിച്ചതെന്താണ്? ഇതിന് ഉത്തരം കിട്ടണമെങ്കിൽ, ഈ നടപടിയും അതിന്റെ പശ്ചാത്തലവും സംബന്ധിച്ച് വസ്തുനിഷ്ഠമായ ഒരു സാമ്പത്തിക-രാഷ്ട്രീയ വിശകലനം നടത്തേണ്ടതുണ്ട്.

### സോവറീൻ വായ്പാ പ്രതിസന്ധി

എന്താണ് 2009-ൽ സംഭവിച്ചത്? അന്ന് അമേരിക്കയുടെ നേതൃത്വത്തിലുള്ള മുതലാളിത്ത-സാമ്രാജ്യത്വത്തിന്റെ വക്താക്കൾ പറഞ്ഞത്, പാപ്പരായ ബാങ്കുകളെയും ധനകാര്യസ്ഥാപനങ്ങളെയും കരകയറ്റാൻ വൻതോതിൽ സാമ്പത്തിക സഹായം നൽകിയത് സാമ്പത്തികരംഗത്ത് തിരിച്ചടിയുണ്ടാക്കിയതാണ്, ഗവൺമെന്റുകൾ സാമ്പത്തിക പ്രതിസന്ധിയിലാകാൻ അതായത്, സബ്പ്രൈം പ്രതിസന്ധിയുണ്ടാകാൻ കാരണം എന്നാണ്.ഭവന വായ്പയും മറ്റും നൽകിയ രേഖകളുടെ ഈടിന്മേൽ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളുംമറ്റും വീണ്ടും വീണ്ടും വായ്പ അനുവദിക്കുകയും വായ്പയെടുത്തവർക്ക് അത് തിരിച്ചടയ്ക്കാനാകാതെ വരികയും ചെയ്തതാണ് സബ് പ്രൈം പ്രതിസന്ധിക്ക് കാരണമായത്.എന്നാൽ,ഗവണ്മെന്റുകളുടെ ധനസഹായത്തിലൂടെ സബ് പ്രൈം പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞില്ലെന്ന് ഗവണ്മെന്റുകൾതന്നെ പ്രതിസന്ധിയിലായതോടെ വ്യക്തമായി.വായ്പാ കുടിശ്ശിക വരുത്തിയവരിൽ ഏറ്റവും കൂടുതൽപേർ ഗ്രീസിലായിരുന്നു.ഗവണ്മെന്റുകളുടെ ബജറ്റ് കമ്മി നികത്താൻ വിദേശ ഏജൻസികളിൽനിന്ന് എടുക്കുന്ന വായ്പയാണ് സോവറീൻ വായ്പ. വായ്പ തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലെന്ന് ഗ്രീസ്,പോർച്ചുഗൽ,അയർലണ്ട്,സ്പെയിൻ തുടങ്ങിയ രാജ്യങ്ങൾ പ്രഖ്യാപിച്ചതോടെ സോവറീൻ വായ്പാ പ്രതിസന്ധി വെളിച്ചത്തുവന്നു.അമേരിക്കയിലാകട്ടെ,വ്യക്തികൾക്ക് വായ്പ നൽകിയ രേഖകൾക്കുമേൽ,ഭാവിലാഭസാദ്ധ്യതകൾ പ്രവചിച്ച് ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും വൻതോതിൽ വായ്പ കൊടുത്തിരുന്നു.തിരിച്ചടവിൽ വ്യക്തികൾ വൻതോതിൽ വീഴ്ച വരുത്തിയതോടെ,ബാങ്കുകളെ പാപ്പരാക്കിക്കൊണ്ട് വൻതോതിൽ സബ് പ്രൈം പ്രതിസന്ധി ഉടലെടുത്തു. ഗ്രീസ്, സ്വന്തം സമ്പദ്ഘടനയെ ഉത്തേജിപ്പിക്കാനും സാമ്പത്തിക വളർച്ചയെ പെരുപ്പിച്ച് കാണിക്കാനുമാണ് വൻതോതിൽ വിദേശ വായ്പ സ്വീകരിച്ചത്.

വർഷങ്ങളായി ബജറ്റ് കമ്മി കുറച്ചുകാണിക്കുകയായിരുന്നെന്നും ഇതെല്ലാംകൂടി ഇപ്പോൾ ഭീമാകാരം പൂണ്ടിരിക്കുന്നുവെന്നും ഇത്തരമൊരവസ്ഥയിൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയില്ലെന്നുമാണ് ഗ്രീസ് പ്രസ്താവിച്ചത്.ഗ്രീസിന്റെ കടം 300 ബില്യൻ യൂറോ അഥവാ 413.6 ബില്ല്യൻ ഡോളറായി ഉയർന്നു. ഇത് രാജ്യത്തിന്റെ മൊത്തം ആഭ്യന്തരോൽപ്പാദനത്തിന്റെ 120 ശതമാനമാണ്.യൂറോ എന്ന പൊതു കറൻസി ഉപയോഗിക്കുന്ന രാജ്യങ്ങളെക്കൂടി ഗ്രീസിന്റെ പ്രതിസന്ധി ബാധിക്കുമെന്ന് അവർ ഭയന്നു.മൂലധനത്തിന്റെ രാജ്യാന്തര വിഹാരം,രാജ്യാന്തര നിക്ഷേപങ്ങൾ,ഊഹക്കച്ചവടത്തിലെ വർധന,ഹുണ്ടിക മൂലധനത്തിന്റെ വളർച്ച തുടങ്ങിയവയിലൂടെ ലോകത്തെ സമ്പദ്ഘടനകൾ വളരെയേറെ പരസ്പര ബന്ധിതമായിരിക്കുന്നതിനാൽ എവിടെയെങ്കിലും ഒന്നുപിഴച്ചാൽ,അത് എല്ലാവരെയും ബാധിക്കുക സ്വാഭാവികമാണ്.ജനങ്ങളുടെ താൽപ്പര്യം വിഗണിച്ച്,മുതലാളിത്ത-സാമ്രാജ്യത്വം ആവിഷ്കരിച്ച ഈ ആഗോളീകരണ സാമ്പത്തിക നയങ്ങൾമൂലം,ഈ താളംതെറ്റലുകൾ ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ രൂപമെടുക്കാതെ തരമില്ല. അതുകൊണ്ട് ഇക്കുറി,സബ് പ്രൈം പ്രതിസന്ധിയുടെ സമയത്ത് ചെയ്തതുപോലെ,സർക്കാർ ഖജനാവിൽനിന്ന് പണമൊഴുക്കിയുള്ള രക്ഷാപ്രവർത്തനമല്ല, 240 ബില്ല്യൻ യൂറോയുടെ അഥവാ 264 ബില്യൻ ഡോളറിന്റെ വിദേശ വായ്പ ലഭ്യമാക്കുക എന്ന നടപടിയാണ് സ്വീകരിച്ചത്. ഒരു ഔദാര്യം എന്ന നിലയിലല്ല, പ്രതിസന്ധിഗ്രസ്തമായ മുതലാളിത്ത ലോകത്തിന് ഇതല്ലാതെ വേറെ പോംവഴിയുണ്ടായിരുന്നില്ല. ജർമ്മനി, ഫ്രാൻസ്, ഇംഗ്ലണ്ട് തുടങ്ങിയ യൂറോപ്യൻ വൻശക്തികൾ മാത്രമല്ല,അമേരിക്കയും യൂറോപ്യൻ യൂണിയൻ ബാങ്കുകളിൽ ട്രില്ല്യൻ കണക്കിന് ഡോളർ നിക്ഷേപിച്ചിട്ടുണ്ട്.ഗ്രീസിന് ലഭിച്ച വായ്പയിൽ ഇതും ഉൾപ്പെടുന്നുണ്ട്.ഗ്രീസ് പാപ്പരായാൽ,ഇക്കൂട്ടർക്കെല്ലാം വലിയ സാമ്പത്തികനഷ്ടം ഉണ്ടാവുകയും അത് മുതലാളിത്ത പ്രതിസന്ധി പലമടങ്ങാക്കുകയും ചെയ്യുമായിരുന്നു.എന്നുമാത്രമല്ല, സോവറീൻ വായ്പ തരപ്പെടുത്തുന്നതിനായി യൂറോപ്യൻ രാജ്യങ്ങൾ സമർപ്പിച്ച ബോണ്ടുകളുടെ വിശ്വാസ്യത നഷ്ടപ്പെടുന്നത്, താരതമ്യേന സുരക്ഷിതമായ അമേരിക്കൻ ബോണ്ടുകളിലേയ്ക്കുംമറ്റും ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളുമൊക്കെ തിരിയാനും ഇടയാക്കിയേക്കും. ഇത് ഭാവിയിൽ അമേരിക്കയ്ക്കും സമാനമായ പ്രതിസന്ധി സൃഷ്ടിച്ചേക്കാമെന്ന് അവരും ഭയന്നു. മാദ്ധ്യമ റിപ്പോർട്ടുകൾ പറയുന്നത്, അമേരിക്കൻ പ്രസിഡന്റ് ഒബാമ ജർമ്മൻ ചാൻസിലർ മെർക്കലിനെയും ഫ്രഞ്ച് പ്രസിഡന്റ് സർക്കോസിയെയും നേരിട്ട് ഫോണിൽ വിളിച്ച് ഗ്രീസിന് സാമ്പത്തിക സഹായം നൽകുന്ന കാര്യം സംസാരിച്ചു എന്നാണ്. മുതലാളിത്ത ലോകമാകെ പ്രതിസന്ധിയുടെ വലയിൽ കുടുങ്ങിക്കിടക്കുന്നു എന്നർത്ഥം. അതുകൊണ്ടുതന്നെ ഇപ്പോഴത്തെ നടപടി ഗ്രീസിനെ രക്ഷിക്കാൻ മാത്രമുള്ളതല്ല, ലോകമുതലാളിത്ത വ്യവസ്ഥയെത്തന്നെ രക്ഷിച്ചെടുക്കാനുള്ള കൊണ്ടുപിടിച്ച ശ്രമമാണ്.

അങ്ങനെയാണ് രക്ഷാപദ്ധതി രൂപംകൊള്ളുന്നത്. എന്നാൽ, ഈ രക്ഷാപദ്ധതിയോടൊപ്പം, ഉയർന്ന നിരക്കിലുള്ള പലിശ മാത്രമല്ല, കർക്കശമായ ഉപാധികളുമുണ്ട്. ഗ്രീസിലെ ജനങ്ങളുടെമേൽ നിർദ്ദയമായ ചെലവുചുരുക്കൽ നടപടികൾ അടിച്ചേൽപ്പിക്കണമെന്നും മൂന്നുവർഷത്തിനുള്ളിൽ ധനക്കമ്മി 13.6 ശതമാനത്തിൽനിന്ന് 3 ശതമാനത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരണമെന്നും രക്ഷാപ്രവർത്തനത്തിന് നേതൃത്വം കൊടുത്തവർ നിബന്ധന വച്ചു. തൊഴിലാളികളുടെയും സർക്കാർ ജീവനക്കാരുടെയും വേതനവും പെൻഷനും ഗണ്യമായി വെട്ടിക്കുറയ്ക്കുക, റിട്ടയർമെന്റ് പ്രായപരിധി ഉയർത്തുക, പൊതുജനാരോഗ്യരംഗത്തും മറ്റും ചെലവഴിക്കുന്ന തുക വെട്ടിക്കുറയ്ക്കുക, പൊതുഉടമസ്ഥതയിലുള്ള ഭക്ഷണശാലകൾ നിർത്തലാക്കുക, നികുതി വർദ്ധിപ്പിക്കുക തുടങ്ങിയ നിർദ്ദയമായ നിർദ്ദേശങ്ങളാണ് ചെലവുചുരുക്കൽ പാക്കേജിലുള്ളത്. തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന സമയത്താണ് തൊഴിലവസരങ്ങൾ വീണ്ടും വെട്ടിച്ചുരുക്കുന്നത്. സാമ്പത്തിക രക്ഷാപാക്കേജിലൂടെ വൻ നേട്ടമുണ്ടാക്കിയ ഗ്രീസിലെ മുതലാളിവർഗ്ഗമാകട്ടെ, ജോലിയും ശമ്പളവും മറ്റാനുകൂല്യങ്ങളും വെട്ടിക്കുറച്ച് സാമ്പത്തിക പ്രതിസന്ധിയുടെ ഭാരം മുഴുവൻ അദ്ധ്വാനിച്ച് ജീവിക്കുന്നവരുടെ തലയിൽ കെട്ടിവച്ചുകൊണ്ട് തൊഴിലാളിവർഗ്ഗത്തോട് ഫലത്തിൽ ഒരു യുദ്ധം പ്രഖ്യാപിച്ചിരിക്കുന്ന സ്ഥിതിയാണ്. ആഗോള മുതലാളിത്ത വ്യവസ്ഥയുടെ അഭേദ്യഭാഗമായ ഗ്രീസിലെ മുതലാളിവർഗ്ഗം സ്വന്തം തടി രക്ഷപ്പെടുത്തിക്കൊണ്ട് കർക്കശമായ ഉപാധികൾ അംഗീകരിക്കുകയാണുണ്ടായത്. ചുരുക്കത്തിൽ, അമേരിക്കയിലെപ്പോലെതന്നെ ഗ്രീസിലും മുതലാളിത്തത്തിന്റെ ഭാഗ്യാന്വേഷണങ്ങൾക്ക് സാധാരണ ജനങ്ങൾ ഇരയാകുന്നതാണ് നമ്മൾ കാണുന്നത്.

### അനന്തര സാഹചര്യം

കടുത്ത നടപടികൾ ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിച്ചതിൽ ഗ്രീസിലെ ജനങ്ങൾ രോഷാകുലരായിരുന്നു.2000 ജൂണിൽ സ്വന്തം കറൻസിയായ ഡ്രാച്മ ഉപേക്ഷിച്ച് യൂറോപ്യൻ യൂണിയന്റെ പൊതു കറൻസിയായ യൂറോ സ്വീകരിച്ചതുമുതൽ, അതായത് യൂറോ സോണിൽ അംഗമായതുമുതൽ, ജനങ്ങളിൽ എതിർപ്പ് വളർന്നുവരികയായിരുന്നു. 2004-നും 2009-നും ഇടയ്ക്ക് സമ്പന്നർ അവരുടെ ആസ്തി പലമടങ്ങ് വർദ്ധിപ്പിച്ചപ്പോൾ, ജനങ്ങളുടെ ദുരിതങ്ങൾക്ക് ഒരു ശമനവുമുണ്ടായില്ലെന്ന് അവർ മനസ്സിലാക്കി. 2000-നും 2007-നും ഇടയ്ക്ക് വിദേശ മൂലധനത്തിന്റെ ഒഴുക്കുമൂലം, രാജ്യത്തിന്റെ സമ്പദ്ഘടനയിൽ 4.2 ശതമാനത്തിന്റെ വാർഷിക വളർച്ച ഉണ്ടായതായി അധികാരികൾ വീമ്പുപറയുമ്പോഴും ജനങ്ങളുടെ ജീവിത നിലവാരം ഗണ്യമായി ഇടിയുകയായിരുന്നു. 1990 വരെ 75 ശതമാനം വ്യവസായങ്ങളും പൊതുമേഖലയിലായിരുന്നു. മറ്റുമേഖലകളിലും ഗവണ്മെന്റ് നിയന്ത്രണം നിലനിന്നിരുന്നു. എന്നാൽ, മറ്റുരാജ്യങ്ങളിലെപ്പോലെതന്നെ, ആഗോളീകരണത്തിന്റെ വരവോടെ, സ്വകാര്യവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും കൂത്താട്ടമായിരുന്നു ഗ്രീസിലും. എന്നാൽ, രൂക്ഷമായ മുതലാളിത്തപ്രതിസന്ധിയുടെ കാലയളവിൽ, ഗ്രീസിന്റെ സമ്പദ്ഘടന യൂറോപ്യൻ യൂണിയനുമായും യൂറോസോണുമായും സംയോജിപ്പിക്കപ്പെട്ടതോടെ, ഗ്രീസിന്റെ നിർമ്മാണവ്യവസായ മേഖല വമ്പൻ സാമ്രാജ്യത്വ ശക്തികളിൽനിന്ന് കടുത്ത മത്സരം നേരിടുന്ന സ്ഥിതിയിലായി. ടെക്സ്റ്റൈൽസ്, വസ്ത്രം, ലോഹം, കപ്പൽ നിർമ്മാണം, കപ്പൽ റിപ്പയറിംഗ്, ഗതാഗത സാമഗ്രികളുടെ നിർമ്മാണം തുടങ്ങിയ മേഖലകളൊക്കെ ഇതുമൂലം സങ്കോചിച്ചു. യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതി വർദ്ധിച്ചതോടെ വ്യാപാരക്കമ്മി പെരുകി. ഗ്രീസിലെ കുത്തകകൾക്കും ബഹുരാഷ്ട്ര ഭീമൻമാർക്കും നികുതി ഇളവുകളും ആനുകൂല്യങ്ങളും കോരിച്ചൊരിഞ്ഞപ്പോൾ, സാമ്പത്തികാക്രമണങ്ങൾ, നികുതിഭാരം, തൊഴിലില്ലായ്മ, വിലക്കയറ്റം എന്നിവകൊണ്ട് ജനങ്ങൾക്ക് പൊറുതിമുട്ടി. തൊഴിലില്ലായ്മ 25 ശതമാനവും യുവാക്കളുടെ തൊഴിലില്ലായ്മ 50 ശതമാനവുമായി. പോഷകാഹാരമില്ലാതെ രോഗികളായി ജനങ്ങൾ ആശുപത്രികളെ അഭയം പ്രാപിച്ചുകൊണ്ടേയിരുന്നു. ഒരു അടിയന്തരാവസ്ഥയുടെ സാഹചര്യമാണ് ആരോഗ്യരംഗത്ത് പ്രത്യക്ഷപ്പെട്ടത്. 2010-ൽ ദാരിദ്ര്യരേഖയ്ക്കുതാഴെ 3 ശതമാനം പേരാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്നത് 44 ശതമാനമായി. ചെലവുചുരുക്കൽ നടപടികളും തൊഴിലില്ലായ്മയും ചേർന്നാണ് ഇത്തരമൊരു സ്ഥിതിവിശേഷം സൃഷ്ടിച്ചത്. കഴിഞ്ഞ ഏതാനും മാസങ്ങൾക്കുള്ളിൽ ഗ്രീസിൽ സ്വകാര്യ മേഖലയിൽ പൊട്ടിമുളച്ച നൂറുകണക്കിന് ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ, ഭക്ഷണശാലകൾ, വിദ്യാഭ്യാസ കേന്ദ്രങ്ങൾ, നിയമ സഹായ കേന്ദ്രങ്ങൾ എന്നിവയൊക്കെ, ചെലവുചുരുക്കലിന്റെ അരദശാബ്ദക്കാലംകൊണ്ട് ഗ്രീസിലെ ക്ഷേമരാഷ്ട്ര സംവിധാനത്തിനുണ്ടായ തകർച്ച വിളിച്ചോതുന്നതായിരുന്നു. ജനങ്ങൾ ഇവ്വിധം പ്രതിസന്ധിയുടെ ഭാരം മുഴുവൻ ചുമലിലേറ്റിയപ്പോൾ, ഗ്രീസിലെ മുതലാളിവർഗ്ഗവും അവരുടെ യൂറോപ്യൻ യൂണിയൻ-യൂറോസോൺ രക്ഷകരും സമ്പത്ത് കുമിഞ്ഞുകൂട്ടി. ഗ്രീസിന്റെ കറൻസിയുടെ വില 25 ശതമാനം ഇടിഞ്ഞതും ദേശീയകടം മൊത്തം ആഭ്യന്തരോൽപ്പാദനത്തിന്റെ 175 ശതമാനമായി ഉയർന്നതും മൃതപ്രായമായ മുതലാളിത്ത വ്യവസ്ഥയുടെ പുഴുക്കുത്ത് വെളിവാക്കി. അന്തസ്സ്, സമത്വം, ഐകമത്യം എന്നീ തത്ത്വങ്ങളുടെ അടിസ്ഥാനത്തിലാണ് യൂറോപ്യൻ യൂണിയൻ രൂപംകൊണ്ടിട്ടുള്ളതെന്നും ജനജീവിതത്തിൽ ഇത് അഭിവൃദ്ധിയുടെയും പുരോഗതിയുടെയും മഹാപ്രവാഹം സൃഷ്ടിക്കുമെന്നുംമറ്റുമുള്ള അതിന്റെ ശില്പികളുടെ മോഹനവാഗ്ദാനങ്ങൾ നിമിഷനേരംകൊണ്ട് അപ്രത്യക്ഷമായി. വൻകിട സാമ്രാജ്യത്വ ശക്തികൾക്ക് ആഗോളീകൃതമായൊരു

(ശേഷം 13-ാം പേജിൽ)

# ഗ്രീസ് ജനങ്ങളുടെ അസംതൃപ്തി മുതലെടുത്ത് സിരിസ അധികാരത്തിലെത്തി

(12-ാം പേജിൽ നിന്ന്)

സമ്പദ്‌വ്യവസ്ഥയിൽനിന്നും രാഷ്ട്രീയ സംവിധാനത്തിൽനിന്നും പരമാവധി നേട്ടം കൊയ്‌തെടുക്കാനുള്ള ഒരു ഏർപ്പാട് മാത്രമാണിതെന്ന് താമസിയാതെതന്നെ ഗ്രീസിലെയും മറ്റ് യൂറോപ്യൻ യൂണിയൻ രാഷ്ട്രങ്ങളിലെയും സാധാരണക്കാരായ ജനങ്ങൾക്ക് മനസ്സിലായി. കൃത്യമായിപ്പറഞ്ഞാൽ, യൂറോപ്പിലെ കുത്തകകൾക്ക് ആഭ്യന്തര-വിദേശ കമ്പോളങ്ങളിൽ അമേരിക്കൻ മൂലധനത്തെ നേരിടാൻ ഉതകുംവിധമുള്ള കരുത്തും മത്സരശേഷിയും ആർജ്ജിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെ ഒരു സംവിധാനം സൃഷ്ടിച്ചിരിക്കുന്നത്. കമ്പോളത്തിനുവേണ്ടിയുള്ള മത്സരത്തിൽ സാമ്രാജ്യത്വ-മുതലാളിത്ത ശക്തികൾക്കിടയിൽ പ്രത്യക്ഷപ്പെടുന്ന വൈരുദ്ധ്യങ്ങളിൽനിന്ന് ഉടലെടുക്കുന്നതാണ് ഈ സഖ്യങ്ങളെല്ലാം.

**കുതിച്ചുയരുന്ന സൈനികച്ചെലവ് പൊതുകടം സ്‌ഫോടനാത്മകമാക്കുന്നു**

പ്രതിസന്ധിയിൽനിന്ന് കരകയറാനായി ലഭിക്കുന്ന തുക, ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്താനല്ല, വിദേശ കടങ്ങളുടെ തിരിച്ചടവിനും സൈനിക സാമഗ്രികൾ വാങ്ങിക്കൂട്ടുന്നതിനും വേണ്ടിയാണ് ഉപയോഗിക്കുന്നതെന്ന വസ്തുത കഷ്ടതയനുഭവിക്കുന്ന ഗ്രീസ് ജനത തിരിച്ചറിഞ്ഞു. 2007-ൽ ഗ്രീസിന്റെ സൈനിക ബജറ്റ് 6.24 ബില്ല്യൻ യൂറോ ആയിരുന്നു. 2010-ൽ അതായത്, സോവറിൻ വായ്പാ പ്രതിസന്ധിയിൽ അകപ്പെട്ടതിനുശേഷം അത് 7.1 ബില്ല്യൻ യൂറോ ആയി ഉയർന്നു. നാറ്റോ രാജ്യങ്ങളിൽ അമേരിക്കയ്ക്ക് മാത്രമേ അതിനേക്കാൾ ഉയർന്ന സൈനിക ബജറ്റ് ഉണ്ടായിരുന്നുള്ളൂ. ഗ്രീസ് വാങ്ങുന്ന സൈനിക സാമഗ്രികളുടെ 42 ശതമാനവും നൽകുന്ന അമേരിക്കയാണ് ഈ സൈനിക ബജറ്റിൽനിന്ന് ഏറ്റവുമധികം നേട്ടമുണ്ടാക്കിയത്. രണ്ടാം സ്ഥാനത്ത് 22.7 ശതമാനവുമായി ജർമ്മനിയും മൂന്നാം സ്ഥാനത്ത് 12.5 ശതമാനവുമായി ബ്രിട്ടനുമുണ്ട്. 2010-ലാകട്ടെ സൈനികച്ചെലവിന്റെ 58 ശതമാനവും ജർമ്മനിയിലേയ്ക്കാണ് പോയത്. മൊത്തം ആഭ്യന്തരോൽപ്പാദനവുമായി തട്ടിച്ചുനോക്കുമ്പോൾ യൂറോപ്യൻ യൂണിയനിലെ മറ്റേതൊരു അംഗരാജ്യം ചെലവിടുന്നതിനേക്കാൾ ഇരട്ടിയാണ് ഗ്രീസിന്റെ സൈനികച്ചെലവ്. യൂറോപ്പിൽ, പരമ്പരാഗത ആയുധങ്ങളുടെ ഇറക്കുമതിയിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്നതും ഗ്രീസ് തന്നെ. ഗ്രീസിന്റെ ദേശീയകടം മാനംമുട്ടെ ഉയരുന്നതിന്റെ ഒരു പ്രധാനകാരണം ഈ സൈനികച്ചെലവുതന്നെ. ഈ പടുകൂറ്റൻ സൈനികച്ചെലവിന് ന്യായീകരണമായി ഗ്രീസ് പറയുന്നത് ഇന്ത്യയടക്കം ഏത് മുതലാളിത്ത രാജ്യവും പറയുന്ന മുടന്തൻ ന്യായങ്ങൾ തന്നെ. അയൽരാജ്യമായ ടർക്കിയിൽനിന്ന് ഭീഷണിയുണ്ടെന്ന അധികാരികളുടെ നിലപാട് പക്ഷേ ഗ്രീക്കുകാരൊന്നും ഗൗരവമായെടുത്തിട്ടില്ല. ഗ്രീസിലെ സൈനിക ഇടപാടുകൾ അഴിമതിയുടെയും കോഴയുടെയും കൈക്കൂലിയുടെയും കുംഭകോണങ്ങളുടെയും കൂത്തരങ്ങു കൂടിയാണ്. മൂക്കറ്റം കടത്തിൽപ്പെട്ടുഴലുന്ന ഗ്രീസിന് സഹായഹസ്തം നൽകുന്നു എന്നവകാശപ്പെടുന്ന, ജനങ്ങൾക്കുമേൽ കടുത്ത ചെലവുചുരുക്കൽ അടിച്ചേൽപ്പിക്കാൻ നിർദ്ദേശിക്കുന്ന ജർമ്മനിയിലെയും ഫ്രാൻസിലെയും ഭരണകർത്താക്കൾക്ക്, ആയുധ ഇറക്കുമതി സംബന്ധിച്ച എല്ലാ വ്യവസ്ഥകളും ഗ്രീസ് പാലിക്കണമെന്ന കാര്യത്തിൽ നിർബന്ധമുണ്ട്. എന്തിനാണീ കടുംപിടുത്തം? ഇന്ന് സൈനികവല്ക്കരണം പ്രതിസന്ധിഗ്രസ്തമായ മുതലാളിത്ത വ്യവസ്ഥയ്ക്ക് അത്യന്താപേക്ഷിതമാണ്. എസ്‌യുസിഐ(സി)യുടെ സ്ഥാപകനും ഈ യുഗത്തിലെ സമുന്നത മാർക്‌സിസ്റ്റ് ദാർശനികരിൽ ഒരാളുമായ സഖാവ് ശിബ്‌ദാസ് ഘോഷ് ആഴ്ന്നിറങ്ങുന്ന ഒരു വിശകലനത്തിൽ ഇപ്രകാരം ചൂണ്ടിക്കാണിച്ചു: “...... സാമ്രാജ്യത്വ ശക്തികൾ പട്ടടയിൽനിന്ന് പുറത്തുകടക്കാനുള്ള വെപ്രാളത്തിലാണ്...... രാജ്യത്തെ ആയുധമണിയിക്കാനും സമ്പദ്ഘടനയെ സൈനികവൽക്കരിക്കാനുമുള്ള ഭ്രാന്തമായ പരിശ്രമത്തിൽ, മുങ്ങിച്ചാകുന്നവന് ഒരു വൈക്കോൽത്തുരുമ്പ് എന്നപോലെ അഭയം കണ്ടെത്തുകയാണവർ.......സൈനികസാമഗ്രികൾ വാങ്ങിക്കൂട്ടി കൃത്രിമ ഉത്തേജനം നൽകിയും കമ്പോളത്തെ ഊർജ്ജസ്വലമാക്കി നിർത്തിയും താൽക്കാലികമായെങ്കിലും പ്രതിസന്ധിയെ മറികടക്കാനാണവർ ശ്രമിക്കുന്നത്..... പ്രതിസന്ധി രൂക്ഷമാകുന്തോറും സമ്പദ്ഘടനയുടെ സൈനികവൽക്കരണം മുന്നേറിക്കൊണ്ടിരിക്കും”(തെരഞ്ഞെടുത്ത കൃതികൾ, വാല്യം 2, പേജ് 45-46). ആയുധക്കച്ചവടത്തിന്റെ കാര്യത്തിൽ നിലനിൽക്കുന്ന ഈ അനിവാര്യത മൂലം രക്ഷാപദ്ധതികൾക്ക് പകരമായിപ്പോലും വൻതോതിലുള്ള ആയുധവിൽപ്പനയ്ക്കുള്ള ഉറപ്പ് തരപ്പെടുത്തുന്ന രീതിയാണ് വൻകിട സാമ്രാജ്യത്വ രാജ്യങ്ങൾ ഇന്ന് അവലംബിക്കുന്നത്.

**ജനങ്ങളുടെ അസംതൃപ്തി മുതലെടുത്ത് സിരിസ അധികാരത്തിലെത്തി**

2008-ലെ ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ നാൾമുതൽ ജർമ്മൻ-ഇംഗ്ലീഷ്-അമേരിക്കൻ ഭരണകർത്താക്കൾ ഗ്രീസിലെയും മറ്റെല്ലായിടത്തെയും തൊഴിലാളികളെ വിശ്വസിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നത്, വരവിനെക്കാൾ കൂടുതൽ ചെലവഴിച്ച്, ആർഭാടമായി ജീവിച്ചതുകൊണ്ടാണ് വായ്പാ പ്രതിസന്ധി ഉണ്ടായത് എന്ന കാര്യമാണ്. ഇപ്പോൾ പൂച്ച പുറത്തുചാടിയിരിക്കുന്നു. എന്നാൽ, കാൽക്കീഴിൽ കിടന്ന് എല്ലാം സഹിക്കാൻ ഗ്രീസ് ജനത തയ്യാറല്ല. സാമ്പത്തികാക്രമണങ്ങൾക്കും അഴിമതിക്കും മറ്റെല്ലാ തോന്ന്യാസങ്ങൾക്കുമെതിരായ പ്രതിഷേധം രാജ്യമെമ്പാടും വളർന്നുവന്നു. ഒന്നിനുപുറകെ ഒന്നായി പണിമുടക്കുകൾ ഗ്രീസിലെ ഭരണം സ്തംഭിപ്പിച്ചു. ദുരന്തത്തിന്റെ ആഴം വ്യക്തമാക്കിക്കൊണ്ടും കള്ളക്കളികൾ വെളിച്ചത്താക്കിക്കൊണ്ടും എങ്ങും ജനങ്ങളുടെ മുറവിളി ഉയർന്നു. സുശക്തമായ തൊഴിലാളി പ്രക്ഷോഭം ഗ്രീസിലെയും മറ്റ് സാമ്രാജ്യത്വ രാജ്യങ്ങളിലെയും ഭരണാധികാരികൾക്ക് ഉൾക്കിടിലമുണ്ടാക്കി.തൊഴിലാളികളുടെ വേതനം വെട്ടിക്കുറച്ചും അവരുടെ ജനാധിപത്യാവകാശങ്ങൾ കവർന്നെടുത്തും മുതലാളിത്ത പ്രതിസന്ധിയെ മറികടക്കാനുള്ള ശ്രമങ്ങൾ തകിടം മറിഞ്ഞു.

ഈ പശ്ചാത്തലത്തിലാണ് 2015 ജനുവരിയിൽ ഗ്രീസിൽ തെരഞ്ഞെടുപ്പ് നടക്കുന്നത്. സിരിസ എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഇടതുപക്ഷ പുരോഗമനവാദികളുടെ സഖ്യം, പ്രതീക്ഷിച്ചതുപോലെ തന്നെ, ആന്റണി സമരാസിന്റെ നേതൃത്വത്തിലുള്ള യാഥാസ്ഥിതിക ന്യൂ ഡെമോക്രസി സഖ്യത്തെ അധികാരത്തിൽ നിന്ന് പുറംതള്ളി വൻ ഭൂരിപക്ഷത്തോടെ അധികാരത്തിലെത്തി. മാരകമായ ചെലവുചുരുക്കൽ നടപടികൾ അവസാനിപ്പിക്കുമെന്നും ഗ്രീസിന്റെ വൻ കടബാദ്ധ്യത സംബന്ധിച്ച് പുതിയ വിലപേശലുകൾ നടത്തുമെന്നും യൂറോസോൺ, ഐഎംഎഫ് തുടങ്ങിയ ധനശക്തികളുമായി ഏറ്റുമുട്ടൽപാത സ്വീകരിക്കുമെന്നുംമറ്റും വാഗ്ദാനം നൽകിക്കൊണ്ടായിരുന്നു സിരിസ തെരഞ്ഞെടുപ്പിൽ മൽസരിച്ചത്. ഗ്രീസിന്റെ പ്രധാനമന്ത്രിപദം ഏറ്റെടുത്ത സിരിസ തലവൻ സിപ്രാസ് പ്രഖ്യാപിച്ചു: “ഗ്രീസ് ഒരു പുതിയ അദ്ധ്യായം രചിച്ചിരിക്കുന്നു. വിനാശകരമായ ചെലവുചുരുക്കൽ, ഭീതി, അപ്രമാദിത്വം എന്നിവയ്‌ക്കൊക്കെ അന്ത്യം കുറിക്കപ്പെടുകയാണ്. അഞ്ചുവർഷക്കാലം നമ്മൾ അനുഭവിച്ച വേദനയ്ക്കും അവഹേളനത്തിനും അന്ത്യവിരാമമായിരിക്കുന്നു. ഈ തെരഞ്ഞെടുപ്പ് ഫലം ‘മൂവർ സംഘ’ത്തിന്റെ വാഴ്ച ചരിത്രത്തിന്റെ ഏടുകളിൽ ഒതുക്കിയിരിക്കുന്നു”. ധനശക്തികളോട് വിധേയത്വം പുലർത്തില്ലെന്നും സമ്പദ്ഘടനയെ വീണ്ടെടുക്കുമെന്നും സിരിസ വാഗ്ദാനം നൽകി. ജനങ്ങളുടെ മനോഗതി മനസ്സിലാക്കിയ സിപ്രാസ് ഗവൺമെന്റ് തൊഴിലാളികൾക്ക് സൗജന്യമായി വെള്ളം, പകുതി നിരക്കിൽ വൈദ്യുതി, വാർദ്ധക്യകാല പെൻഷൻ, റേഷൻ തുടങ്ങിയവയും നല്കി.

**ഐഎംഎഫ് വായ്പ തിരിച്ചടക്കുന്നതിൽ വരുത്തിയ വീഴ്ചയും മുതലാളിത്ത ഭരണാധികാരികൾക്കിടയിലെ വൈരുദ്ധ്യവും**

കോലാഹലങ്ങളൊക്കെ കെട്ടടങ്ങുന്നതിനു മുമ്പു തന്നെ രക്ഷാപാക്കേജിന്റെ ഭാഗമായി ഐഎംഎഫിന് 1.5 ബില്യൻ യൂറോയുടെ ആദ്യ ഗഡു അടക്കേണ്ട തീയ്യതി അടുത്തുവന്നു. പണമടയ്ക്കാൻ ഗ്രീസിന് ഒരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. ബാങ്കുകളിലെ നിക്ഷേപങ്ങളൊക്കെ കാലിയായിരുന്നു. ട്രഷറിയിലും പണമില്ല. ഗ്രീസ് കടുത്ത ചെലവുചുരുക്കൽ നടപടികൾ അംഗീകരിക്കുന്നെങ്കിൽമാത്രമേ വായ്പയടവ് മാറ്റിവയ്ക്കുന്ന കാര്യം പരിഗണിക്കൂ എന്ന് മൂവർസംഘം പ്രഖ്യാപിച്ചു. ശമ്പളം 30 ശതമാനം വെട്ടിക്കുറയ്ക്കുക, വാർദ്ധക്യകാല പെൻഷൻ നിർത്തലാക്കുക, എണ്ണ, പാചകവാതക വിലകൾ ഉയർത്തുക, വിദ്യാഭ്യാസ-ആരോഗ്യപരിപാലന ചെലവുകൾ വൻതോതിൽ വെട്ടിക്കു

(ശേഷം 14-ാം പേജിൽ)

## പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കണം




പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് പ്രക്ഷോഭ സമിതിയുടെ നേതൃത്വത്തിൽ നടന്നുവരുന്ന ജനകീയ സമരത്തെ പിന്തുണച്ച് സെക്രട്ടേറിയറ്റിനുമുന്നിൽ ഐക്യദാർഢ്യ കൂട്ടായ്മ സംഘടിപ്പിക്കപ്പെട്ടു.

തിരുവനന്തപുരം അതിരൂപത ആർച്ച് ബിഷപ്പ് ഡോ. സൂസൈപാക്യം കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിന് തടസ്സം സ്വജനപക്ഷപാതവും ചിലരുടെ നിക്ഷിപ്ത താൽപ്പര്യവുമാണ്. മെഡിക്കൽ കോളേജ് വികസനത്തിനായി അടിയന്തിരമായി സർക്കാർ ഏറ്റെടുക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഐക്യദാർഢ്യ സമിതി കൺവീനർ ജി.ആർ.സുഭാഷ് അദ്ധ്യക്ഷത വഹിച്ചു. പ്രക്ഷോഭ സമിതി ജനറൽ കൺവീനർ ഡോ.ഡി. സുരേന്ദ്രനാഥ് ആമുഖ പ്രസംഗം നടത്തി. എം.ഷാജർഖാൻ (എസ്‌യുസിഐ-കമ്മ്യൂണിസ്റ്റ്), ബാലകൃഷ്ണ പിള്ള (ആർഎംപി), സമദ് കുന്നക്കാവ് (സോളിഡാരിറ്റി), എം.കെ.ദാസൻ (സിപിഐ-എംഎൽ), ഷൈല കെ.ജോൺ (അഖിലേന്ത്യ മഹിളാ സാംസ്‌കാരിക സംഘടന), മുഹമ്മദ് റിഫ (കാമ്പസ് ഫ്രണ്ട്), എ.കെ.സലാഹുദ്ദീൻ (എസ്ഡിപിഐ), എസ്.മിനി (ഐഎൻപിഎ), എസ്.ശ്രീകുമാർ (എഐഡിഎസ്ഒ), ഇ.മനീഷ് (ജനകീയ സമിതി), ബാലൻ മാസ്റ്റർ തുടങ്ങിയവർ പ്രസംഗിച്ചു. ●

## ‘വിദ്യാഭ്യാസ നയങ്ങളും ഗവേഷണമേഖലയും’

### റിസർച്ച് സ്‌കോളേഴ്‌സ് അസോസിയേഷൻ സിംപോസിയം സംഘടിപ്പിച്ചു

വിദ്യാഭ്യാസ നയങ്ങളും ഗവേഷണ മേഖലയും എന്ന വിഷയത്തിൽ ശ്രീശങ്കര സംസ്‌കൃത സർവ്വകലാശാലയിലെ റിസർച്ച് സ്‌കോളേഴ്‌സ് അസോസിയേഷൻ(ആർഎസ്എ) സിംപോസിയം സംഘടിപ്പിച്ചു. ജൂലൈ 29 ന് യൂണിവേഴ്‌സിറ്റി സെമിനാർ ഹാളിൽവച്ച് നടന്ന സിംപോസിയം ഡോ.പി.ഗീത ഉദ്ഘാടനം ചെയ്തു. ആൾ ഇന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ വിഷയാവതരണം നടത്തി.

ഉന്നതവിദ്യാഭ്യാസരംഗം കച്ചവടവൽക്കരിക്കുകയും കാമ്പസ്സുകളെ അരാഷ്ട്രീയവൽക്കരിക്കുകയും ചെയ്യുന്ന സർക്കാർ നയങ്ങളാണ് ഗവേഷണ മേഖലയുടെ ഇന്നത്തെ പ്രതിസന്ധിക്ക് കാരണം. ഫെല്ലോഷിപ്പ് നിഷേധവും പഞ്ചിംഗുമെല്ലാം ഈ നയങ്ങളുടെ പ്രത്യാഘാതങ്ങളാണ്. സത്യാന്വേഷികളെന്ന നിലയിൽ ഗവേഷകരുടെ സമരങ്ങളെല്ലാം പ്രത്യാഘാതങ്ങൾക്കെതിരെ മാത്രമല്ല, മൂലകാരണങ്ങളിലേക്കും ചെന്നെത്തണം. വിജ്ഞാനത്തെ സംരക്ഷിക്കുക എന്ന മുദ്രാവാക്യം ആത്യന്തികമായി ഉയർത്തുവാൻ ഗവേഷകർക്ക് സാധിക്കണം- എം.ഷാജർഖാൻ പറഞ്ഞു.

ആർഎസ്എ ആക്ടിംഗ് ചെയർമാൻ സൗമിത്ത് സഹദേവൻ അദ്ധ്യക്ഷനായിരുന്നു. വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് എം.പ്രദീപൻ, റഫീക്ക് ഇബ്രാഹീം, രാഗേഷ് ബ്ലാത്തൂർ, എബിൻ, മനോജ് മാധവൻ, യൂണിവേഴ്‌സിറ്റി സിന്റിക്കേറ്റ് അംഗം ലിന്റോ പി. ആന്റു, അനീഷ്‌കുമാർ വി.കെ. തുടങ്ങിയവർ സംസാരിച്ചു. ആർഎസ്എ കൺവീനർ എസ്.അലീന സ്വാഗതവും ജോയിന്റ് കൺവീനർ ധന്യ ഇല്ലത്ത് കൃതജ്ഞതയും പറഞ്ഞു. എംഫിൽ ഗവേഷകർക്ക് ഫെലോഷിപ്പ് നിരാകരിക്കുവാനുള്ള സർവ്വകലാശാല നീക്കത്തിനെതിരായ പ്രക്ഷോഭപരിപാടികളുടെ ഭാഗമായാണ് സിംപോസിയം സംഘടിപ്പിച്ചത്. അഡ്മിഷനെടുത്ത എല്ലാ എംഫിൽ ഗവേഷകർക്കും ഫെലോഷിപ്പ് നൽകണമെന്നാവശ്യപ്പെട്ട് ജൂലൈ 27 ന് നടത്തിയ യൂണിവേഴ്‌സിറ്റി മാർച്ച് വി.കെ.അനീഷ്‌കുമാർ ഉദ്ഘാടനം ചെയ്തു. അദ്ധ്യാപകരായ സുനിൽ പി.ഇളയിടം, ബിജു വിൻസന്റ്, ആർഎസ്എ ഭാരവാഹികളായ ബ്രിജേഷ്, വിഷ്ണുരാജ്, ജഗദീഷ്, അഭിജിത്ത്, രമ്യാരാജ്, എസ്.അലീന, സൗമിത്ത് സഹദേവൻ തുടങ്ങിയവർ മാർച്ചിനെ അഭിസംബോധന ചെയ്തു. ●

# ഗ്രീസ് കുതിച്ചുയരുന്ന സൈനികച്ചെലവ് പൊതുകടം സ്ഫോടനാത്മകമാക്കുന്നു

(13-ാം പേജിൽ നിന്ന്)

റയ്ക്കുക, രണ്ടായിരത്തി പതിനെട്ടോടുകൂടി ജിഡിപിയുടെ 3.5 ശതമാനം വരുന്ന ബജറ്റ് മിച്ചം നേടുക(പലിശ ഒഴികെ) തുടങ്ങിയ നിബന്ധനകളാണ് മുന്നോട്ടു വയ്ക്കപ്പെട്ടിട്ടുള്ളത്. 2015 ന്റെ രണ്ടാം പകുതിയിലും 2016 ലുമായി ചെലവു ചുരുക്കലിലൂടെ 4 മുതൽ 5 ബില്യൻ യൂറോ വരെ സമ്പാദിക്കുക എന്നതായിരിക്കണം ലക്ഷ്യം. ഭരണകർത്താക്കളുടെ പിടിപ്പുകേടുകൊണ്ടാണ് സാമ്പത്തിക പ്രതിസന്ധി ഉണ്ടായതെന്നും ജനങ്ങൾക്കുമേൽ കടുത്ത സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടേ ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയൂ എന്നുമുള്ള പതിവ് പല്ലവിയാണ് വായ്പ നൽകിയവർ മുന്നോട്ടുവയ്ക്കുന്നത്. ജീർണ്ണവും മരണാസന്നവുമായ മുതലാളിത്തത്തിന്റെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന കമ്പോള പ്രതിസന്ധി, കടം വാങ്ങുന്ന പണം മുഴുവൻ മുതലാളിമാരുടെ ലാഭം പെരുക്കാനും ആയുധങ്ങൾ വാങ്ങിക്കൂട്ടാനും ഉപയോഗിക്കുന്നതുപോലുള്ള കാര്യങ്ങളൊക്കെ മനപൂർവ്വം മൂടിവയ്ക്കാൻ അവരെ നിർബ്ബന്ധിതരാക്കുന്നു. എന്നിട്ടിപ്പോൾ പലിശയടക്കം വായ്പ തിരിച്ചടയ്ക്കാൻ ജനങ്ങളെ ആഹ്വാനംചെയ്യുകയാണ്.

ഗ്രീക്ക് ബൂർഷ്വാസിയുടെ മുന്നിൽ രണ്ട് വഴികളാണുണ്ടായിരുന്നത്. ഒന്നുകിൽ മൂവർ സംഘത്തെ സമീപിച്ച്, കടുത്ത ഉപാധികൾ അംഗീകരിച്ചുകൊണ്ട് മറ്റൊരു രക്ഷാപാക്കേജിനുകൂടി അപേക്ഷിക്കുക. അല്ലെങ്കിൽ വായ്പ തിരിച്ചടക്കാതെ യൂറോസോണിൽനിന്ന് പുറത്തുവരിക. ഇവിടെ ഒരു കാര്യം വ്യക്തമായി മനസ്സിലാക്കിയിരിക്കണം. യൂറോപ്യൻ യൂണിയനിലെ അംഗരാജ്യങ്ങൾക്ക്, ആഭ്യന്തര-വിദേശ കമ്പോളത്തിലേയ്ക്ക് മറ്റ് മുതലാളിത്ത സാമ്രാജ്യത്വ ശക്തികൾ കടന്നുവരുന്നതിനെയും അമേരിക്കൻ മേധാവിത്വത്തെയുമൊക്കെ എതിർക്കുക എന്നൊരു പൊതുതാല്പര്യം ഉള്ളപ്പോൾത്തന്നെ, കമ്പോളത്തെപ്രതി ഇവർക്കിടയിൽ വൈരുദ്ധ്യവും നിലനിൽക്കുന്നുണ്ട്. ഇത്, സാധാരണഗതിയിൽ, കൂടുതൽ ആനുകൂല്യങ്ങൾക്കുവേണ്ടി വിലപേശുന്നതിൽ ഗ്രീസിന് പ്രതിബന്ധമാകുന്നു. എന്നാൽ, യൂറോ സോണിൽനിന്ന് പുറത്തുവരാനുള്ള സാമ്പത്തിക അടിത്തറ അവർക്കില്ലതാനും. അതുകൊണ്ടുതന്നെ, കടം തിരിച്ചടയ്ക്കില്ല, യൂറോസോണിൽനിന്ന് പുറത്തുവരും തുടങ്ങിയ പ്രഖ്യാപനങ്ങളൊക്കെ, സാദ്ധ്യമാകുന്നത്ര ഒരു വിലപേശൽ ശേഷി ഉറപ്പിക്കാനുള്ള തന്ത്രം മാത്രമാണ്. ഈ വിലപേശലാകട്ടെ ജനങ്ങൾക്കുവേണ്ടിയല്ല, മുതലാളിമാരുടെ താല്പര്യാർത്ഥമാണുതാനും. എന്നാൽ ദേശീയതാല്പര്യത്തിന്റെ പേരുപറഞ്ഞ്, ജനങ്ങളെ കരുവാക്കിക്കൊണ്ടാണ് ഇതെല്ലാം അവതരിപ്പിക്കപ്പെടുന്നതെന്ന് മാത്രം. ഒരു വർഗ്ഗവിഭജിത സമൂഹത്തിൽ അടിച്ചമർത്തുന്നവന്റെയും അമർത്തപ്പെടുന്നവന്റെയും താല്പര്യം ഒന്നായിരിക്കില്ല എന്ന കാര്യമാണ് ഇവിടെ ഓർക്കേണ്ടത്. അതുകൊണ്ടുതന്നെ ഭരണവർഗ്ഗം ദേശീയതാല്പര്യമെന്ന് പറഞ്ഞാൽ അവരുടെ വർഗ്ഗതാല്പര്യം എന്നേ അർത്ഥമുള്ളൂ. അത് ചൂഷിതജനതയുടെ താല്പര്യത്തിന് കടകവിരുദ്ധമായിരിക്കും. ഗ്രീസിലെ ബൂർഷ്വാസിയുടെ സ്ഥിതി ഇതായിരിക്കെ, യൂറോപ്യൻ യൂണിയനിലെ പ്രമുഖർക്കും ഗ്രീസിനെ തങ്ങളോടൊപ്പം നിർത്തണമെന്ന താല്പര്യമുണ്ട്. ഗ്രീസുമായുണ്ടാകുന്ന അകൽച്ച, ഗ്രീസിനോടു ചേർന്നുകിടക്കുന്ന പോർട്ടുഗൽ, അയർലണ്ട്, സ്പെയിൻ തുടങ്ങി സോവറീൻ വായ്പാ പ്രതിസന്ധി നേരിടുന്ന മറ്റു രാജ്യങ്ങളിലും പ്രതിഫലിക്കുമെന്നവർ ഭയക്കുന്നു. അതോടൊപ്പംതന്നെ, കടുത്ത ചെലവുചുരുക്കൽ നടപടികൾ മുന്നോട്ടു വയ്ക്കുന്നതിൽ യാതൊരമാന്തവും കാണിക്കാനും പാടില്ല. എന്തുകൊണ്ടെന്നാൽ, പോർട്ടുഗൽ, അയർലണ്ട്, സ്പെയിൻ തുടങ്ങിയ രാജ്യങ്ങൾക്കും രക്ഷാപാക്കേജ് നൽകേണ്ടിവന്നാൽ അവർ ഗ്രീസിന്റെ ഉദാഹരണമായിരിക്കും എടുത്തുകാണിക്കുക. അതായത്, ഗ്രീസും യൂറോ സോണും താന്താങ്ങളുടെ വർഗ്ഗതാല്പര്യം മുൻനിർത്തി വിഘടിച്ചുപോകാതിരിക്കാൻ ശ്രദ്ധ ചെലുത്തുന്നു എന്നർത്ഥം. അപ്പോൾ, കാര്യമായ വിലപേശൽ നടത്തി ഇരുകൂട്ടരും നേട്ടം കൊയ്യുകയും ഗ്രീസിലെ പാപ്പരായ ജനങ്ങളെ വീണ്ടും കൊള്ളയടിക്കുകയുമാണ് ചെയ്തിരിക്കുന്നത്.

### ജനങ്ങളെ കബളിപ്പിക്കുന്നു

സാമ്രാജ്യത്വശക്തികളുടെ ഈ താല്പര്യം ഗ്രീസിലെ ഭരണാധികാരികൾക്ക് നന്നായറിയാം. ഇടതുപക്ഷ പുറംമോടിയും പുരോഗമന മുദ്രാവാക്യങ്ങളുമൊക്കെയുണ്ടെങ്കിലും അവരുടെ തനിനിറം ഇന്ന് വ്യക്തമാണ്. മൂലധനത്തിനും കൂലിക്കുമിടയിൽ സന്ധി ചെയ്യുന്ന സോഷ്യൽ ഡെമോക്രാറ്റിക് ശക്തിയാണത്. ഒരുപാട് വാഗ്ദാനങ്ങൾ നൽകിയാണ് തെരഞ്ഞെടുപ്പിൽ ജയിച്ചതെന്ന് സിപ്രാസിന് നന്നായറിയാം. ഒറ്റ രാത്രികൊണ്ട് ഇതെല്ലാം വിസ്മരിക്കുന്നത് തന്റെയും തന്റെ പാർട്ടിയുടെയും രാഷ്ട്രീയഭാവിയെ പ്രതികൂലമായി ബാധിക്കുമെന്നും അറിയാം. അതുകൊണ്ടാണ് ഒരു റഫറണ്ടം പ്രഖ്യാപിച്ചുകൊണ്ട് പന്ത് ജനങ്ങളുടെ കോർട്ടിലേയ്ക്ക് അടിച്ചത്. 'യെസ്'എന്നാണ് ഫലമെങ്കിൽ പണം തരുന്നവരുടെ ആജ്ഞകൾ ശിരസാവഹിച്ച് യൂറോസോണിൽ തുടരാം. 'നോ' ആണെങ്കിൽ ഉപാധികൾ അംഗീകരിക്കാതെ യൂറോസോണിൽനിന്ന് പുറത്തുകടക്കാം. ഒരു മെച്ചപ്പെട്ട കരാറിനുവേണ്ടി വിലപേശാനുള്ള ശക്തിപകരാനും 'നോ' ഉപകരിക്കും. എന്തായാലും രാജ്യത്തിന്റെ പാപ്പരായ സ്ഥിതി വിളിച്ചു പറയുംവിധം ബാങ്കുകൾ പത്തു ദിവസത്തിലേറെയായി അടഞ്ഞുകിടക്കുന്നു. എടിഎമ്മിൽനിന്ന് ദിവസം 60 യൂറോയിൽക്കൂടുതൽ പിൻവലിക്കാനാകില്ല. പെൻഷനുകളെല്ലാം കുടിശ്ശികയായിരിക്കുന്നു. ആഴ്ചയിൽ പെൻഷൻ ഇനത്തിൽ 120 യൂറോയിൽക്കൂടുതൽ പിൻവലിക്കാനാകില്ല. കടകളൊക്കെ വിജനമായി. 50 ശതമാനം വിലകുറച്ചിട്ടും വാങ്ങാൻ ആളുകളില്ല. ആഹാരത്തിനുവേണ്ടി കുപ്പത്തൊട്ടിയിൽ പരതുന്ന സ്ഥിതിയായിട്ടുണ്ട്. എന്നിട്ടും ഗ്രീക്ക് ജനതയുടെ സമരവീര്യത്തിന് കുറവൊന്നും വന്നിട്ടില്ല. റഫറണ്ടത്തിൽ 61 ശതമാനം പേരാണ് 'നോ'രേഖപ്പെടുത്തിയത്. ഈ ധീരമായ വിധിയെഴുത്തിൽ നമ്മുടെ പാർട്ടി എസ്‌യുസിഐ(സി) ഗ്രീസിലെ ജനങ്ങളെ ഹൃദയംഗമമായി അഭിവാദ്യം ചെയ്തു. ഈ 'നോ'യിലൂടെ ഗ്രീക്കുജനത പ്രകടമാക്കിയ തന്റേടം സാമ്പത്തിക കൊലയാളികളും കൊള്ളക്കാരുമായ സാമ്രാജ്യത്വ കഴുകൻമാരെ കിടിലം കൊള്ളിച്ചിരിക്കുകയാണ്. ഈ 'നോ'യുടെ ആവേശം സ്പെയിൻ, പോർട്ടുഗൽ, ഇറ്റലി തുടങ്ങി ക്രൂരമായ ചെലവുചുരുക്കൽ നടപടികൾക്കുവിധേയരായ മുഴുവൻ ജനതകളിലേയ്ക്കും പടരുമെന്നും ഫ്രാങ്ക്ഫർട്ടിലും പാരീസിലും ബ്രസൽസിലും റോമിലും മാഡ്രിഡിലും ലിസ്ബണിലും ആംസ്റ്റർഡാമിലുമൊക്കെയിരിക്കുന്ന സാമ്രാജ്യത്വ മേലാളൻമാർ ഭയക്കുന്നുണ്ട്.

### സിരിസയുടെ മലക്കംമറിച്ചിൽ

സിരിസയും സിപ്രാസും ജനവിധിയിൽ സന്തോഷിക്കുന്നതായി ഭാവിച്ചെങ്കിലും പിന്നണിയിൽ നടന്നത് വ്യത്യസ്തമായ കാര്യങ്ങളായിരുന്നു. മുതലാളിവർഗ്ഗത്തിന്റെ താല്പര്യത്തിനിണങ്ങുംപടി ഒരു മെച്ചപ്പെട്ട പാക്കേജ് തരപ്പെടുത്തിയെടുക്കാൻ ജനവിധിയെ അവർ ഉപയോഗിക്കുകയായിരുന്നു. 2010-നു ശേഷം ലഭിച്ച മൂന്നു പാക്കേജുകളിലൂടെ അടിച്ചേല്പിക്കപ്പെട്ട അപമാനകരമായ വ്യവസ്ഥകൾ ജനജീവിതം ദുരിതപൂർണ്ണമാക്കിയിരുന്നു. കൊന്നിട്ടും അടങ്ങാത്ത പ്രതികാര ബുദ്ധിയോടെ അവർ വീണ്ടും ജനങ്ങളെ ആക്രമിക്കാനാണ് ഒരുമ്പെട്ടത്. ഗ്രീക്ക് ബൂർഷ്വാസിക്കുവേണ്ടി ഇടനിലക്കാരനായി നിന്ന സിരിസ വഞ്ചനയുടെ പ്രതീകമായി മാറി. ബഹുഭൂരിപക്ഷം ജനങ്ങളും തന്റെ ശ്രമങ്ങളെ പിന്തുണയ്ക്കുമെന്ന് സിപ്രാസ് കണക്കുകൂട്ടുന്നുണ്ടെങ്കിലും സ്വന്തം പാർട്ടിയിൽത്തന്നെ എതിർപ്പ് ശക്തമാകുന്നതായാണ് റിപ്പോർട്ടുകൾ. തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളെല്ലാം കാറ്റിൽപ്പറത്തി, മലക്കംമറിഞ്ഞ്, ഇവ്വിധമൊരു വഞ്ചന കാണിക്കാൻ സിരിസയ്ക്ക് എങ്ങനെ കഴിഞ്ഞുവെന്ന് ആശങ്കയോടെ വീക്ഷിക്കുകയാണ് ഗ്രീസിലെയും ലോകമെമ്പാടുമുള്ള അദ്ധ്വാനിക്കുന്ന ജനങ്ങൾ. പുരോഗമന മുദ്രാവാക്യങ്ങളും നാട്യങ്ങളുമായി ജനതാല്പര്യം പേറുന്നുവെന്ന് അവകാശപ്പെടുകയും എന്നാൽ വിദഗ്ദ്ധമായി മുതലാളിവർഗ്ഗത്തിന് വിടുപണി ചെയ്യുകയും ചെയ്യുന്ന സോഷ്യൽ ഡെമോക്രസിയുടെ തനിനിറമാണിവിടെ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നത്. ഗ്രീക്ക് മാദ്ധ്യമങ്ങളിൽ വന്ന ചില റിപ്പോർട്ടുകൾ ഇത് വ്യക്തമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. സിരിസയുടെ ഈ മലക്കംമറിച്ചിൽ സ്വാഭാവികമാണ്. മഹാനായ സ്റ്റാലിൻ പറഞ്ഞത് ഓർക്കുക: "ഇന്ന് സോഷ്യൽ ഡെമോക്രാറ്റിസം പ്രത്യയശാസ്ത്രപരമായി മുതലാളിത്തത്തെയാണ് പിന്താങ്ങുന്നത്. ഈ സോഷ്യൽ ഡെമോക്രാറ്റിസത്തിന് അന്ത്യം കുറിക്കാതെ മുതലാളിത്തത്തിന്റെ അന്ത്യം കുറിക്കാനാവില്ല".

### പഠിക്കേണ്ട പാഠങ്ങൾ

ഗ്രീസിലെ ജനങ്ങൾ വഞ്ചിക്കപ്പെട്ടിരിക്കുന്നു. വഞ്ചകരിലാണ് അവർ വിശ്വാസമർപ്പിച്ചത്. അവരുടെ രോഷം അണപൊട്ടിയൊഴുകുകയാണ്. ഏതൻസിലും ഇതര സ്ഥലങ്ങളിലും ചെലവുചുരുക്കലിനെതിരെ ജനങ്ങൾ തെരുവിലിറങ്ങുകയാണ്.'നോ' 'എസ്'ആക്കിമാറ്റി എന്നാണവരുടെ പരാതി. സിപ്രാസിനല്ല 'നോ'യ്ക്കാണ് ഞങ്ങളുടെ പിന്തുണ എന്നവർ പറയുന്നു, എന്നാൽ, എന്തുകൊണ്ടാണിവർ വീണ്ടും വീണ്ടും കബളിപ്പിക്കപ്പെടുന്നത്? മുതലാളിത്ത ചൂഷണം കൊണ്ട് പൊറുതിമുട്ടിയാണ് അവർ തെരുവിലണയുന്നതെങ്കിലും മുതലാളിത്തത്തിന്റെ പ്രവർത്തന നിയമങ്ങളെക്കുറിച്ചും അതിന്റെ പ്രതിവിധിയെക്കുറിച്ചും അവർ അജ്ഞരാണ്.

മരണാസന്നമായ മുതലാളിത്തം ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അതിന്റെ പ്രതിസന്ധിയുടെ ഭാരം മുഴുവൻ ജനങ്ങളുടെ ചുമലിലാണ് ഇറക്കിവയ്ക്കുന്നത്. സഹജമായ ഈ പ്രതിസന്ധിയിൽനിന്ന് മുതലാളിത്തത്തിന് ഒരിക്കലും മോചനമില്ല. സഖാവ് ശിബ്ദാസ് ഘോഷ് പറഞ്ഞു: "ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കാനോ അതിനനുസരിച്ച് ഉത്പാദനവും വിതരണവും ആസൂത്രണം ചെയ്യാനോ മുതലാളിത്തത്തിന് താല്പര്യമില്ല. കമ്പോളത്തിലെ ഡിമാന്റാണ് മുതലാളിത്ത ഉത്പാദനത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നത്. അതാകട്ടെ ജനങ്ങളുടെ ക്രയശേഷിയുമായി ബന്ധപ്പെട്ട കാര്യമാണ്. എത്ര ലാഭം കിട്ടും എന്നത് മാത്രമേ മുതലാളിത്തം പരിഗണിക്കുന്നുള്ളൂ. ചുരുക്കിപ്പറഞ്ഞാൽ മുതലാളിത്ത സമ്പദ്ഘടന നിലനിൽക്കുന്നത് ഈ അടിസ്ഥാനങ്ങളിലാണ്. കമ്പോളത്തിലെ സ്ഥിരത നഷ്ടപ്പെട്ടാൽ മുതലാളിത്ത സമ്പദ്ഘടനയുടെ നിലനിൽപ്പുതന്നെ അപകടത്തിലാകും......രണ്ടാം ലോകയുദ്ധാനന്തരം പ്രത്യക്ഷപ്പെട്ടിരിക്കുന്ന പ്രതിസന്ധി ദിനംപ്രതി, നിമിഷംപ്രതി രൂക്ഷമാകുന്നതാണ്. മുതലാളിത്ത കമ്പോളത്തിന് മുമ്പുണ്ടായിരുന്ന സാപേക്ഷികമായ സ്ഥിരത ഇന്നില്ല. ആ സ്ഥിതിയെല്ലാം പൊയ്പ്പോയിരിക്കുന്നു.. (തെരഞ്ഞെടുത്ത കൃതികൾ, വാല്യം 4 പേജ് 51). ഊർദ്ധശ്വാസം വലിക്കുന്ന മുതലാളിത്ത വ്യവസ്ഥയ്ക്ക് പ്രാണവായു നൽകി നിലനിർത്താനുള്ള അവസാന പരിശ്രമമെന്ന നിലയിലാണ് ആഗോളീകരണ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. എന്നാൽ, ജനങ്ങളുടെ ദുരിതങ്ങൾ പെരുക്കി, മനുഷ്യോചിതമല്ലാത്ത ജീവിത സാഹചര്യങ്ങളിലേയ്ക്ക് അവരെ തള്ളിയിട്ടതല്ലാതെ ആഗോളീകരണം പ്രശ്നപരിഹാരത്തിന് ഉതകിയില്ല. വായ്പാധിഷ്ഠിത സമ്പദ്ഘടനയിലൂടെ എവ്വിധവും പ്രതിസന്ധിയിൽനിന്ന് പുറത്തുകടക്കാനുള്ള മുതലാളിത്ത-സാമ്രാജ്യത്വ ശക്തികളുടെ ശ്രമവും പാഴായെന്ന് സബ്പ്രൈം പ്രതിസന്ധിയും തുടർന്നുണ്ടായ സോവറീൻ വായ്പാ പ്രതിസന്ധിയും വെളിവാക്കിയിരിക്കുന്നു. ഇപ്പോൾ വായ്പ തിരിച്ചടയ്ക്കാൻ പുതിയ വായ്പയെ ആശ്രയിക്കുകയാണ്. ഓരോ തവണയും ജനങ്ങളുടെമേൽ അധികഭാരം വന്നു പതിക്കുന്നു. ഇതിൽപ്പരം അപഹാസ്യമായി എന്തുണ്ട്? ഗ്രീസിലെ പ്രതിസന്ധിയും അതിന് സാമ്രാജ്യത്വം കണ്ടുപിടിച്ച രക്ഷാമാർഗ്ഗങ്ങളും മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തകളുടെ വെളിച്ചത്തിൽ വിശകലനം ചെയ്തുകൊണ്ട് നമ്മൾ ഇപ്രകാരം ചൂണ്ടിക്കാണിച്ചു: "രക്ഷാപാക്കേജുകൾ പ്രതിസന്ധിക്ക് അയവുവരുത്തുകയും ഒരു ദുരന്തത്തിൽനിന്ന് യൂറോസോണിനെ കരകയറ്റുകയും ചെയ്തെന്ന പ്രതീതി സൃഷ്ടിക്കുമ്പോഴും, കൂടുതൽ വലിയൊരു പ്രതിസന്ധിക്ക് അടിത്തറപാകുക മാത്രമാണത് ചെയ്തിരിക്കുന്നത്. അത് വെളിച്ചത്തുവരാൻ എത്ര സമയമെടുക്കുമെന്നേ അറിയേണ്ടതുള്ളൂ "(പ്രോളിറ്റേറിയൻ ഇറ,1-6-2010). ഈ വിശകലനം ശരിവയ്ക്കുന്നതാണ് ഗ്രീസിലെ സമീപകാല സംഭവവികാസങ്ങൾ.

മുതലാളിത്തത്തെ തൂത്തെറിയുന്നതുവരെ തങ്ങളുടെ ദുരിതങ്ങൾക്ക് ഒരു ശമനവുമുണ്ടാകില്ലെന്ന സത്യം എത്രയുംവേഗം, അടിച്ചമർത്തപ്പെടുന്ന ജനത തിരിച്ചറിയുക എന്നതാണ് അനിവാര്യമായിട്ടുള്ളത്. എന്നാൽ, ലെനിൻ ചൂണ്ടിക്കാണിച്ചതുപോലെ, ശരിയായ വിപ്ലവസിദ്ധാന്തം, ശരിയായ വിപ്ലവ പാർട്ടി, ശരിയായ അടിസ്ഥാന രാഷ്ട്രീയ ലൈൻ എന്നീ അവശ്യോപാധികൾ പൂർത്തീകരിക്കാതെ മുതലാളിത്ത വ്യവസ്ഥയെ കടപുഴക്കാനാവില്ല. ഗവൺമെന്റ് മാറുന്നതുകൊണ്ട് ഭരണകൂടം മാറുന്നില്ല. ഗവണ്മെന്റ് ഭരണകൂടത്തിന്റെ നടത്തിപ്പുകാരൻ മാത്രമാണ്. നടത്തിപ്പുകാരനേ മാറുന്നുള്ളൂ. ഭരണകൂടത്തിന് മാറ്റമുണ്ടാകുന്നില്ല. ഈ ഭരണകൂടത്തെ തകർക്കാതെ, പാർലമെന്ററി മാർഗ്ഗത്തിലൂടെ ജനങ്ങളുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാമെന്ന വ്യാമോഹം പരത്തുന്ന പാർട്ടികൾ, അവർ ഏത് തരക്കാരായാലും, അവരുടെ കൊടിയുടെ നിറമേതായാലും, അവർ ഒന്നുകിൽ വിവരദോഷികളാണ്, അല്ലെങ്കിൽ മുതലാളിവർഗ്ഗത്തിന്റെ ഏജന്റുമാരാണ്. പുരോഗമനമുദ്രാവാക്യങ്ങൾ മുഴക്കുകയും ജനങ്ങളെ വാഗ്ദാനങ്ങൾ നൽകി ബൂർഷ്വാ പാർലമെന്ററി രാഷ്ട്രീയത്തിൽ തളച്ചിടുകയും ചെയ്യുന്ന സോഷ്യൽ ഡെമോക്രാറ്റുകളാണ്, ഏറ്റവും വഞ്ചനാപരമായി മുതലാളിവർഗ്ഗ താൽപര്യം സംരക്ഷിക്കുന്നവർ. ലോകമെമ്പാടും ഉയരുന്ന ജനങ്ങളുടെ പ്രതിഷേധസമരങ്ങൾ, ഗ്രീസിലെയും മറ്റു യൂറോപ്യൻ രാജ്യങ്ങളിലെയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഐതിഹാസിക പ്രക്ഷോഭങ്ങൾ, മുതലാളിത്തത്തിനെതിരായ മുദ്രാവാക്യങ്ങൾ മുഴക്കിയ ആവേശകരമായ 'വാൾസ്ട്രീറ്റ് പിടിച്ചെടുക്കൽ സമരം', 'അറബ് വസന്തത്തിന്റെ കുതിപ്പ്' എന്നിവയൊക്കെ വെളിവാക്കുന്നത് ലോകത്ത് മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിനുള്ള വസ്തുനിഷ്ഠ സാഹചര്യം ഒരുങ്ങിക്കഴിഞ്ഞുവെന്നതാണ്. ലെനിൻ പറഞ്ഞതുപോലുള്ള ആത്മനിഷ്ഠ സാഹചര്യമാണ് പാകമാകാത്തത്. അതിനാൽ, സോഷ്യൽ ഡെമോക്രാറ്റുകളെയും മറ്റു ബൂർഷ്വാ ശക്തികളെയും ഒറ്റപ്പെടുത്തി, ഓരോ രാജ്യത്തും യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ശക്തിപ്പെടുത്തുകയും, ലെനിനിസ്റ്റ് മാതൃകയിലും ഉന്നതമായ തൊഴിലാളിവർഗ്ഗ നീതിബോധത്തിലും സംസ്കാരത്തിലും അധിഷ്ഠിതമായി, ശരിയായ വിപ്ലവനേതൃത്വത്തിൻകീഴിൽ, വർഗ്ഗ-ബഹുജന പ്രക്ഷോഭങ്ങൾ വളർത്തിയെടുത്തുകൊണ്ട് മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവം സാക്ഷാത്ക്കരിക്കാനുള്ള പാത വെട്ടിത്തെളിച്ചെടുക്കുകയും ചെയ്യുക എന്നതാണ് തൊഴിലാളികളും മറ്റദ്ധ്വാനിച്ച് ജീവിക്കുന്ന ജനങ്ങളും അടിയന്തരമായി ചെയ്യേണ്ടത്. ഇതുതന്നെയാണ് ഗ്രീസിന്റെയും മുന്നിലുള്ള കർത്തവ്യം. ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് അവർ എത്രയുംവേഗം കർമ്മനിരതരാകണം.ഇന്ത്യയിലെ പൊരുതുന്ന ജനങ്ങളുടെ പേരിൽ ഗ്രീസിന്റെ പോരാട്ടത്തിന് ഞങ്ങൾ എല്ലാ സാഹോദര്യവും ഐക്യദാർഢ്യവും പ്രഖ്യാപിക്കുന്നു. ●

# പാരമ്പര്യത്തെപ്പറ്റിയുള്ള മിഥ്യാധാരണ പ്രതിലോമകാരികൾ മുതലെടുക്കുന്നു

-പ്രൊഫ.ധർമ്മരാജ് അടാട്ട്



'പ്രാചീന ഭാരതത്തിലെ ഭൗതികവാദ ദർശനങ്ങൾ' എന്ന വിഷയത്തിൽ പ്രൊഫ. ധർമ്മരാജ് അടാട്ട് പ്രഭാഷണം നടത്തുന്നു.

പ്രാചീനഭാരതത്തിൽ നിലനിന്നിരുന്നത് ആദ്ധ്യാത്മികവാദപരമായ തത്ത്വചിന്തകൾ മാത്രമായിരുന്നുവെന്നും, ഭൗതികവാദ ദർശനങ്ങൾ ആർഷഭാരതത്തിന് അന്യമായിരുന്നുവെന്നുമുള്ള തെറ്റിദ്ധാരണ പണ്ഡിതന്മാരുൾപ്പെടെയുള്ള വലിയൊരുവിഭാഗം വച്ചുപുലർത്തുന്നുണ്ടെന്നും, ഈ മിഥ്യാധാരണ ഇന്നത്തെ സാഹചര്യത്തിൽ പ്രതിലോമകാരികളെ സഹായിക്കുകയാണെന്നും പ്രൊഫ. ധർമ്മരാജ് അടാട്ട് അഭിപ്രായപ്പെട്ടു. സഖാവ് ജി.രവീന്ദ്രൻ അനുസ്മരണത്തോടനുബന്ധിച്ച് "പ്രാചീന ഭാരതത്തിലെ ഭൗതികവാദ ദർശനങ്ങൾ" എന്ന വിഷയത്തെ അധികരിച്ച് ജൂലൈ 26 ന് കുണ്ടറ വ്യാപാരി ഭവനിൽ പ്രഭാഷണം നടത്തുകയായിരുന്നു കാലടി ശ്രീശങ്കര സംസ്കൃത സർവ്വകലാശാലയിലെ സാഹിത്യ വിഭാഗം മേധാവിയും പ്രമുഖ ഗ്രന്ഥകാരനുമായ പ്രൊഫ.അടാട്ട്.

ഹിന്ദുത്വവാദികളുടെ താൽപ്പര്യങ്ങൾക്കിണങ്ങുംപടി രാജ്യത്തിന്റെ ചരിത്രം അവതരിപ്പിക്കാൻ വേണ്ടി നടക്കുന്ന സംഘടിത ശ്രമത്തിന് ഈ മിഥ്യാധാരണ ശക്തി പകരുന്നുവെന്നതാണ് കാരണം. യഥാർത്ഥത്തിൽ പ്രാചീന ഇന്ത്യയിലെ ദർശനങ്ങളിൽ മിക്കവയും ഭൗതികവാദപരമായിരുന്നുവെന്നതിന് മതിയായ തെളിവുകൾ നമ്മുടെ പഴയ സാഹിത്യകൃതികളിലുണ്ടെന്ന് മഹാഭാരതത്തിലെ കഥ സൂചിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സി.കെ.ലൂക്കോസ് അനുസ്മരണ പ്രസംഗം നടത്തി. ജില്ലാ സെക്രട്ടറി ജി.എസ്.പത്മകുമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എ.ജെയിംസ്, ഫാ.ഗീവർഗീസ് തരകൻ, കെ.ഒ.മാത്യൂ പണിക്കർ, എസ്.രാധാകൃഷ്ണൻ, വൈ.റോബർട്ട്, ഷൈല കെ.ജോൺ എന്നിവർ പ്രസംഗിച്ചു. ●

# ഐഎൻപിഎ തൃശൂർ ജില്ലാ സമ്മേളനം




പി.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. മിനി കെ.ഫിലിപ്പ്, ഡോ.പി.എസ്.ബാബു, പ്രൊഫ. കെ.ബി.ഉണ്ണിത്താൻ, വി.യു.ഉണ്ണിത്താൻ, സിസിലി ഏലിയാസ് എന്നിവർ മുൻനിരയിൽ

വായ്പ തിരിച്ചുപിടിക്കൽ റിലയൻസിനെ ഏൽപ്പിച്ച നടപടി പിൻവലിക്കുക, വിദ്യാഭ്യാസ വായ്പ സമ്പൂർണ്ണമായി സർക്കാർ ഏറ്റെടുക്കുക, നഴ്സുമാരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സാഹിത്യ അക്കാദമി ഹാളിൽ ജൂലൈ 28 ന് ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ തൃശൂർ ജില്ലാസമ്മേളനം നടന്നു. പ്രമുഖ സാഹിത്യകാരൻ പി.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ വായ്പാ വിഷയത്തിലും സർക്കാരുകൾ നിലകൊള്ളുന്നത് കോർപ്പറേറ്റുകൾക്കുവേണ്ടിയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അവർക്കു വേണ്ടി ലക്ഷക്കണക്കിന് കോടികൾ എഴുതിത്തള്ളുന്ന ഗവൺമെന്റ് നമ്മുടെ കുട്ടികളുടെ താരതമ്യേന തുച്ഛമായ വായ്പ എഴുതിത്തള്ളുവാനോ, സ്വയം ഏറ്റെടുക്കുവാനോ മുന്നോട്ടു വരാത്തത് ഖേദകരമാണ്. വിദ്യാഭ്യാസവും തൊഴിലും പൗരന്മാർക്ക് ഭരണഘടനാപരമായിത്തന്നെ ഉറപ്പുനൽകേണ്ട സർക്കാർ അവരെ വായ്പക്കാരാക്കി മാറ്റുന്നത് ന്യായീകരിക്കാനാവില്ല. ജനങ്ങളെ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടുകയെന്നതാണ് ആധുനിക സർക്കാരുകളുടെ ശൈലിയെന്നും അതിനെ ഒറ്റക്കെട്ടായി നേരിടണമെന്നും വായ്പ തിരിച്ചുപിടിക്കൽ റിലയൻസിനെ ഏൽപ്പിച്ചിരിക്കുന്ന നടപടിയിൽ നിന്ന് ഗവൺമെന്റ് പിൻമാറണമെന്നും പി.സുരേന്ദ്രൻ അഭിപ്രായപ്പെട്ടു.

ഡോ. പി.എസ്.ബാബു അദ്ധ്യക്ഷത വഹിച്ചു. മിനി കെ.ഫിലിപ്പ് മുഖ്യപ്രസംഗം നടത്തി. പ്രൊഫ.കെ.ബി.ഉണ്ണിത്താൻ, വി.യു.ഉണ്ണികൃഷ്ണൻ, അഡ്വ.ഇ.എൻ.ശാന്തിരാജ് എന്നിവർ പ്രസംഗിച്ചു. സി.കെ.ശിവദാസൻ, കെ.ജെ.വർഗീസ് എന്നിവർ പ്രമേയങ്ങൾ അവതരിപ്പിച്ചു. ഡോ. പി.എസ്.ബാബു പ്രസിഡന്റും ടി. വാസുദേവൻ, രാജൻ വാരിയർ, പി.ഡി. പോൾ, കുരിയാക്കോസ് ചേലക്കര എന്നിവർ വൈസ്പ്രസിഡന്റുമാരും സിസിലി ഏലിയാസ് സെക്രട്ടറിയും കെ.എൽ.ജോസ്, എ.എം.സുരേഷ്, സി.ആർ.ഉണ്ണികൃഷ്ണൻ, എം.എ. മത്തായി എന്നിവർ ജോയിന്റ് സെക്രട്ടറിമാരും സി.കെ.ശിവദാസൻ ട്രഷററുമായി 31 അംഗ ജില്ലാക്കമ്മിറ്റിയെ യോഗം തെരഞ്ഞെടുത്തു. ●

# കേന്ദ്ര സർക്കാർ ഇസ്രായേൽ അനുകൂല നയം ഉപേക്ഷിച്ച് പലസ്തീൻ ജനതയോടൊപ്പം നിലകൊള്ളണം

*(ജൂലൈ 3ന് എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് പുറപ്പെടുവിച്ച പ്രസ്താവന)*

ഗാസയിൽ ഇസ്രായേൽ നടത്തുന്ന യുദ്ധകുറ്റകൃത്യങ്ങളെ നിന്ദിച്ചുകൊണ്ട് ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ കൗൺസിലിൽ അവതരിപ്പിച്ച പ്രമേയത്തിന്റെ വോട്ടെടുപ്പിൽനിന്ന് വിട്ടുനിന്ന ഇന്ത്യയുടെ നിലപാടിനെ ഞങ്ങൾ ശക്തമായി അപലപിക്കുന്നു. സ്ത്രീകളും കുട്ടികളും ബലഹീനരും വൃദ്ധരുമടക്കം ആയിരക്കണക്കിന് നിരപരാധികളെ കൊന്നൊടുക്കിക്കൊണ്ട് ഒരു വർഷത്തിലേറെയായി ഇസ്രായേൽ ഗാസയിൽ പൈശാചികമായ ആക്രമണം നടത്തുകയാണ്. ഈ അക്രമണവുമായി ബന്ധപ്പെട്ട് ഇസ്രായേൽ നടത്തുന്ന യുദ്ധകുറ്റകൃത്യങ്ങളുടെ തെളിവുകൾ സഹിതമുള്ള റിപ്പോർട്ടാണ് ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ കൗൺസിലിൽ അവതരിപ്പിച്ചത്. ഇന്ത്യൻ ജനതയുടെ ശക്തമായ സാമ്രാജ്യത്വവിരുദ്ധ, പലസ്തീൻ അനുകൂല നിലപാടുകളുടെ സമ്മർദ്ദംമൂലം, സ്വാതന്ത്ര്യപ്രാപ്തി മുതൽ ഇന്ത്യ ഭരിച്ച ഗവൺമെന്റുകളെല്ലാം ഇസ്രായേലി കടന്നാക്രമണങ്ങൾക്കെതിരെ പലസ്തീനോടൊപ്പം നിലയുറപ്പിച്ചിട്ടുണ്ട്. എന്നാൽ ഇന്ന്, സാമ്രാജ്യത്വാഭിലാഷങ്ങൾ മുൻനിർത്തി ഇന്ത്യയിലെ ബൂർഷ്വാ ഗവൺമെന്റ് ആഗോള സാമ്രാജ്യത്വ ചേരിയുമായി എന്നത്തെയുംകാൾ അടുപ്പം പുലർത്തുകയും അമേരിക്കയും കൂട്ടാളികളുമായി അടുത്ത രാഷ്ട്രീയ-നയതന്ത്ര-സൈനിക ബന്ധങ്ങൾ സ്ഥാപിച്ചെടുക്കുകയുമാണ്. ഈ നയങ്ങളുടെ ചുവടുപിടിച്ച് ഇന്ത്യാഗവൺമെന്റ്, അമേരിക്കയുടെ വലംകൈ ആയ, പലസ്തീൻ ജനതയുടെ അവകാശങ്ങൾ ചവുട്ടിമെതിച്ച് അവരെ കൊന്നൊടുക്കിക്കൊണ്ടിരിക്കുന്ന, സയണിസ്റ്റ് ഇസ്രായേലുമായി സൗഹൃദബന്ധങ്ങളും സൈനിക സഖ്യങ്ങളും സ്ഥാപിക്കുന്നതിലേക്ക് തിരിഞ്ഞിരിക്കുകയാണ്. ഐക്യരാഷ്ട്രസഭയിലടക്കം വ്യത്യസ്ത സാർവ്വദേശീയ വേദികളിൽ ഇസ്രായേലിന്റെ ക്രൂരതകളെ അപലപിക്കുന്നതിൽനിന്ന് വിട്ടുനിൽക്കുന്ന ഇന്ത്യാഗവൺമെന്റിന്റെ നിലപാടിൽ പ്രകടമാകുന്നത് ഈ സാമ്രാജ്യത്വാനുകൂല ചായ്‌വ് തന്നെയാണ്.

ഇന്ത്യൻ ജനതയുടെ സാമ്രാജ്യത്വവിരുദ്ധ പാരമ്പര്യത്തിന് എതിരായ ഈ നടപടിയെ ഞങ്ങൾ ശക്തമായി അപലപിക്കുകയും ഇന്ത്യാ ഗവൺമെന്റ് ഇസ്രായേൽ അനുകൂല നിലപാടിൽനിന്ന് പിന്തിരിഞ്ഞ് പലസ്തീൻ ജനതയുടെ ന്യായമായ ആവശ്യങ്ങളോടൊപ്പം ഉറച്ച് നിലകൊള്ളണമെന്ന ഡിമാന്റ് ശക്തമായി ഉയർത്താൻ ഇന്ത്യൻ ജനതയോട് ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ●

# മിണ്ടാപ്രാണികൾക്കെതിരെ വീണ്ടും......

അന്ധമായ രാഷ്ട്രീയവൈരാഗ്യം മിണ്ടാപ്രാണികൾക്കുമേൽ തീർക്കുന്നതിന് കുപ്രസിദ്ധമായ പ്രദേശമാണ് മലബാർ. കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി പാമ്പുവളർത്തൽ കേന്ദ്രത്തിൽ വർഷങ്ങൾക്കുമുമ്പ് നൂറുകണക്കിനു പാമ്പുകളെയും മറ്റ് മൃഗങ്ങളെയും ഇരുട്ടിന്റെ മറവിൽ ചുട്ടുകൊന്നതിന് പിന്നിൽ കടുത്ത കുടിപ്പകയും അന്ധമായ രാഷ്ട്രീയ വൈരാഗ്യവുമായിരുന്നു. സമാനമായ ഒരു സംഭവമാണ് ഇക്കഴിഞ്ഞ ആഗസ്റ്റ് ഏഴാം തീയതി കോഴിക്കോട് ജില്ലയിലെ കാട്ടിലപ്പീടികയിൽ അരങ്ങേറിയത്.

കാട്ടിലപ്പീടികയിലെ എസ്‌യുസിഐ(സി)യുടെ സജീവപ്രവർത്തകനായ സി.ടി.രൂപേഷിന്റെ നാല്പത്തിമൂന്ന് വളർത്തുപ്രാവുകളെയാണ് കഴിഞ്ഞദിവസം രാത്രിയിൽ കഴുത്തറുത്ത് കൊന്നുകളഞ്ഞത്. സഖാവ് രൂപേഷിന്റെ ജീവനോപാധികളിലൊന്നായിരുന്നു പ്രാവുവളർത്തൽ.

"നിത്യവും പണിയെടുത്ത് ജീവിക്കുന്ന തൊഴിലാളിയാണ് ഞാൻ. ഇന്ത്യയിലെ യഥാർത്ഥ കമ്മ്യൂണിസ്റ്റ്പാർട്ടി എസ്‌യുസിഐ(സി) ആണെന്ന് മനസ്സിലായ നാൾ മുതൽ അതിൽ ചേർന്ന് പ്രവർത്തിക്കുക മാത്രമേ ഞാൻ ചെയ്തിട്ടുള്ളു. ദേശീയപാത- ബൈപാസിൽ പഞ്ചായത്ത് റോഡുകൾക്കു പ്രവേശനത്തിന് വേണ്ടിയും റോഡിന്റെ ഉയരം കുറക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഞാൻ സമരം ചെയ്തിട്ടുണ്ട്. അതിനെതിരെ നിൽക്കുന്നവർക്കെതിരെ പ്രചരണം നടത്തിയിട്ടുമുണ്ട്. അതാകട്ടെ ജനങ്ങളുടെ താൽപ്പര്യം പരിഗണിച്ചുമാത്രവുമാണ്. മറ്റൊരു തെറ്റും ഞാൻ ആരോടും ചെയ്തിട്ടില്ല". സ്ഥലം സന്ദർശിച്ച പോലീസ് ഉൾപ്പടെയുള്ളവരോടായി ഗദ്ഗദത്തോടെ രൂപേഷ് പറഞ്ഞു.

പോലീസിൽ പരാതിപ്പെട്ടത് കൂടാതെ ഈ സാമൂഹ്യദ്രോഹികളുടെ കിരാതമായ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് എസ്‌യുസിഐ(സി) കൊയിലാണ്ടി ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കാട്ടിലപ്പീടികയിൽ പ്രകടനവും പ്രതിഷേധയോഗവും നടന്നു. ചത്ത പ്രാവുകളെയും വഹിച്ചുകൊണ്ടുള്ള പ്രകടനവും പൊതുയോഗവും നൂറുകണക്കിനാളുകളുടെ പ്രതിഷേധമായി മാറി. തടിച്ചുകൂടിയ ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ പാർട്ടി ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് പി.എം.ശ്രീകുമാറിനെക്കൂടാതെ സഖാക്കൾ പ്രവീൺകുമാർ, മണിദാസ് കോരപ്പുഴ, സി.ടി.രൂപേഷ് തുടങ്ങിയവരും പ്രസംഗിച്ചു. ഇത്തരം കാടത്തങ്ങൾക്കെതിരെ മുഴുവൻ ജനങ്ങളും ഒന്നിക്കണമെന്നും എസ്‌യുസിഐ(സി) പ്രവർത്തകരെ ഭീഷണിപ്പെടുത്തി പ്രവർത്തനം തടയാമെന്ന് ആരും വ്യാമോഹിക്കേണ്ടെന്നും സഖാവ് ശ്രീകുമാർ തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. ●




കാട്ടിലപ്പീടികയിൽ നടന്ന പ്രതിഷേധയോഗത്തിൽ സഖാവ് സി.ടി.രൂപേഷ് പ്രസംഗിക്കുന്നു. കഴുത്തറക്കപ്പെട്ട പ്രാവുകൾ മേശപ്പുറത്തെ ട്രേയിൽ.

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/08/2015
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

UNITY
MALAYALAM MONTHLY

Vol 42 No.5
Price : Rs 5.00
August 2015

# വിളപ്പിൽശാല ചെറുത്തുനിൽപ്പ് സമര വിജയത്തിന്റെ മൂന്നാം വാർഷികം




മൂന്നാംവാർഷിക സമ്മേളനത്തിൽ അഡ്വ. കാളീശ്വരംരാജ് പ്രസംഗിക്കുന്നു. കാനായി കുഞ്ഞിരാമൻ, ഡോ.വി.വേണുഗോപാൽ, എസ്.ബുർഹാൻ, ജി.എസ്.പത്മകുമാർ, എസ്.രാജീവൻ, ഫ്രാൻസിസ് കളത്തുങ്കൽ, കെ.ജി. ജെയിംസ് എന്നിവരെ മുൻനിരയിൽ കാണാം.

**ജ**നകീയ സമിതിയുടെ നേതൃത്വത്തിൽ വിളപ്പിൽ നിവാസികൾ കൈവരിച്ച ചെറുത്തുനിൽപ്പ് സമരവിജയത്തിന്റെ മൂന്നാം വാർഷികം ആഗസ്റ്റ് 2-ന് വിളപ്പിൽശാലയിൽ ഗംഭീരമായി ആചരിക്കപ്പെട്ടു.

മൂന്നാം വാർഷിക സമ്മേളനം നടന്ന വിളപ്പിൽശാല രോഹിണി ആഡിറ്റോറിയത്തിലേക്ക് പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമനെയും പ്രഗത്ഭ നിയമജ്ഞൻ അഡ്വ.കാളീശ്വരം രാജിനെയും വിവിധ സമരമേഖലകളിലുള്ള നേതാക്കളെയും വിളപ്പിൽ നിവാസികൾ ബാന്റ് മേളത്തിന്റെയും താലപ്പൊലിയുടെയും മുത്തുക്കുടകളുടെയും അകമ്പടിയോടെയാണ് ആനയിച്ചത്.

തങ്ങളുടെ ജീവിതത്തെയും ഭൂപ്രദേശത്തെയും അടിമുടി മാറ്റിയ സമരവിജയം ആചരിക്കുന്നതിലൂടെ മാലിന്യകേന്ദ്രം വീണ്ടും തുറക്കാനുള്ള ഏതൊരു ശ്രമത്തെയും പരാജയപ്പെടുത്തുമെന്ന പ്രഖ്യാപനമാണ് വിളപ്പിൽ ജനത നടത്തുന്നതെന്ന് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച കെ.ജി.ജെയിംസ് അഭിപ്രായപ്പെട്ടു.

ജനകീയ ചെറുത്തുനിൽപ്പ് മൂലം മാലിന്യകേന്ദ്രം പ്രവർത്തനരഹിതമായതോടെ വിളപ്പിൽശാലയുടെ മുഖച്ഛായ മാറിയിരിക്കുകയാണെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത കാനായികുഞ്ഞിരാമൻ പറഞ്ഞു. തീക്ഷ്ണമായ സമരം നടന്നുകൊണ്ടിരുന്ന കാലയളവിൽ വിളപ്പിൽശാല സന്ദർശിച്ചപ്പോൾ അസഹ്യമായ ദുർഗന്ധം അനുഭവിക്കേണ്ടിവന്ന തനിക്കിപ്പോൾ നല്ല ശുദ്ധവായുവാണ് ശ്വസിക്കാൻ കഴിയുന്നതെന്ന് അദ്ദേഹം പറഞ്ഞു. ജനങ്ങളെ കബളിപ്പിച്ച് മാലിന്യകേന്ദ്രം വീണ്ടും തുറക്കാനുള്ള സാദ്ധ്യത കണക്കിലെടുത്ത് ജനങ്ങൾ അതീവ ജാഗ്രത പുലർത്തണമെന്ന് കാനായി കുഞ്ഞിരാമൻ അഭിപ്രായപ്പെട്ടു.

പ്രഗത്ഭ നിയമജ്ഞനും ജനകീയ സമിതിയുടെ അഭിഭാഷകനുമായ അഡ്വ.കാളീശ്വരം രാജിന് വിളപ്പിൽ നിവാസികളുടെ പേരിലുള്ള 'നീതിശ്രേഷ്ഠ' പുരസ്കാരം കാനായി കുഞ്ഞിരാമനും ജനകീയ സമിതി പ്രസിഡന്റ് എസ്.ബുർഹാനും ചേർന്നുനൽകി ആദരിച്ചു.

വിളപ്പിൽശാല ഒരു വലിയ പ്രതീകമാണെന്ന് അഡ്വ. കാളീശ്വരം രാജ് അഭിപ്രായപ്പെട്ടു. നഗരത്തിലെ മാലിന്യങ്ങൾ പേറാൻ വിധിക്കപ്പെട്ടവരല്ല ഗ്രാമവാസികൾ എന്ന പുതിയ ഒരു പരിസ്ഥിതി രാഷ്ട്രീയം വിളപ്പിൽ ജനത ലോകത്തിനുമുമ്പിൽ പ്രദർശിപ്പിക്കുകയും വിജയകരമായി അത് നടപ്പിലാക്കിക്കാണിക്കുകയും ചെയ്തു. വിളപ്പിൽശാലയിലെ ഇത്രയും മനോഹരമായ ഒരു സ്ഥലം മാലിന്യനിക്ഷേപത്തിനുവേണ്ടി തെരഞ്ഞെടുത്തതിനെ അദ്ദേഹം രൂക്ഷമായി വിമർശിച്ചു. ജനങ്ങൾ തെരഞ്ഞെടുത്ത അധികാരികൾക്ക്, അവരുടെ മസ്തിഷ്ക്കത്തിന് അവരുടെ ചിന്തകൾക്ക്, കാര്യമായ എന്തോ കുഴപ്പമുണ്ടെന്ന് അദ്ദേഹം നിരീക്ഷിച്ചു. ഒരു ജനാധിപത്യ സംവിധാനത്തിൽ ജനങ്ങളുടെ തീരുമാനമാണ് അന്തിമമെന്നും കോടതി ഉൾപ്പെടെയുള്ള എല്ലാ അധികാരസ്ഥാപനങ്ങളും ജനങ്ങൾക്കു വിധേയപ്പെട്ടവയാണെന്നും അഡ്വ. കാളീശ്വരം രാജ് ഓർമ്മിപ്പിച്ചു. വളരെ ശാസ്ത്രീയമായും കൃത്യമായ ആസൂത്രണത്തോടെയും സമരം നയിക്കുന്ന ജനകീയ സമിതിയെ കാളീശ്വരം രാജ് പ്രത്യേകം അഭിനന്ദിച്ചു.

കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി ഡോ. വി.വേണുഗോപാൽ മുഖ്യപ്രസംഗം നടത്തി. അടിയന്തിരപ്രാധാന്യമുള്ളതും തർക്കമറ്റതുമായ ജീവൽ പ്രശ്നങ്ങളുടെ പരിഹാരത്തിനായി കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങൾ ഒരുമിച്ചു പോരാടുക എന്ന കാഴ്ചപ്പാടോടെ, 1992 ൽ, ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെ നേതൃത്വത്തിൽ രൂപംകൊണ്ട ജനകീയ പ്രതിരോധ സമിതിക്ക്, സംസ്ഥാനത്തുടനീളം ചെറുതും വലുതുമായ നിരവധി ജനകീയ സമരങ്ങൾ വിജയകരമായി നയിക്കാൻ സാധിച്ചുവെന്നും അതിലൂടെ ജനങ്ങളോട് പ്രതിബദ്ധതയുള്ളവരും അനുഭവസ്ഥരുമായ പ്രവർത്തകരുടെ ഒരു വലിയ നിര സൃഷ്ടിക്കാൻ സാധിച്ചുവെന്നും അദ്ദേഹം പറഞ്ഞു. അത്തരത്തിൽ വാർത്തെടുക്കപ്പെട്ട ജനകീയ പ്രതിരോധ സമിതിയുടെ പ്രവർത്തകർ ഐതിഹാസികമായ വിളപ്പിൽശാല സമരത്തിന്റെ സംഘാടനത്തിലും നേതൃനിരയിലും നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്. അനവധിയായ വെല്ലുവിളികളെയും പ്രതികൂല സാഹചര്യങ്ങളെയും ധീരതയോടെ മറികടന്നതുകൊണ്ടാണ് വിളപ്പിൽ ജനതയ്ക്ക് ജനകീയ സമിതിയുടെ നേതൃത്വത്തിൽ മുന്നേറാനാവുന്നതെന്നും ഡോ. വേണുഗോപാൽ ചൂണ്ടിക്കാണിച്ചു.

ഭരണ-പ്രതിപക്ഷ പാർട്ടികളൊന്നടങ്കം വിളപ്പിൽശാല സമരത്തെ തുടക്കംമുതലേ അട്ടിമറിക്കാനാണ് ശ്രമിക്കുന്നതെന്ന് സ്വാഗത പ്രസംഗം നടത്തിയ ജനകീയ സമിതി പ്രസിഡന്റ് എസ്. ബുർഹാൻ കുറ്റപ്പെടുത്തി.വിളപ്പിൽശാല മാലിന്യകേന്ദ്രം അടച്ചുപൂട്ടിയതിന്റെ സർക്കാർ ഉത്തരവ് പുറത്തിറങ്ങും വരെ വിളപ്പിൽ ജനതയുടെ സമരം തുടരുമെന്ന് ബുർഹാൻ അഭിപ്രായപ്പെട്ടു.

ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള രാഷ്ട്രീയ പാർട്ടികൾ ജനകീയ സമരങ്ങൾക്ക് എതിരായ നിലപാടാണ് സ്വീകരിക്കുന്നതെന്ന് വിവിധ സമര മേഖലകളിൽനിന്ന് വന്ന നേതാക്കൾ കുറ്റപ്പെടുത്തി.

എസ്.രാജീവൻ (ചെങ്ങറ സമര സഹായസമിതി കൺവീനർ), ഫ്രാൻസിസ് കളത്തുങ്കൽ (മൂലമ്പിള്ളി സമര സമിതി), പി.ഗോപിപിള്ള, കെ.സുരേന്ദ്രകുമാർ (മൂക്കുന്നിമല സംരക്ഷണ സമര സമിതി), സാബു നാരായണൻ (കുട്ടനാട് നീലംപേരൂർ ജനകീയ സമര സമിതി), പ്രദീപ് കുമാർ (കാട്ടായിക്കോണം സമര സമിതി), ജി.എസ്.പത്മകുമാർ(എസ്‌യുസിഐ-കമ്മ്യൂണിസ്റ്റ്), എം.സുബൈർ (വ്യാപാരി വ്യവസായി ഏകോപന സമിതി), ആർ. ബിജു (വിളപ്പിൽശാല ഐക്യദാർഢ്യ സമിതി), ഡോ. കെ.പ്രസന്നകുമാർ, ജനകീയ സമിതി നേതാക്കളായ എൽ.ഹരിറാം, ജി.ആർ.സുഭാഷ്,എസ്.മിനി,സി.പി.മാധുരി സജീവ്, സി. ജ്ഞനദാസ്, പി.എസ്.രാജി, സബീന തുടങ്ങിവരും പ്രസംഗിച്ചു. സമ്മേളനത്തിന് മുന്നോടിയായി നൂറുകണക്കിന് ബൈക്കുകൾ പങ്കെടുത്ത വാഹന റാലിയും നടന്നു.

ജനകീയ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട മൂന്നാം വാർഷികാചരണ പരിപാടികളെ അട്ടിമറിക്കാൻ 'സംയുക്ത സമര സമിതി' അരയും തലയും മുറുക്കി രംഗത്തിറങ്ങിയെങ്കിലും, ജനങ്ങളുടെ മുന്നിൽ അവർ അപഹാസ്യരാവുകയാണുണ്ടായത്. കക്ഷിരാഷ്ട്രീയത്തിനതീതമായി രൂപംകൊണ്ട ജനകീയ സമിതിയുടെ നേതൃത്വത്തിൽ ചെറുത്തുനിൽപ്പ് സമരം വിജയിച്ച പശ്ചാത്തലത്തിലാണ്, തങ്ങളുടെ നിലനിൽപ്പ് ഭദ്രമാക്കാൻ വേണ്ടി കോൺഗ്രസ്, ബിജെപി, സിപിഐ(എം), സിപിഐ എന്നീ പാർട്ടികൾ ചേർന്ന് സംയുക്ത സമര സമിതി രൂപീകരിച്ചത്. മാലിന്യമല്ല, ഭീകരവാദമാണ് ആപത്ത് എന്ന മുദ്രാവാക്യം മുന്നോട്ടുവച്ചുകൊണ്ടാണ് അവർ ജനകീയ സമിതിക്കെതിരെ തിരിഞ്ഞിരിക്കുന്നത്. തങ്ങളുടെ പദ്ധതികൾ ഒന്നൊന്നായി പരാജയപ്പെടുന്നതനുസരിച്ച് ജനകീയ സമിതിയോടും സമരനേതാക്കളോടുമുള്ള അവരുടെ വൈരാഗ്യം മൂർച്ഛിച്ചുവരുന്നതായാണ് റിപ്പോർട്ട്. •

# മൽസ്യബന്ധന തൊഴിലാളി യൂണിയൻ വാർഷികസമ്മേളനം

**മ**ൽസ്യബന്ധന തൊഴിലാളി യൂണിയൻ അരൂർമേഖലാ വാർഷികസമ്മേളനം എഴുപുന്ന ശ്രീനാരായണപുരം എൽപി സ്കൂളിൽനടന്നു.പ്രതിനിധി സമ്മേളനം എഐയുറ്റിയുസി സംസ്ഥാനപ്രസിഡന്റ് സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്തു.



മത്സ്യബന്ധന തൊഴിലാളി യൂണിയൻ വാർഷിക സമ്മേളനം എഐയുടിയുസി സംസ്ഥാന പ്രസിഡന്റ് സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്യുന്നു

നെൽകൃഷിയും മൽസ്യകൃഷിയും ഇടവിട്ട് നടന്നുവരുന്ന 'ഒരുനെല്ല് ഒരുമീൻ' എന്ന സമ്പ്രദായമാണ് ഈ പ്രദേശങ്ങളിൽ നിലനിന്നിരുന്നത് എന്നാൽ രണ്ട് ദശാബ്ദമായി നെൽകൃഷിയെ അട്ടിമറിച്ചുകൊണ്ട് വർഷത്തിൽ മുഴുവൻ സമയവും ചെമ്മീൻ കൃഷി നടത്തിവരികയായിരുന്നു. 2012 മുതൽ പൊക്കാളി സംരക്ഷണ സമിതിയെന്ന ജനകീയപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്നുവന്ന പ്രക്ഷോഭണത്തിലൂടെ നെൽകൃഷി തിരികെ വരുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടു. നെൽകൃഷി തിരികെ വന്നതോടെ ഉൾനാടൻ പ്രദേശങ്ങളിൽ വർദ്ധിച്ചതൊഴിൽ സാധ്യതകൾ തൊഴിലാളികൾക്ക് ലഭിച്ചുതുടങ്ങി. എങ്കിലും ഇപ്പോഴും നെൽകൃഷി സാധ്യമല്ലെന്ന ന്യായത്തിൽ ചെമ്മീൻ കൃഷിമാത്രം നടത്തുന്ന പാടശേഖരങ്ങളും നിലവിലുണ്ട്. ചന്തിരൂർ വെളുത്തുള്ളി പാടശേഖരം, എഴുപുന്ന പാണ്ടോത്ത്കരി, വളമംഗലം തുടങ്ങിയ പ്രദേശങ്ങളിൽ ഇതിനെതിരെ പ്രക്ഷോഭവും നിയമനടപടികളും യൂണിയൻ നടത്തികൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് വാർഷിക സമ്മേളനം നടന്നത്. പൊക്കാളി സംരക്ഷണ സമിതിയോടൊപ്പം മൽസ്യബന്ധന തൊഴിലാളി യൂണിയനും ചേർന്ന് നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ പ്രദേശങ്ങളിലെ ജനാധിപത്യ വിശ്വാസികളിലെല്ലാം ഏറെ പ്രതീക്ഷയുണർത്തിയിട്ടുണ്ട്. ചെമ്മീൻ ലോബിയുടെ പണം പറ്റുന്ന രാഷ്ട്രീയക്കാരെയും ഉദ്യോഗസ്ഥരെയുമാണ് ഇക്കാലമത്രയും ജനങ്ങൾ കണ്ടിരുന്നത് എന്നാൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ പ്രവർത്തകരുടെ മുൻകൈയിൽ വളർന്നു വികസിച്ച ജനകീയ സമരവും നിരവധി മത്സ്യതൊഴിലാളി യൂണിറ്റുകളും ഇന്ന് പുതിയൊരു രാഷ്ട്രീയ പ്രവണത പ്രദേശത്ത് കാഴ്ചവയ്ക്കുകയാണ്.

ശ്രീനാരായണപുരത്ത് നിന്നാരംഭിച്ച പ്രകടനം എഴുപുന്ന പാറായിക്കവലയിൽ എത്തി പൊതുസമ്മേളനം ചേർന്നു. എഐയുടിയുസി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു. സഖാക്കൾ പി.ആർ.സതീശൻ, അഡ്വ.എം.എ. ബിന്ദു, കെ.ജെ.ഷീല, കെ.പി.മനോഹരൻ, പി.കൃഷ്ണകുമാർ, പി.കെ.ദിവാകരൻ, വർഗീസ്കുട്ടി, കെ.സ്.ശശിധരൻ, കെ.എ.വിനോദ് എന്നിവരും യൂണിയൻ ഭാരവാഹികളും പ്രസംഗിച്ചു.സഖാക്കൾ എൻ.കെ.ശശികുമാർ പ്രസിഡന്റും, എം.പി.കാർത്തികേയൻ, കെ.കെ.വിക്രമൻ, എം.കെ.വിജയൻ എന്നിവർ വൈസ് പ്രസിഡന്റുമാരും കെ.പ്രതാപൻ സെക്രട്ടറിയും സി.കെ. തിലകൻ,സി,വി അനിൽകുമാർ, ആർ.രതീഷ്, വി.ആർ.രതീഷ് എന്നിവർ ജോയിന്റ് സെക്രട്ടറിമാരും കെ.ബൈജു ട്രഷററുമായി 20 അംഗ എക്സിക്യൂട്ടീവ് കമ്മറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു. •

**മോദിസർക്കാരിന്റെ കോർപ്പറേറ്റ്, വർഗ്ഗീയ നയങ്ങൾക്കും സംസ്ഥാനത്തെ ജനദ്രോഹ അഴിമതി ഭരണത്തിനുമെതിരെ**

sk ]Xw_À
16

ഇടതുപക്ഷ ഐക്യമുന്നണി (എൽയുഎഫ്) നേതൃത്വത്തിൽ

**സെക്രട്ടേറിയറ്റ് മാർച്ച്**

RMP
SUCI(C)
MCPI(U)

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. Ph: 0471-2307151;
E-mail: unitymagazine@gmail.com; Website: www.kerala.sucicommunist.org on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.